Reg: No. M. 2689
T. 32.

License No: 427
Dated 14-8-1943.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൪൪ ജൂൺ ൫-ാംനു
൧൧൧൯ ഇടവം ൨൩-ാംനു തിങ്കളാഴ്ച

ലക്കം ൩൪
ഒറ്റപ്രതി അണ ൨

## അംഗീകാര്യമായ പ്രയത്നം

പ്രൊഫസർ ജെ. സി. കുമരപ്പാ

ഇൻഡ്യയിലെ ധനോല്പാദനം, ധനവിതരണം എന്നീകാര്യങ്ങളെപ്പററിയുള്ള ചർച്ച ഈ ലേഖനത്തിൽ നടത്തുന്നതാണ്. പ്രയത്നസമ്പൂർണ്ണമായ ഒരു ലോകത്തിൽ ജനങ്ങളാണല്ലോ കാര്യകർത്താക്കൾ. ഈ ജനങ്ങൾ ആര്? ഭൂമിക്ക് ഉഴുന്നവരും രക്ഷിക്കുന്നവരുമുള്ള നഗരവാസികളോ, പാതിപട്ടിണിക്കാരും ക്ഷാമബാധിതരുമായ ഗ്രാമവാസികളോ ആകാം. ഇതിൽ സംഖ്യാബലത്തിൽ പ്രാധാന്യം കരസ്ഥമാക്കിയിരിക്കുന്ന ഇൻഡ്യയിലെ ഗ്രാമവാസികളെ പററി ആലോചിക്കാം. സെൻട്രൽ പ്രോവിൻസിലെ ദൃവസ്ഥയെത്തെപ്പററി അന്വേഷിക്കാനേർപ്പെട്ടിരുന്ന ഇൻഡസ്ട്രിയൽ സർവ്വേകമ്മററിയുടെ റിപ്പോർട്ടിൽ ഒരു ആളിന്റെ വാർഷികവരുമാനം ൧൨-ക. യാണെന്നു പറഞ്ഞിരിക്കുന്നു. അതായത് മാസം ഒരു രൂപാചെലവുചെയ്യാനുള്ള ആദായം എന്ന്. നാം ഇതിൽ അധികം പ്രതിദിനം ചെലവാക്കുന്നുണ്ട്. കിഴവികൾ പുൽക്കതിരിൽ നിന്നും മണികൾ ശേഖരിച്ച് കാടിയുണ്ടാക്കി വയററിന്റെ ഇരുവശങ്ങളെയും ഞെക്കററിനിറുത്തുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഭാരതം നമ്മെ ആഹ്വാനം ചെയ്യുമ്പോൾ പട്ടിണിക്കാരായ ഈ ജനങ്ങളെപ്പററിയാണ് സ്മരിക്കേണ്ടതു്.

### "ക്രിസ്ത്യാനി" എന്നതിന്റെ അർത്ഥം

ക്രിസ്ത്യാനി എന്നപദംകൊണ്ട് നാം എന്തർത്ഥമാക്കുന്നു? "പ്രഭോ, പ്രഭോ" എന്നു പ്രാർത്ഥിക്കുന്നവരും പ്രഭുക്കളെപ്പോലെ ജീവിക്കുന്നവരുമായ ക്രിസ്ത്യാനി നാമധാരികളുണ്ട്. ഉദ്യോഗകയററത്തിനായി, ഭരണകൂടത്തിന്റെ സംഘടനയായ സഭയെ പററിനില്ക്കുന്ന ക്രിസ്ത്യാനികളുണ്ട്. ക്രിസ്തുവിന്റെ നിർവ്വചനമാണ് ഞാൻ സ്വീകരിക്കുന്നതു്. "സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നടത്തുന്നവരോ, അവനാണെന്റെ സഹോദരനും സഹോദരിയും പിതാവും" എന്നാണു ക്രിസ്തുപറഞ്ഞിട്ടുള്ളതു്, പിതാവിന്റെ ഇഷ്ടമെന്തെന്നു ക്രിസ്തുതന്നെ വിവരിച്ചിട്ടുണ്ട്. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ! എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻതന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻതന്നു ഞാൻ അതിഥിയായിരുന്നു; നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു, രോഗിയായിരുന്നു; നിങ്ങൾ എന്നെ കാണ്മാൻവന്നു. തടവിലായിരുന്നു; നിങ്ങൾ എന്റെ അടുക്കൽവന്നു. എന്റെ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു. ഇതാണ് ക്രിസ്ത്യാനികളുടെ കർത്തവ്യം. നമ്മുടെ രാജ്യം വിശക്കുന്നവർ, ദാഹിക്കുന്നവർ, അധഃസ്ഥിതർ, നഗ്നന്മാർ, രോഗികൾ, ദുഃഖാർത്തർ ഇവരാൽ നിറയപ്പെട്ടതാണ്. നാം ഇവരെപിന്തള്ളുകയോ ഭക്ഷിക്കാൻ കൊടുക്കുകയോ ചെയ്യേണ്ടതു? യോനാസിന്റെ മകൻ ശീമോനോടു ക്രിസ്തു "എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ആട്ടിൻകുട്ടികളെ തീററുക" എന്നു പറഞ്ഞതു നമ്മോടും കൂടിയാണ്. ക്രിസ്തുവിന്റെ ഭാഷയിൽ പറഞ്ഞാൽ "നിങ്ങളെല്ലാം വിററു പാവങ്ങൾക്കുകൊടുത്തു് കുരിശെടുത്തു എന്നെ അനുഗമിക്കുക" എന്നതാണ് നമുക്കു ലഭിച്ചിരിക്കുന്ന ആഹ്വാനം.

നമ്മുടെ തീരുമാനം നാം ഏതുമണ്ഡലത്തിൽ ജീവിക്കാനിച്ഛിക്കുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി ചെയ്യണം. "നമുക്ക്, മൃഗീയം, മാനുഷികം, ആദ്ധ്യാത്മികം" എന്നീ മൂന്നു മണ്ഡലങ്ങളിൽ ജീവിക്കാം. ജീവിതത്തെ ഏതു തോതുകൊണ്ട് വിലനിർണ്ണയം ചെയ്യുന്നുവോ അതനുസരിച്ച് ഈ മൂന്നിൽ ഒരു മണ്ഡലം നമുക്കു സ്വീകാര്യമാകുന്നു.

### മൃഗീയമണ്ഡലം

മൃഗങ്ങൾക്കു തങ്ങളുടെ ആവശ്യനിർവ്വഹണം ഇതരന്മാരെ എത്ര ബാധിക്കുന്നെന്ന വീണ്ടുവിചാരമില്ല; അവരുടെ താല്പര്യം പൂർണ്ണമായും ആത്മനിക്ഷിപ്തവും ജീവിതം വർത്തമാനകാലത്തിലുമാണ്. ഇതാണ് സാമ്രാജ്യപ്രഭുത്വത്തിനും മുതലാളിത്വത്തിനും ഇടം നൽകിയതു്. മനുഷ്യജാതിയുടെമേൽ പുരാതനറോം ആധുനിക ലണ്ടൻ, ന്യൂയോർക്ക് എന്നിവ കെട്ടിപ്പടുത്തതു് സാമ്രാജ്യപ്രഭുത്വവും മുതലാളിത്വവുമാണ്. ഇവരണ്ടും മനുഷ്യന്റെ ആവശ്യങ്ങളെ കൃത്രിമമായി വളർത്തുകയും ചെയ്തു. ആധുനികലോകത്തു് ആവർത്തിച്ചാവർത്തിച്ചു കേൾക്കുന്നതു് "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണോ?" എന്ന ചോദ്യമാണ്. ഈ വീക്ഷണത്തിന്റെ ഫലം ജപ്പാനിലും, യൂറോപ്പിലും, അമേരിക്കയിലും പ്രത്യക്ഷമായി. ഹിംസയെ സിംഹാസനാരോഹണം ചെയ്യിച്ച ജനങ്ങൾ "പൊൻകാളക്കുട്ടിയെ മുട്ടുകുത്തി ആരാധിക്കുന്നു. പണത്തിന്റെ തോതിലാണെല്ലാററിന്റേയും വില കല്പിക്കുന്നതു്. ഉല്പതിഷ്ണുക്കളുടെ ലക്ഷ്യം ആഡംബരജീവിതമായിരിക്കുന്നു. ഇതിനിടയിൽ ചിലർ ഒരു ശബ്ദം കേൾക്കുന്നു. "മൂഢാ! ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും,—പിന്നെ നീ ഒരുക്കിവച്ചതു് ആർക്കാകും?"

ഇൻഡ്യൻക്രിസ്ത്യൻസമുദായം ചൂഷകന്മാരായ സാമ്രാജ്യപ്രഭുക്കളുടെ വിഭവസമൃദ്ധമായ ഭക്ഷണപാത്രത്തിൽനിന്നു പൊഴിഞ്ഞുവീണ പററുകൾ പെറുക്കിയെടുക്കാൻ അനുകരണഭ്രമത്തോടുകൂടി അവരുടെ കാലടികളെ പിൻതുടരുന്നു. എന്നാൽ ഇളയതലമുറക്കാരിൽ ചിലർക്ക് ഇതിൽനിന്നൊഴിഞ്ഞുമാറാൻ താല്പര്യം കാണുന്നതു സന്തോഷാവഹംതന്നെ.

### മാനുഷികമണ്ഡലം

ജീവിതത്തിനു ഒരു ധാർമ്മികമൂല്യം കല്പിക്കണമെന്ന ഉദ്ദേശമുണ്ടായതോടുകൂടി അയൽക്കാരോടുള്ള ചില കർത്തവ്യക്രമങ്ങൾ പരിപാടിയിൽ പെടുത്താൻ മനുഷ്യൻ ഉദ്യമിച്ചു തുടങ്ങി. കർത്തവ്യബോധം വർദ്ധിക്കുകയും അവശ്യമായി എന്നർത്ഥം. മതാനുഷ്ഠാനവും സമുദായാചാരവുംകൊണ്ട് മനുഷ്യൻ ഒരു മാന്യനിലയിൽ എത്തുന്നു. എന്നാൽ സഹജീവിസ്നേഹം വർഗ്ഗത്തെയോ സംഘത്തെയോ കവിഞ്ഞുവരുന്നില്ല. വർഗ്ഗവിചാരത്തിനു പ്രാധാന്യം നൽകുന്നു. അങ്ങനെചെയ്യുന്നവർ "ആദ്യമായി പിതാവിനെ സംസ്കരിക്കയും, വീട്ടിലുള്ളവരോടു യാത്രപറകയും ചെയ്യാൻ അനുവാദം ചോദിക്കുന്നവരാണ്. എന്നാൽ മറുപടി ഇതാണ്. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ. നീയും എന്റെ കൂടെ വരിക; കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല".

നമ്മിൽ ഭൂരിപക്ഷം ഈ മണ്ഡലക്കാരാണ്. നമ്മുടെ കുടുംബഭാരവും ചുമതലയും അന്തരാത്മാവിന്റെ നിർദ്ദേശം അനുസരിക്കുന്നതിൽനിന്ന് നമ്മെ പിൻവലിക്കുന്നു." എന്നാൽ "എന്നെക്കാൾ അധികം അപ്പനെയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല, എന്നെക്കാളധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല, കുരിശെടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല". മൃഗീയമണ്ഡലത്തിൽകണ്ട ഭൗതികവിചാരങ്ങൾക്ക് ഉപരിചരിക്കുന്നതാൻ സാധിച്ചെങ്കിലും ലോകകാര്യങ്ങളെപ്പററിയുള്ള വ്യാകുലതയും ധനത്തിന്റെ വഞ്ചകത്വവും തടസ്സമായിരിക്കുകയും, ദിവസവും കുരിശെടുത്തു ക്രിസ്തുവിനെ അനുഗമിപ്പാൻ തയ്യാറാകാത്തതുകൊണ്ട് ജീവിതം നിഷ്ഫലമാകയുംചെയ്യുന്നു. ഗദരേനരെപ്പോലെ നാം നമ്മുടെ അയൽക്കാരെക്കാൾ പന്നിയെ ഇഷ്ടപ്പെടുകയും പിരിഞ്ഞുപോകാൻ ക്രിസ്തുവിനോടപേക്ഷിക്കയും ചെയ്യുന്നു.

### ആദ്ധ്യാത്മികമണ്ഡലം

കുന്നിലെ പാടകൾ നീങ്ങുമ്പോൾ "മനുഷ്യൻ ഭക്ഷണംകൊണ്ടുമാത്രമല്ല ജീവിക്കുന്നതെ"ന്നു മനസ്സിലാകും. ജീവിതമൂല്യത്തെ മാററി ചില മാനദണ്ഡംകൊണ്ടളക്കേണ്ടതു്. നാം ചോദിക്കും:—ഭൂലോകംമുഴുവൻ സമ്പാദിക്കയും ആത്മാവു നഷ്ടപ്പെടുകയും ചെയ്യുന്നവൻ എന്താണു ലാഭിക്കുന്നതു്. എന്നു്. നിർദ്ധനയായ വിധവ ചെറിയ ചെമ്പുതുട്ടുകൾ വഞ്ചിയിലിട്ടപ്പോൾ മററെല്ലാവരുടേയും കാണിക്കയേക്കാൾ ആ തുട്ടുകൾക്കു വിലയേറുമെന്നു് ക്രിസ്തു പറഞ്ഞതിന്റെ സാംഗത്തികയാഥാർത്ഥ്യം നാം ഗ്രഹിക്കയും ജീവിതം ഭക്ഷിക്കാൻ മാത്രമല്ലെന്നും ശരീരം വസ്ത്രധാരണം ചെയ്യാൻമാത്രമല്ലെന്നും സ്പഷ്ടമാകയുംചെയ്യും. ഈ ആദ്ധ്യാത്മികമണ്ഡലമാണ് ക്രിസ്തുവിന്റെ മണ്ഡലം, ഇവിടെയാണല്ലോ നമ്മതിന്റെ അനുഗാമികൾ എത്തേണ്ടതു്.

അന്യന്മാരെ അടിച്ചമർത്താതെ അധഃസ്ഥിതിയിൽനിന്നു പിടിച്ചുണർത്താൻ ക്രിസ്തുവിൽ വിശ്വാസമുള്ളവർ ശ്രമിക്കണം.

### വിലനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ

ആദ്ധ്യാത്മികമണ്ഡലത്തിൽ പ്രവൃത്തികളെ തരംതിരിക്കുന്നതു് അവയുടെ ഭൗതികമൂല്യംകൊണ്ടോ അവ മനുഷ്യന്റെ ആവശ്യങ്ങളെ എങ്ങനെ നിറവേററുന്നെന്നു പരിഗണിച്ചോ അല്ല; പ്രത്യുത അവയുടെ ആന്തരോദ്ദേശംകൊണ്ടും ഭാവിഫലങ്ങളെ കണക്കാക്കിയും ശാശ്വതമായ ആദ്ധ്യാത്മികതത്വങ്ങൾ അടിസ്ഥാനപ്പെടുത്തിയുമാണ്. വിലനിർണ്ണയവിഷയത്തിൽ ഇതു നൂതനമാർഗ്ഗമല്ല. അതുല്ലാം ഗുഹയിൽവച്ചു ദാവീദുരാജാവ് ബേത്ലഹേം പട്ടണവാതുക്കലെ കിണററിൽനിന്നു കോരിച്ച വെള്ളം കുടിക്കാൻ ആഗ്രഹിച്ചതു നിങ്ങൾ ഓർക്കണം. അദ്ദേഹം പലസ്ത്യരുമായി യുദ്ധത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. പലസ്ത്യർ ദാവീദിനും ബേത്ലഹേമിനും മദ്ധ്യേ പാളയമടിച്ചിരുന്നു. രാജാവിന്റെ ആഗ്രഹത്തെപ്പററി കേട്ട മൂന്നു ധീരന്മാർ ജീവനപേക്ഷിച്ചു ശത്രുനിരകളെ ഭേദിച്ച് മേൽപറഞ്ഞ കിണററിൽനിന്ന് വെള്ളംകൊണ്ടുവന്നു് രാജാവിനു് കൊടുത്തു. എന്നാൽ ദാവീദ് അതു കുടിച്ചില്ല. അദ്ദേഹം അതു് യഹോവക്ക് നിവേദിച്ചൊഴിച്ചു. അനന്തരം ദാവീദ് പറഞ്ഞു. "ഇതു ചെയ്യാൻ എന്റെ ദൈവം എനിക്ക് സംഗതിവരുത്തരുതേ; തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ചുപോയ പുരുഷന്മാരുടെ രക്തം ഞാൻ കുടിക്കുകയോ?" മൃഗീയമണ്ഡലത്തിൽനിന്നു വിലനിർണ്ണയംചെയ്യുമ്പോൾ അതു് ഒരുകുടം വെള്ളമല്ലാതെ മററൊന്നുമല്ല. മാനുഷികമണ്ഡലത്തിലാകട്ടെ പണിപ്പെട്ടുകിട്ടിയ വെള്ളം കുടിക്കാൻലഭിച്ചതു ഭാഗ്യകരമായി കരുതും. എന്നാൽ ആദ്ധ്യാത്മികവീക്ഷണത്തിൽ ഇതു് അധ്വാനകവീക്ഷണത്തിന്റെയും അശ്ലീലത്തിന്റേയും രസായോഗഫലമല്ല; ഈശ്വരാർപ്പിച്ച മനുഷ്യരക്തബലിയാണ്. ബെഥനിയെ കുഷ്ഠരോഗിയായ ശീമോന്റെ ഗൃഹത്തിൽവച്ച് ഒരു സ്ത്രീ ധവളശിലാനിർമ്മിതമായ തന്റെ പേടകത്തിൽ വിലയേറിയ സുഗന്ധതൈലമെടുത്തു ക്രിസ്തുപാദങ്ങളെ അഭിഷേകം ചെയ്തപ്പോൾ യൂദാ ഈ ധനദുർവ്വിനിയോഗത്തിൽ കോപിക്കയും ക്രിസ്തു അതിന്റെ നിഗീർണ്ണാർത്ഥത്തെ പ്രശംസിക്കയുംചെയ്തതോർക്കുമല്ലോ. വിധവയുടെ ചെമ്പുകാശിനു ക്രിസ്തു വിലമതിച്ചതു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു.

കച്ചവടക്കാരൻ ഒരു വസ്തുവിനെ പ്രയോജനംകൊണ്ടും ഗൃഹസ്ഥൻ മമതകൊണ്ടുംവിലകല്പിക്കുന്നു. ആദ്ധ്യാത്മജ്ഞാനിവസ്തുക്കൾക്കുതാതിന്റെ ശാശ്വതമാഹാത്മ്യമനുസരിച്ചുള്ള വിലകാണുന്നു. ഇങ്ങനെ വിലനിർണ്ണയത്തിനുള്ള ശേഷിപ്രാർത്ഥനയും ഉപവാസവുംകൊണ്ടു ലഭിക്കേണ്ടതാകുന്നു. മനസ്സ് പ്രത്യേക പരിശീലനംകൊണ്ട് സംസ്കരിച്ചെങ്കിലേ ശാശ്വത ആദ്ധ്യാത്മികമാനദണ്ഡത്തിന്റെ ബോധം ലഭിക്കു; ഈ ബോധത്തോടുകൂടി നാം ഇൻഡ്യയുടെ ആഹ്വാനംകൈക്കൊള്ളണം.

### നമ്മുടെ ഉദ്യമം

ഇൻഡ്യയിലെ ലക്ഷോപലക്ഷം ആളുകൾക്കു ഭക്ഷണവും വസ്ത്രവും കൊടുക്കുന്നതു ഭീമമായ ജോലിയാണ്. "ഈ മരുവിൽ ഇത്രവലിയ ജനാവലിയ്ക്കു കൊടുക്കാൻ ഭക്ഷണമെവിടെ" എന്നു ക്രിസ്തുശിഷ്യനെപ്പോലെ നാം ചോദിക്കും. എന്നാൽ യൂറോപ്പിവിശ്വാസത്തോട് അയലത്തുതന്നെ ജോലിയാരംഭിക്കയാണ് നമ്മുടെ കർത്തവ്യം. സന്ദേഹത്തിന്റെ കുണിക്കുണ്ടെങ്കിൽ പത്രോസിനെപ്പോലെ നാം വെള്ളത്തിൽതാഴും.

### പ്രയത്നപദ്ധതി

ഗാന്ധിജി നാം ചെയ്യേണ്ട ജോലിയുടെ പ്ലാൻ വരച്ചിട്ടുണ്ട്. നമ്മിലോരോരുത്തരും അവരിലോരോരുത്തരുടെ മൂലകളെ ലത്തിച്ചുററും പ്രകാശംപരത്തണം. "നമ്മുടെ സൽപ്രവൃത്തികൊണ്ട് അവിടെയുള്ള ജനം സ്വർഗ്ഗസ്ഥനായ പിതാവിനെ വാഴ്ത്തട്ടെ." ഈ പ്രശ്നത്തെ ഉല്പാദനം ഉപഭോഗം എന്നീ രണ്ടു കാര്യങ്ങളിലൂടെ കൈകാര്യംചെയ്യണം.

### ഉല്പാദനം

നാം മുമ്പു കണ്ടതുപോലെ പൊതുജനങ്ങളുടെ നിർദ്ധനത വിസ്മയാവഹമാണ്.

(ശേഷം എട്ടാംപേജിൽ)

ചെറുകഥ

# 'ഉപവാസത്തിന്റെ മാറ്റൊലി'

രത്നമയീദേവി

"സർദാർ സാഹേബ്! ഇനിയെങ്കിലും അല്പം ബുദ്ധിയോടെ പ്രവർത്തിക്കണം. കാലം പിഴച്ചിരിക്കയാണ്." രാമസിംഗിന്റെ സ്വരത്തിൽ ചിന്തയും ഭയവും ഇടകലർന്നിരുന്നു.

"എന്താപ്പനേ! ഇന്നെന്താണ് ഒരു പുതുമ?" വെറും സാധാരണ ഭാവത്തിലാണ് സർദാർ ബഹദൂർസിംഗ് ചോദിച്ചത്.

കാളേജ് ലഹളകൾമൂലം എത്രയോ ദിവസത്തിനുമുമ്പുതന്നെ പൂട്ടിക്കഴിഞ്ഞിരുന്നു. പ്രൊഫസർ സാഹബ് തന്റെ വായനമുറിയിൽ ഇരിക്കുകയായിരുന്നു. രാമസിംഗ് തന്റെ ചിന്തയുമായി അവിടത്തന്നെ കടന്നുകൂടി. അദ്ദേഹത്തിനെ കണ്ട ഉടനെ തന്റെ വിചാരധാര പ്രകടിപ്പിക്കയും ചെയ്തു. പക്ഷേ തന്റെ വ്യാകുലപൂർണ്ണമായ അപേക്ഷയേയും വെറും സാധാരണരീതിയിലുള്ള മറുപടികൊണ്ട് തന്നെ അദ്ദേഹം സ്വാഗതം ചെയ്യുന്നതായിക്കണ്ട്, രാമസിംഗ് വിക്ഷുബ്ധനായി.

"പുതുമയോ?" രാമസിംഗിന്റെ ശബ്ദം അക്ഷമയെ സൂചിപ്പിച്ചിരുന്നു. "പുതുമ ഇതുതന്നെ. ഹിന്ദുവെന്നോ സിക്ക് എന്നോ ഉള്ള പേരിൽ ഇന്ന് നാം മാത്രമേ ഈ മണ്ഡിഗോമറിയിൽ ശേഷിച്ചിട്ടുള്ളൂ."

"അതും നന്നായി." പ്രൊഫസർസാഹബ് പുഞ്ചിരിക്കൊണ്ടു. "നമ്മുടെ പ്രാന്തം 'അഹിന്ദുപ്രാന്ത'മാകാതെ കഴിഞ്ഞു"

"നമ്മൾ നാലഞ്ചുപേരെക്കൊണ്ട്, ഈ വലിയ പട്ടണം "സഹിന്ദുപ്രാന്ത"മായിപ്പോമോ?" രാമസിംഗിന്റെ മനോമാലിന്യം പുറത്തു ചാടി.

"എന്റെ രാമസിംഗ്ജീ! അല്പം ക്ഷമിച്ചു കേൾക്കണേ! നമ്മൾ എന്നുവച്ചാൽ, നമ്മുടെ കുടുംബം മുഴുവൻ, എല്ലാംകൂടി അമ്പതാളുകളിൽ കുറവല്ല. പിന്നെ നമ്മുടെ അതിഥികളായി കഴിഞ്ഞുകൂടുന്ന മറ്റുള്ളവരും. നമ്മൾ എത്ര അധികം പേരായി?"

പ്രൊഫസർ ബഹദൂർസിംഗിന്റെ ഭവനം അനവധി സമാനധർമ്മികൾക്ക് ശരണം നൽകിയിരുന്നു. ജൂൺ മൂന്നാംതീയതിമുതൽ ആഗസ്റ്റ്മാസംവരെയുള്ള സംഭവങ്ങൾമൂലം സ്വഭവനവും സ്വദേശവും വിട്ട് ഓടിപ്പോരേണ്ടിവന്ന പലർക്കും, സമാധാനവും ധൈര്യവും നൽകി തന്റെ ഗൃഹത്തിൽതന്നെ ഇദ്ദേഹം താമസിപ്പിച്ചിരുന്നു. രാമസിംഗിന്റെ ഉദ്ദേശം വഴിച്ചുകൊണ്ടുതന്നെ ഇരുന്നു.

"കൊള്ളാം. ഇവരെയും എല്ലാം ഒന്നോടെ മരണത്തിന്റെ വായിലേക്ക് പിടിച്ചെറിയാനാണങ്ങ് ആഗ്രഹിക്കുന്നത്?

"അല്ല, എന്റെ കുട്ടി! അവരെ മൃത്യുമുഖത്തിലല്ല നിത്യഅമരത്വത്തിലേക്ക് വഴികാണിക്കുകയാണ് ഞാൻ ചെയ്യുന്നത്!" ബഹദൂർസിംഗജിയുടെ സരസത തെളിഞ്ഞുതന്നെ പ്രകാശിച്ചു. രാമസിംഗിന്റെ മനസ്സ് പതറുകയായിരുന്നു.

നാലുപുറവും ഭയങ്കരത അത്യാചാരവും ഹിംസയും പരന്നുകഴിഞ്ഞിരിക്കുന്നു. രക്ഷയ്ക്കുള്ള ഒരു വഴിയും കാണുന്നില്ല. ഈ ഭീഷണസന്ദർഭത്തിലും ഈ കിഴവന് നേരമ്പോക്കാണ് തോന്നുന്നത്! രാമസിംഗിന് ദേഷ്യംവന്നു. "അങ്ങെന്തു പറയുന്നുവെന്ന് അങ്ങേയ്ക്കുതന്നെ അറിയാമോ ജ്യേഷ്ഠ! അമരത്വത്തിലേക്ക് വഴികാണിക്കുന്നു! നേരേ അഗ്നിരഥത്തിലിരുത്തി സ്വർഗ്ഗത്തിൽതന്നെ കൊണ്ടെത്തിക്കുന്നവർ വരുന്നുണ്ട്. അധികം താമസമില്ല. അപ്പോൾ കാണാം."

സർദാർജി മറുത്തൊന്നും പറഞ്ഞില്ല. അദ്ദേഹം രാമസിംഗിനെ വളരെക്കാലമായി അറിഞ്ഞിരുന്നു. ആദ്യം ഗുരുവും പിന്നീട് സഹചാരിയും എന്ന നിലകളിൽ, പിതാവിനെപ്പോലെയോ ജ്യേഷ്ഠഭ്രാതാവിനെപ്പോലെയോ രാമസിംഗജിയും പ്രൊഫസറെ സ്നേഹിക്കയും ആദരിക്കയും ചെയ്തിരുന്നു. കാരണമില്ലാതെ ക്ഷോഭിക്കുന്ന ചപലനല്ല രാമസിംഗ് എന്ന് അദ്ദേഹത്തിനും അറിയാമായിരുന്നു. അതിനാൽ ഈ പ്രത്യക്ഷക്ഷോഭത്തിന് കാരണമെന്തെന്നാരായുന്ന മട്ടിൽ അദ്ദേഹം രാമസിംഗിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. രാമസിംഗാകട്ടെ ഇനിയെന്താ പറയേണ്ടത് എന്ന ചിന്തയിൽ മുഴുകി മൗനംതന്നെ ദീക്ഷിച്ചു.

സമയം കടന്നുപൊയ്ക്കൊണ്ടിരുന്നു. വെടിയുടെ ശബ്ദങ്ങൾ. മാളികകൾ പൊളിഞ്ഞുവീഴുന്ന ശബ്ദം, മനുഷ്യരുടെ ആർപ്പുവിളികൾ, ഘാതകരുടെ ഘോരാട്ടഹാസങ്ങൾ ഇവയാൽ പുറമേ അന്തരീക്ഷം മുഖരിതമായിരുന്നു, ആ വിശാലഭവനത്തിനുള്ളിലാകട്ടെ ഒരു ഭയാനകനിശ്ശബ്ദത പരന്നിരുന്നു. രാമസിംഗിന്റെ ഹൃദയം സംഭ്രമിച്ചുഴന്നു.

"ജ്യേഷ്ഠാ" അയാൾ വിളിച്ചു.

"എന്താണനുജാ!" സർദാർജി സാന്ത്വനസ്വരത്തിൽ ചോദിച്ചു,

"നമുക്ക് ഉടനേ ഇവിടം വിടുകതന്നെ വേണം."

"അസംഭവമാണനുജാ! അതു്" അദ്ദേഹത്തിന്റെ സ്വരം ശാന്തമെങ്കിലും സുദൃഢമായിരുന്നു.

"എന്തുകൊണ്ടസംഭവം? ജ്യേഷ്ഠാ! ഇതു് ശാഠ്യംപിടിക്കാനുള്ള സമയമല്ല. വിവേകത്തോടെ പ്രവർത്തിക്കുകയാണിപ്പോൾ വേണ്ടതു്."

"അനുജാ! ഇതു് ശാഠ്യമല്ല. ആദർശമാണ്. നിനക്കറിയാം പ്രാണൻ എനിക്കത്രത്തോളം പ്രിയപ്പെട്ടതല്ലെന്ന്."

"പക്ഷേ, അവിടത്തെ ആശ്രയിച്ചിരിക്കുന്ന ഈ ശരണാർത്ഥികൾ? അവരുടെ ഗതിയെന്തു്?" രാമസിംഗ് ഓർമ്മിപ്പിച്ചു.

"അവർ എന്റെ ആശ്രയത്തിലല്ല ജീവിക്കുന്നതു്, രാമസിംഗ്ജീ! ഭഗവാന്റെ ആശ്രയത്തിലാണ്. ഞാൻ വെറും നിമിത്തംമാത്രം!"

"ആയിരക്കണക്കിനാണ് ഘാതകന്മാർ വരുന്നതു ജ്യേഷ്ഠാ! അവിടത്തെ വേദാന്തമൊന്നും അവരുടെ മുമ്പിൽ ചിലവാകുകയില്ല. ഒരുനിമിഷത്തിനുള്ളിൽ സർവ്വവും ഭസ്മമായിത്തീരും." രാമസിംഗിന്റെ ധൈര്യം ചോർന്നുതുടങ്ങി.

"പിന്നെ നീ എന്താണാഗ്രഹിക്കുന്നതു്? നാം ഓടിപ്പോകണോ?" സർദാർജിയുടെ ക്ഷമയ്ക്കും അതിർ കണ്ടുതുടങ്ങി.

"ഇനിയും സമയമുണ്ട്: അങ്ങയെ സഹായിക്കുവാൻ ഇപ്പോഴും തയ്യാറുള്ളവരുണ്ട്, അങ്ങ് സമ്മതം മൂളിയാൽ മാത്രം മതി."

"അതെ. എന്റെയും അപേക്ഷ ഇതുതന്നെയാണ് സർദാർ സാഹബ്!" വാതിൽക്കൽനിന്നും ഈ ശബ്ദംകേട്ട് രണ്ടുപേരും ഒന്നുഞെട്ടി. മൗലവി പീയർ മഹമ്മദ് ഖാൻ അകത്തുകടന്നു.

"വരണം, വരണം മൗലവിസാഹബ്! വളരെ ദിവസങ്ങളായല്ലോ കണ്ടിട്ട്!" സ്നേഹാദരങ്ങളോടെയാണ് സർദാർജി അദ്ദേഹത്തെ സ്വാഗതംചെയ്തതു്. മൂന്നുപേരും യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരായി. പക്ഷേ ഒന്നും പറയുവാൻ ആർക്കും ധൈര്യമില്ലാത്തതുപോലെ കാണപ്പെട്ടു. ഒടുവിൽ പ്രൊഫസർ ബഹദൂർ സിംഗജിതന്നെ മൗനഭംഗം ചെയ്തു.

"എന്താ? മൗലവി സാഹബ്! മിണ്ടാതിരിക്കുന്നതെന്തു്?"

ഖാൻ സാഹബ് കണ്ഠംതെളിച്ചു. "ഒന്നുമില്ല. അല്ല, ഞാനു പറയുകയായിരുന്നു, കാലം പോയ പോക്കേ! നമുക്കു വളരെ സൂക്ഷിച്ചിരിക്കേണ്ടിവന്നിരിക്കുന്നു."

"കാലം എപ്പോഴും ഒന്നുപോലെതന്നെ മൗലവിസാഹബ്!" സർദാർ സാഹബ് ചിരിച്ചുകൊണ്ടു പറഞ്ഞു.

"അതു് ശരിതന്നെ......എങ്കിലും..." മൗലവിയുടെ സംഭ്രമം മറച്ചിട്ടും മറഞ്ഞില്ല." ഞാൻ പറഞ്ഞതിന്റെ അർത്ഥം, സർദാർജീ! അല്ല....രാമസിംഗജി! നിങ്ങൾക്ക് മനസ്സിലാകുമല്ലോ. ജനങ്ങൾ ഇയ്യിടെ ഭ്രാന്തരായിരിക്കയാണ്. അതുകൊണ്ട് സൂക്ഷിച്ചിരിക്കേണ്ടതാവശ്യമാണ."

സർദാർജിയുടെ ചിരി അടക്കിയിട്ടും അടങ്ങാതെയായി.

"നന്നായി! ഞാൻ, മൗലവീസാഹബ്! നിങ്ങളെ ഭയപ്പെടണം, നിങ്ങൾ എന്നെ ഭയപ്പെടണം! ഛേ്ഹ? അങ്ങു് ഉർദ്ദുവും ഞാൻ ഇംഗ്ലീഷും ഈ കുട്ടികളെ പഠിപ്പിച്ചുപഠിപ്പിച്ച് നമ്മൾ രണ്ടുപേരും ഇത്രത്തോളം വയസ്സന്മാരായി. നമ്മുടെ ഈ താടിമീശ ഇക്കാണുന്ന ഇരുപതുകൊല്ലങ്ങളായി ഒരുമിച്ച് നരച്ചുവരികയാണ്. ഞാൻ നിങ്ങളെ ഭയപ്പെട്ട്, ഒരു പരിചയവുമില്ലാത്ത ഒരു പരദേശി കരതാർസിംഗിന്റെ അടുക്കൽ ഓടിപ്പോകണമെന്നാണോ മൗലവിസാഹബ്! നിങ്ങൾ ഉപദേശിക്കുന്നതു്?"

ഖാൻസാഹബ് എന്തുത്തരമാണു പറയുക? പക്ഷേ രാമസിംഗ് മിണ്ടാതിരിക്കുന്നതെങ്ങനെ? ജ്യേഷ്ഠാ! മൗലവിസാഹബ് പറയുന്നതു് എല്ലാപേരും പീയർമഹമ്മദ്ഖാൻ സാഹബാകാൻ സാദ്ധ്യമല്ല. അതുകൊണ്ട്, സമയവും സൗകര്യവും അനുസരിച്ചു പ്രവർത്തിക്കയാണ് ബുദ്ധി എന്ന കാര്യം അയാൾ സ്പഷ്ടമാക്കി.

"അതെ. അതാണ് ഞാനും പറയുന്നതു്" ഖാൻസാഹബ് അനുമോദിച്ചു. ജനങ്ങൾ ഒതുക്കിയാലൊതുങ്ങാത്ത പതനത്തിലെത്തിയിരിക്കയാണ്. അതുകൊണ്ട്—

"അതുകൊണ്ട്?" ബഹദൂർ സിംഗജിയുടെ സ്വഭാവവും ആഗ്നേയമായിത്തുടങ്ങി—അതുകൊണ്ട് തന്റെ വീടും നാടും നാട്ടുകാരെയും ബന്ധുക്കളെയും ഉപേക്ഷിച്ച്, ഭീരുവായി ഓടിയൊളിക്കണം. അങ്ങിനെ ക്രൂരന്മാരായ മനുഷ്യപിശാചുക്കൾക്കു നൃത്തംചെയ്യാനുള്ള രംഗംതെളിച്ചുകൊടുക്കണം.

"അങ്ങ് ഇവിടെത്തന്നെ ഉറച്ചിരുന്നാൽ, എന്താ അവരുടെ ക്രൂരത കുറയുമെന്നു കരുതുന്നുണ്ടോ?" രാമസിംഗിനു മൗനം ദീക്ഷിക്കുക അസാദ്ധ്യമായിത്തീർന്നുപോയി.

"തടുക്കുവാൻ സാധിച്ചില്ലെങ്കിൽ, ആ പ്രയത്നത്തിൽ പ്രാണൻ ഉപേക്ഷിക്കുവാനാണ ഞാൻ നിശ്ചയിച്ചിരിക്കുന്നതു്" സർദാർജി ഉറപ്പിച്ചു പറഞ്ഞു.

"അങ്ങയുടെ കുടുംബങ്ങൾ, അങ്ങയെ വിശ്വസിച്ചിരിക്കുന്ന ശരണാർത്ഥികൾ?" ഇത്തവണ ചോദിച്ചതു് മൗലവിയായിരുന്നു.

"അതെ. അവരും എന്നോടൊരുമിച്ചു ജീവിക്കയോ മരിക്കയോ ചെയ്യും. ഹിംസയുടെ മുമ്പിൽ ഭീരുക്കളായി ഓടാതെ അഹിംസാധർമ്മത്തിൽ ഉറച്ചുനിന്നു വിജയിക്കുവാനോ മരിക്കുകയോ ചെയ്യുവാൻ ഞാൻ അവരെ പഠിപ്പിക്കും."

സർദാർജിയുടെ വാക്കുകൾ കേട്ട് കൂട്ടുകാർ രണ്ടുപേരും സ്തബ്ധരായിരുന്നുപോയി. സർദാർജിയുടെ ഭവനം അന്ന് ആക്രമിച്ച് നഷ്ടമാക്കുവാൻ ഒരുസംഘം ആക്രമണകാരികൾ നിശ്ചയിച്ചുറച്ചിരുന്ന വർത്തമാനം അറിഞ്ഞ് ഏതുവിധത്തിലും അവരെ സുരക്ഷിതരായി പട്ടണത്തിൽനിന്നും പുറത്തയയ്ക്കാനുള്ള ആഗ്രഹത്തോടെയാണ് മൗലവി പീയർ മഹമ്മദ ഖാൻ അവിടെ വന്നുചേർന്നതു്. ഇവിടത്തെ മട്ടുകണ്ട്, തന്റെ ഉദ്ദേശം സഫലമാകയില്ലെന്നറിഞ്ഞ് കുണ്ഠിതനായി അദ്ദേഹം എന്തോ ആലോചിക്കുകയായിരുന്നു. പെട്ടെന്ന് സർദാർജി ചോദിക്കയാണ്, "മൗലവിസാഹബ്! അങ്ങേയ്ക്കറിയാമോ നമ്മുടെ ബാപ്പു കൽക്കത്തായിൽ ഉപവാസംതുടങ്ങിയിരിക്കുന്നുവെന്ന്"?

മൗലവി ഒന്നു ഞെട്ടി. എങ്കിലും ശാന്തമായിത്തന്നെ അദ്ദേഹം ഉത്തരംപറഞ്ഞു. ഉവ്വ്. അദ്ദേഹം കൽക്കത്തയിൽ അനശനം തുടങ്ങി എന്ന് ഞാനും കേട്ടു. പക്ഷേ, അവിടെ പെട്ടെന്നു ശാന്തിയുണ്ടായതിനാൽ അതു മുടക്കുകയുംചെയ്തു." പക്ഷേ സർദാർജി ഈ ഉത്തരംകൊണ്ടു തൃപ്തനായില്ല.

അതു് ഞാനും കേട്ടു. കൽക്കത്താനിവാസികൾ ബാപ്പുവിന്റെ വില അറിഞ്ഞു് പ്രവർത്തിച്ചു. അതുകൊണ്ട് തൽക്കാലം ഉപവാസം ഉപേക്ഷിക്കപ്പെട്ടു. പക്ഷേ, മൗലവിജി! അങ്ങേയ്ക്കറിയാമോ, ബാപ്പു എന്തിനാണ് ഉപവാസം തുടങ്ങിയതെന്നു്?

ഈ പ്രശ്നത്തിന്റെ അർത്ഥം മൗലവി സാഹിബിന് നല്ലതുപോലെ മനസ്സിലായി എങ്കിലും, അദ്ദേഹം ഉത്തരംപറഞ്ഞതിങ്ങനെയായിരുന്നു. "ഹിന്ദുക്കളുടെ ക്രൂരപ്രവൃത്തികളെ പ്രതിഷേധിച്ചുകൊണ്ട് എന്ന് ഞാൻ കേട്ടിരുന്നു." സർദാർജി പൊട്ടിച്ചിരിച്ചു.

"അസ്സലായി. മൗലവിജി! കേമമായി ഹിന്ദുക്കൾക്കെതിരായി? ഛേ്ഛേ"

ഈ ചിരിയും നേരമ്പോക്കും മൗലവിസാഹബിന് രുചിച്ചില്ല. രാമസിംഗും അക്ഷമനായിരുന്നു. "ഒടുവിൽ അങ്ങ് എന്താണാഗ്രഹിക്കുന്നതു് ജ്യേഷ്ഠാ! മഹാത്മജിയുടെ ഉപവാസം എന്തിനുവേണ്ടിയെങ്കിലുമാകട്ടെ. നമുക്കെന്താ? തൽക്കാലം പ്രാണരക്ഷയ്ക്കുള്ള ഉപായം ആലോചിക്കണം. പിന്നെ ഉപവാസത്തിന്റെ ഭാഷ്യം ആരംഭിക്കാം!!

ബഹദൂർ സിംഗജിയുടെ മുഖം ഗംഭീരമായി-കണ്ണുകൾ ഒന്ന് ജ്വലിച്ചടങ്ങി "രാമസിംഗ്? നിത്യ ബാപ്പുവിന്റെ ഉപവാസത്തിന് ഭാഷ്യം ചമയ്ക്കുവാൻ നിങ്ങൾക്കൊ എനിക്കൊ ത്രാണിയില്ലെന്ന് മറക്കരുതു! മൗലവിസാഹബ്! ബാപ്പു എന്തിനാണുപവസിച്ചതെന്നോ? ആ ഉപവാസം ഹിന്ദുക്കൾക്കെതിരായല്ല; മുസൽമാനതിരായുമല്ല; അത്യാചാരത്തെ, ഹിംസയെ, അന്യായത്തെ, അശക്തിയെ, ഭീരുതയെ എതിർക്കാനാണ് ആ ഉപവാസം! "സമ്മതിച്ചു! എല്ലാംസമ്മതിച്ചു!! രാമസിംഗ് ഇടയ്ക്കുകയറിപറഞ്ഞു പക്ഷേ തൽക്കാലത്തെ ആവശ്യം-

"രാമസിംഗ് കേൾക്കൂ! ഞാൻ നിങ്ങൾ രണ്ടുപേരുടെയും ഹൃദയം നല്ലതുപോലെ അറിയുന്നുണ്ട്. നിങ്ങളെ ദുഃഖിപ്പിക്കണമെന്നെനിക്കശേഷം ആഗ്രഹമില്ല. പക്ഷേ ഈ സന്ദർഭത്തിൽ എനിക്കൊരു നിവൃത്തിയുമില്ല. ആദർശവും സിദ്ധാന്തവും എനിക്ക് പ്രാണനേക്കാൾ പ്രിയതരമാണെന്ന് നിങ്ങൾക്കറിയാം. ഞാൻ പ്രാണഭയം നിമിത്തം, എന്റെ പരമപൂജ്യബാപ്പുവിന്റെ ചരണചിഹ്നങ്ങളിൽ നിന്നും പിന്തിരിയുവാൻ ഒരിക്കലും തയ്യാറാവുകയില്ല. ആ മഹാനുഭാവൻ, തന്റെ ജീവിതം കൊണ്ടും ഉദാഹരണംകൊണ്ടും, നമ്മെ ഉപദേശിക്കുന്നു "അത്യാചാരിയുടെ മുമ്പിൽ തലകുനിക്കരുതു" ഹിംസയുടെ മുമ്പിൽ ഭീരുവായി ഓടിഒളിക്കരുതു"

"അനേകായിരം സശസ്ത്രരായ ശത്രുക്കളിൽനിന്നും പ്രാണരക്ഷചെയ്യാൻ ശ്രമിക്കുന്നതു് ഭീരുതയാകുന്നതെങ്ങനെ?" രാമസിംഗ് തന്റെ സംശയപ്രത്യക്ഷമാക്കി-

"ശത്രുക്കൾ എവിടെ? ഇന്നലെവരെ നമ്മുടെ ബന്ധുക്കളും സഹോദരങ്ങളുമായിരുന്നവർ, ഇന്ന് ഭ്രാന്തന്മാരായിപ്പോയാൽ നാം അവരെ ശത്രുക്കളായിക്കരുതുമോ?

"അതു് വേറെ സംഗതിയാണ് സർദാർജീ." മൗലവിസാഹബ് പറയാൻ തുടങ്ങി.

"ഇല്ല. അതിൽനിന്ന് ഒരു വേറെ സംഗതിയുമല്ല. അതാണ് സത്യം. വ്യത്യാസം ഇത്രമാത്രമേയുള്ളൂ. വിഷപൂർണ്ണമായ ഈ ഭ്രാന്ത് ഉദ്ദേശ്യത്തോടെ പരത്തപ്പെട്ടതാണ് ആ വിഷജ്വാല.

രാമസിംഗിന് ദേഷ്യം വന്നുതുടങ്ങി. "അതേ. ആ വിഷജ്വാല നമ്മളിൽ എത്രയോ ശതമാനംപേരെയും ദഹിപ്പിച്ചുകഴിഞ്ഞു. ബാക്കിയുള്ളവരെയും—

"രാമസിംഗ്? നിങ്ങൾക്ക് മനസ്സിലാകുന്നില്ല. ബാപ്പു പറയുന്നതുപോലെ താൻതന്നെയാണ് തന്റെ ശത്രു. അന്യനല്ല. നാം ധൈര്യപൂർവ്വം, ശാന്തിയോടെ, പ്രേമപൂർവ്വം പ്രവർത്തിച്ചിരുന്നുവെങ്കിൽ, ഭ്രാന്തരായിത്തീർന്ന നമ്മുടെ സഹോദരങ്ങൾ, എത്രയോ മുമ്പ് നേർവഴിക്കുതന്നെ വന്നേനെ!"

രാമസിംഗിന്റെ ക്ഷമ അസ്തമിച്ചു. "ജ്യേഷ്ഠാ! എന്താണങ്ങ് പറയുന്നതു്? ഈ കൂട്ടക്കൊലയും അത്യാചാരവും ആരാണ തുടങ്ങിയതു്. നമ്മളോ മുസൽമാന്മാരോ?"

(ശേഷം പന്ത്രണ്ടാംപേജിൽ)

സ്തോത്രരത്നാകരം
(സവ്യാഖ്യാനം)
വില രൂപ ൧-ണ ൮
മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

# *നമ്മുടെ കന്നുകാലികൾ

ആധുനികലോകത്തിലെ മഹനീയമായ ഒരു സ്ഥാനമലങ്കരിക്കേണ്ട തൊഴിലാളിയാണു കന്നുകാലി. ഇന്ത്യൻകർഷകന്റെ ഒരു സന്തതസഹചാരിയും ദൈനംദിനാവശ്യങ്ങൾ നിർവ്വഹിക്കുന്ന ഉത്തമസുഹൃത്തും കൂടിയാണ്. ഭൂമിയുടെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും ആഹാരപദാർത്ഥവിളവുകളും പണവും ഇരട്ടിപ്പിക്കുന്നതിനും കന്നുകാലികൾ ചെയ്തിട്ടുള്ള സംഭാവന അളവററതാണ്.

നമ്മുടെ കാർഷികവൃത്തിക്കു കന്നുകാലികൾ അനപേക്ഷണീയമായ ഒരു ഘടകമാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഇന്ന്, ഇറച്ചിക്കും പാലിനുംവേണ്ടി മാത്രമാണ് കന്നുകാലികളെ സംരക്ഷിക്കുക; ഇൻഡ്യയിലാകട്ടെ, അവയെ നിലം ഉഴുന്നതിനും വണ്ടിവലിക്കുന്നതിനുംകൂടി ഉപയോഗപ്പെടുത്തുന്നു. കാളയോ പോത്തോ കൂടാതെയുള്ള കൃഷി നമുക്ക് സാദ്ധ്യമല്ല; അവയുടെ സഹായംകൂടാതെ നമ്മുടെ കാർഷികസാധനങ്ങൾ കയററി അയയ്ക്കുന്നതു വിഷമമാണ്. കൃഷിക്കു ആവശ്യമായ ശക്തിസംഭരണം കന്നുകാലികളിൽനിന്നാണ് ലഭിക്കുക. നിലം ഉഴുക; കിണറുകളിൽനിന്നു വെള്ളം വലിക്കുക; വിളവുകൾ ചന്തയിലേക്കു എത്തിക്കുക; കൃഷിക്കു വേണ്ടുന്ന വളം നൽകുക; പാല, തൈര്, വെണ്ണ മുതലായ പോഷകസാധനങ്ങൾ വെജിറേറിയൻരാജ്യമായ ഭാരതത്തിൽ ഇവകൂടാതെയുള്ള ഭക്ഷണം ആശാസ്യമല്ല; ആരോഗ്യപ്രദവുമല്ല—; ചുരുക്കിപ്പറഞ്ഞാൽ കന്നുകാലികളില്ലെങ്കിൽ നമ്മുടെ നിലങ്ങൾ നിലവിളിക്കും; അവകൾ അരിഷ്ടതയിലാകും; ആഹാരപദാർത്ഥങ്ങൾ അരുചിയായ്ത്തീരും.

നമ്മുടെ ദേശീയവരുമാനത്തിൽ കന്നുകാലികൾ വഹിക്കുന്ന പങ്ക് തിട്ടപ്പെടുത്താൻ അസാദ്ധ്യമാണ്. ഡാ: എൻ. സി. റൈറ്റ് അഭിപ്രായപ്പെടുന്നു.

പാലും തജ്ജന്യമായ മററാഹാരപദാർത്ഥങ്ങളും മൊത്തത്തിൽ 300 കോടി രൂപയോളം വരുമാനമുണ്ടാകുന്നു. തുകലിനത്തിൽ 40 കോടി രൂപയാണ് ആകെ വരവ്—ഇൻഡ്യയാണ് തുകൽവ്യവസായത്തിൽ മുന്നിട്ടുനിൽക്കുന്നതു—ഇൻഡ്യയിൽ ആകെ വിളയുന്ന അരിയുടെ ഏകദേശവരുമാനമാണ്, ഇവിടത്തെ പാലിൽനിന്നു ലഭിക്കുന്ന വരവും! കോതമ്പിന്റെ മൂന്നിരട്ടിയും! ഇന്നത്തെ ഒരു വൻകിടവ്യവസായമായ പഞ്ചസാരനിർമ്മാണത്തിന് ഏകദേശമട്ടുള്ള വരവും, തുകൽവ്യവസായത്തിന്റെ വ്യാപ്തി. ഈ കണക്കുകൾ നമ്മെ അമ്പരപ്പിക്കും, സംശയമില്ല. പക്ഷേ, പരമാർത്ഥം ഇതാണ്.

ഇനി, കന്നുകാലികളുടെ വേല [Cattle Labour] യെ ഒന്നു പരിഗണിച്ചുനോക്കാം. ആധുനികലോകത്തിലെ മാഹനീയമായ ഒരു സ്ഥാനമലങ്കരിക്കേണ്ട തൊഴിലാളിയാണ് കന്നുകാലി; ഇൻഡ്യൻ കർഷകന്റെ ഒരു സന്തതസഹചാരി; ദൈനംദിനാവശ്യങ്ങൾ നിർവ്വഹിക്കുന്ന ഉത്തമസുഹൃത്ത്. നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ ആകെക്കൂടിയുള്ള വരുമാനം, 2000 കോടി രൂപയാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൽ 400 കോടിയും കന്നുകാലികളുടെ പ്രയത്നഫലമാണ്! അതായതു ഒരു കർഷകരാജ്യമായ ഇൻഡ്യയിലെ വരുമാനത്തിൽ അഞ്ചിൽ ഒരു വീതാംശം (5/1) ന്യായമായി കന്നുകാലികൾക്കു പോകേണ്ടതു! കന്നുകാലിവർഗ്ഗങ്ങളിൽനിന്നുള്ള ന്യായമായ ആദായത്തെ വിഗണിച്ചുകൊണ്ടുള്ള കണക്കാണു മുകളിൽ ചേർത്തിരിക്കുന്നതു്. സയൻസിന്റെ അത്ഭുതസിദ്ധികളിൽ ഇന്നും ഇൻഡ്യൻകർഷകനു വിശപ്പും നന്നേ കുറവാണ്. ശാസ്ത്രീയമായ വളങ്ങൾ ഉപയോഗിച്ചുനോക്കാൻ അവൻ ഇഷ്ടപ്പെടുന്നില്ല. കാലിത്തൊഴുത്തിലെ ചാണകവും മൂത്രവുമാണ്, നമ്മുടെ കർഷകർക്ക് ഏററവും പ്രിയതരമായ വളങ്ങൾ. 200 കോടിരൂപയോളം ഈ ഇനത്തിൽ കണക്കാക്കാമെന്നാണ് വൈദ്യനാഥന്റെ (M. Vaidyanathan) അഭിപ്രായം.

ഭൂമിയുടെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും, ആഹാരപദാർത്ഥവിളവുകളും പണവും ഇരട്ടിപ്പിക്കുന്നതിനും കന്നുകാലികൾ വഹിക്കുന്ന പങ്ക് അളവററതാകുന്നു. "The potential value of cattle as a means of raising the level of the soil and of thus increasing the output of both cash and food crops, is incalculable." (Dr: N C. Wright.)

കന്നുകാലികളുടെ ഇന്നത്തെ സ്ഥിതി. ഇൻഡ്യയിൽ അവയുടെ സംരക്ഷണത്തിന് അനുവർത്തിക്കേണ്ട മാർഗ്ഗങ്ങൾ.

ഇൻഡ്യൻകർഷകന്, കന്നുകാലികൾ നൽകുന്ന സംഭാവനയുടെ ഒരു ബിന്ദുമാത്ര വിവരണം ഇത്രയുംകൊണ്ടു മനസ്സിലായിരിക്കുമല്ലോ. കന്നുകാലികളുടെ ഇന്നത്തെ നില, വളരെ, പരിതാപകരവും, ലജ്ജാകരവുമാണ്. ആഹാരവ്യാവസായിക വിളവുകളുടെ (Food and Commerical crops) അസൂയാർഹമായ വർദ്ധനവോടുകൂടി ഇൻഡ്യൻകർഷകന്റെ കന്നുകാലികളോടുള്ള മനോഭാവം, ഏതാണ്ടൊരു ചിററമ്മനയമായി രൂപാന്തരം പ്രാപിച്ചു. കന്നുകാലികൾ കൃഷിക്കു അവശ്യം വേണ്ടതായ ഒരു ഘടകമെന്ന നിലവിട്ട്, കേവലം ഒരു ആകസ്മികസംഭവമായിമാത്രമേ (accident) കർഷകർ ഇന്നു കരുതുന്നുള്ളൂ! ഇതു് വളരെ പരിതാപകരമായ ഒരു പരിവർത്തനമെന്നല്ലാതെ എന്താണ് പറയുക? മനുഷ്യന്റെ ആവശ്യങ്ങൾ അധികമായതുകൊണ്ടും, തരിശുഭൂമിയിടമാകെ യന്ത്രനകൃഷിസമ്പ്രദായങ്ങളും മററും, നാട്ടിൽനിന്നു മേച്ചിൽസ്ഥലങ്ങളെ നിർമ്മാർജ്ജനംചെയ്തു. ഇൻഡ്യൻ കന്നുകാലികൾ തന്മൂലം ശോഷിച്ചവയും, ഉപയോഗശൂന്യവുമായിത്തീർന്നു. ഇൻഡ്യയിലെ 2150 ലക്ഷം പശുക്കൾ 64,000 ലക്ഷം ഗ്യാലൻ പാലുനൽകുമ്പോൾ, അമേരിക്കയിൽ 580 ലക്ഷം പശുക്കൾ 10,3800 ലക്ഷം ഗ്യാലൻ പാലുനൽകുന്നു! എന്തന്തരം? ഇവിടത്തേയും അവിടത്തേയും പശുക്കളുടെ ഒരു ഏകദേശപ്രകൃതി, മേല്പറഞ്ഞ കണക്കിൽനിന്നു വായനക്കാർക്ക് വിഭാവനചെയ്യാമല്ലോ.

ഈ ആറ്റോമിക് യുഗത്തിലും, ഇൻഡ്യ ഒരു വ്യാവസായികരാജ്യമല്ല; ധനപരമായി നാം വളരെയേറെ പിറകിലാണ്. മററു രാജ്യങ്ങളെ അപേക്ഷിച്ച് നമുക്കു പോററാവുന്നതിലധികം കാലികളെ നാം വളർത്തുന്നുണ്ട്. സാമ്പത്തികശാസ്ത്രദൃഷ്ട്യാ, ഇതു് ഒരു പരാജയമായി കണക്കാക്കേണ്ടിയിരിക്കുന്നു. 100 ഏക്കർ സ്ഥലത്തു ഏകദേശം 68 കന്നുകാലികളെ ഇൻഡ്യയിൽ വളർത്തുന്നു. ഇതേസമയത്തു ഹോളണ്ടിൽ 38-ഉം, ഈജിപ്റ്റിൽ 25-ഉം മാത്രമാണ്. "In what ever respect Indian cattle may be lacking. They do not lack in numbers." അഗ്രിക്കൾച്ചറൽ റോയൽകമ്മീഷന്റെ ഈ പ്രസ്താവം വളരെ ശരിയായിട്ടുണ്ട്. "As cattle became smaller, the amount of food needed in proportion to their size increasae." ഇതെത്രകണ്ടു ശരിയെന്നു്, വായനക്കാർതന്നെ പരീക്ഷിച്ചുനോക്കട്ടെ.

കന്നുകാലികളുടെ തരവും, പ്രയോജനവും, ഗുണപ്പെടുമ്പോൾ, കർഷകന് താരതമ്യേന അവയെ കറവുമാത്രം സൂക്ഷിക്കേണ്ടിവരികയും, പോററുന്നതിനുള്ള ചിലവും ബദ്ധപ്പാടും കുറയുകയും, വിളവു വർദ്ധിക്കയുംചെയ്യും. ഇൻഡ്യയിലെ കാർഷകപുരോഗതി, തന്മൂലം അധികവും പരിപോഷിതമായ കന്നുകാലികളോട് ബന്ധപ്പെട്ടിരിക്കുന്നു. പക്ഷേ, വർഷങ്ങളായി, കർഷകൻ വെച്ചുപുലർത്തുന്ന യാഥാസ്ഥിതികമായ കുചിതമനോഭാവവും, തദനന്തരമായി രൂപംകൊണ്ട പേക്കോലങ്ങളെപ്പോലുള്ള പശുക്കളും കാളകളും, എല്ലാംതന്നെ ഒന്നടച്ചുവാരുത്ത് കാലാനുസൃതമാക്കണമെങ്കിൽ, ഒരു കാർഷികവിപ്ലവം (Agricultural revolution) തന്നെ വേണ്ടിയിരിക്കുന്നു.

കന്നുകാലികളുടെ സംരക്ഷണത്തിനും, പരിഷ്ക്കരണത്തിനും, രണ്ടു മാർഗ്ഗങ്ങളാണ് റോയൽകമ്മീഷൻ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ളതു്: ഇന്നു നിലവിലിരിക്കുന്ന അസ്ഥിമാത്രശരീരങ്ങളോടുകൂടിയ കാളകളിൽനിന്ന്, കൊള്ളാവുന്നവയെ മാത്രം തിരഞ്ഞെടുത്തു സൂക്ഷിച്ച്, അവയുടെ നല്പും പ്രയോജനവും വിപുലപ്പെടുത്തുക! ഇങ്ങനെ ആരോഗ്യമുള്ള നല്ല ഇനം ഉരുക്കളെ ആവശ്യത്തിനു മാത്രം സൂക്ഷിക്കുന്നതായാൽ, അവയുടെ തീററിക്കുള്ള വയ്ക്കോലും പുല്ലും സുലഭമായിത്തീരും; അവയേക്കൊണ്ടു ചെയ്യിക്കാവുന്ന ജോലിയുടെ അളവു വർദ്ധിക്കയും ചെയ്യും. പാലു നൽകുന്ന പശുക്കളുടെ കാര്യത്തിലും കർഷകർ വേണ്ടത്ര ശുഷ്കാന്തി പ്രദർശിപ്പിക്കണം. കർഷകന് ഇതൊരു വിശ്രമത്തൊഴിൽകൂടി ആയിത്തീരും.

മുകളിൽപറഞ്ഞ കാര്യങ്ങൾ വിജയപ്രദമാകുന്നതിന്, മൂന്നു കാര്യങ്ങൾ മനസ്സുവെക്കണം.

എ, കന്നുകാലികളുടെ ആഹാരക്രമത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുക.

ബി, വിത്തുകാളകളെ സൂക്ഷിക്കുന്നതിൽ പ്രത്യേകം മനസ്സിരുത്തുക. (Scientific breeding.)

സി, ആധുനികമായ വൈദ്യസഹായങ്ങൾമൂലം (Veterinary aid) കാലികളെ രോഗങ്ങളിൽനിന്നും അകററിനിറുത്തുക. ഇവയെക്കുറിച്ച് സവിസ്തരം ഇനിയൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

---

* INDIAN ECONOMICS-ൽനിന്നും സംഗ്രഹിച്ചതു്.

# തകരട്ടെ!

ഏവൂർ പരമേശ്വരൻനായർ

I

തകരട്ടെ മന്നിലിക്കാണുമനീതിതൻ  
തലപൊക്കിനിൽക്കും ഹിമാലയങ്ങൾ!  
ക്ഷണനേരംകൂടിയും നിങ്ങളെത്താങ്ങുവാൻ  
ക്ഷമയില്ലിനി നാട്ടിനു തെല്ലുപോലും.  
തകരണം, നിങ്ങൾതകരുകിൽ മാത്രമേ  
തളിരിട്ടുനിൽക്കൂ വസന്തഭംഗി!  
അടിയണം, നിങ്ങളടിഞ്ഞു നിശ്ശേഷമേ  
അടിമത്തം വിട്ടെങ്ങൾ മുക്തരാവൂ!

II

പരിഹാസത്തിക്കനൽ വാരിയെറികിലും  
പതറില്ല, ഞങ്ങൾ മടങ്ങുകില്ല.  
അധികാരഖഡ്ഗം ചുഴററിവീശീടിലും  
അടിയൊന്നു പിന്നോട്ടു വയ്ക്കുകില്ല.  
മതി, മതി, മർദ്ദനനീതിയാൽ ഞങ്ങളെ  
മരവിപ്പിച്ചീടാൻ തുനിഞ്ഞിടേണ്ട  
അത്തരമേളുംഞങ്ങളെ ജീവിപ്പെടുത്തുവാ-  
നങ്ങേപ്പോലുമോ ആകയില്ല.

III

ചിരകാലംനേടിയ പാപസമ്പത്തിനെ  
ചിതയിലെറിയുവിൻ വേഗം നിങ്ങൾ!  
പുറംകാട്ടാനാക്കേണ്ട, ഭൂതകാലത്തിന്റെ  
പുഴയരുവാറി വരണ്ടിടട്ടെ!  
പഴമതൻ മങ്ങിയ താളുകളൊന്നെന്നും  
പഴമയായ്ത്തന്നെ തുലഞ്ഞുപോട്ടെ!  
കഠിനമാം നീതികൾ ചെങ്കോലേന്തിയ  
കദനത്തിൻ കാലം കഴിഞ്ഞുപോട്ടെ!

IV

തകരട്ടെ, മന്നിലിക്കാണുമനീതിതൻ  
തലപൊക്കിനിൽക്കും ഹിമാലയങ്ങൾ!  
നിധികാക്കും ഭൂതങ്ങൾ! നിങ്ങളെ ദാരിദ്ര്യ-  
നിലകാണാൻ കണ്ണുകളില്ല തെല്ലും.  
അധമമാം സ്വാർത്ഥത്തിൻ കോവിലിലെ (ന്നെന്നും  
അവശർതൻ ജീവിതരക്തത്താലെ  
അഭിഷേകം ചെയ്യുമ്പോൾ! നിങ്ങൾതൻ (ജീവിതം  
അവസാനിക്കേണ്ടുന്നകാലമായി!!......

---

# എന്റെ ദേവാലയം

വരിഞ്ഞം രാഘവൻപിള്ള

കല്ലുമിമ്മണ്ണും കാട്ടുതടിയും കൂട്ടിക്കെട്ടി-  
ക്കല്ലൊന്നു കുഴിച്ചിട്ടതല്ലെന്റെ ദേവാലയം  
കനകക്കൊടിമരമില്ലതിൻമുന്നിൽ പൂഞ്ഞ-  
ലണിയുന്നോരും വേണ്ടാ പൂജാദികർമ്മങ്ങൾക്കായ്.  
അന്ധകാരമാം വാതൽതുറന്നു പുലർകാലേ  
ചെന്താരുവിരിക്കുന്ന പൊൻകരോരുഹങ്ങളിൽ  
ആയിരംതിരിയെരിയുന്നൊരു ദീപംകത്തി_  
ച്ചായതഭക്ത്യാ ദീപാരാധന ചെയ്യുന്നെന്നും.  
വിഗ്രഹം പരാശക്തി-നിത്യനൈവേദ്യാദികൾ-  
ക്കൊക്കെയും പ്രകൃതിയുമുണ്ടു തൃക്കോവിൽക്കെട്ടിൽ  
ആഴിയുണ്ടല്ലോ ശ്രുതിഗീതങ്ങളുദ്ഘോഷിക്കാൻ  
പാതിരാത്തിരകളും മൗക്തികാഞ്ജലിചെയ്‌വൂ  
പുലരി വാല്യക്കാരി മട്ടമാമലരെങ്ങും  
പലമാതിരി ദേവനർപ്പിക്കാൻ വിടർത്തുന്നു  
പാടുവാൻ വാനമ്പാടി, യാടുവാൻ മയൂരങ്ങൾ  
മോടികൂട്ടുവാനെത്ര ചേടികൾകിളികളും,  
കേരങ്ങൾ നെടുനീളെക്കനകക്കലശത്തിൽ  
ദേവനുള്ളഭിഷേകം നിറച്ചുനിന്നീടുന്നു  
വാഴകൾ കരാഞ്ജലയോടു ചേവടികൂപ്പു-  
ന്നാദരപൂർവ്വം ഭജിച്ചീടുന്നുണ്ടതിഭക്ത്യാ  
ഗന്ധവാഹനനല്ലോ സന്തതം നറുമലർ-  
പ്പന്തിയിൽപ്പോയിപ്പുതുപ്പൂമണം പകരുവാൻ  
എത്രയോ മുത്തുക്കുടയുയർത്തിപ്പിടിക്കുന്ത  
പൃഥ്വിയിലെങ്ങും ദേവസന്നിധാനത്താലല്ലീ?  
പൂമഴപൊഴിയുന്നതല്ലതു പനിനീരു  
തൂമയോടമരരിങ്ങഭിഷേകംചെയ്യുന്നു  
വാരിവാഹങ്ങളല്ലോ ദേവനു ധാരയ്ക്കായി-  
പ്പാരതുമുഴവനും പാദതീർത്ഥമായ്ത്തീർക്കും  
ഓട്ടമാലയുമല്ലയിന്ദ്രനീലക്കല്ലുക-  
ളിടോട്ടുപാകിപ്പുട്ടുള്ളതിപ്പൊന്നമ്പലം  
പണവും പൊന്നുംവാരിവഞ്ചിയിൽ നിറയ്ക്കുന്ന  
പണിയില്ലിവിടി,തു കമ്പോളസ്ഥലമല്ല  
സ്നേഹത്തിൻനീരാഴിയിൽ മുഴുകിവരിനാരും  
ദേവദർശനംപരം പാപനാശനം വരം  
മിഴികൾവഴിയാതെ, പുളകമണിയാതെ,  
തൊഴുതാലനുഗ്രഹിക്കുകയില്ലഖിലേശൻ!

മധുരയിൽ  
സുപ്രസിദ്ധമായ കട  
സിൽക്കും  
കാട്ടണും  
തുണിത്തരങ്ങൾക്കു്  
നാഗലിംഗം സ്റ്റോഴ്സ്,  
2. തെക്കുകാവൽക്കൂടസ്ട്രീററ്,  
— മധുര. —




# കാഷ്മീർ

—o—

## (ഒരു യാത്രാവിവരണം)

ഗ്രന്ഥകർത്താ,
എസ്. കെ. പൊറ്റെക്കാട്ട്
മംഗളോദയം, തൃശ്ശൂർ
വില രൂപാ ൫

മലയാളികളുടെ ഭാവനാമുകുരത്തിൽ പരസ്സഹസ്രം സമകളായി സങ്കല്പരായ്കളെ ആലേഖനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിചിത്രസർഗ്ഗമാണു കാശ്മീർ. ശ്രീ ശങ്കരന്റെ ദിഗ്ജയപ്രസ്ഥാന പ്രസിദ്ധമായ സർവ്വജ്ഞപീഠം മലയാളികളെ ഈ ദൂരകാലത്തും അഭിമാനപുളകിതരാക്കുക തന്നെ ചെയ്യുന്നുണ്ട്. അങ്ങനെ മഹനീയമായ ഒരു ചരിത്രപാരമ്പര്യമുള്ള കാശ്മീർ ഇന്നു ഒരു ദുർഘടപ്രശ്നത്തെ സൃഷ്ടിച്ച്, സർവ്വരാജ്യ രാഷ്ട്രീയമീമാംസകന്മാരുടെ വിസ്തീർണ്ണത്തിരുനെററി വിയപ്പിക്കുന്ന അവസരവുമാണെല്ലോ. അങ്ങനെ കാശ്മീരിനെ സംബന്ധിച്ച ചിന്തയ്ക്ക് പുനരുദ്ദീപനം സംഭവിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ആ മനോഹര ഭൂവിഭാഗത്തെ സംബന്ധിച്ച ഒരു വിവരണം ലഭിക്കുക, അതു കേവലം ഭാവനാപരമായിട്ടല്ല, ഒരു ദീർഘയാത്രയിലുണ്ടാകാവുന്ന സകലവിധ വിഘ്നങ്ങളെയും വ്യയങ്ങളെയും സ്വയം സഹിച്ചും വഹിച്ചും അവിടെ പോയി പ്രത്യക്ഷപരിചയം സമ്പാദിച്ച ആ അനുഭവത്തെ വിശദീകരിക്കുക, നിശ്ചയമായും ഒരു അഭിനന്ദനീയമായ കൃത്യമാണെന്ന് സമ്മതിച്ചേതീരൂ. വിശേഷിച്ചും സഹ്യാദ്രി പരപ്പിനപ്പുറത്തു പോകുക പതിവില്ലാത്ത ഒരു ജനസമുദായത്തിൽ ഇത്ര അധികം ത്യാഗസന്നദ്ധത സഹിക്കാൻ ഒരു സാഹിത്യകാരൻ സമുത്സുകനായതിൽ അദ്ദേഹം പ്രോത്സാഹനസമർഹനായിത്തീരുന്നു.

ഒരു സാഹിത്യകാരൻ നൽകുന്ന വിവരണം പലപ്പോഴും അതിശയോക്തിസ്പർശവും അഹാര്യസുലഭവുമാണെന്ന അപവാദം പൊന്തിവന്നേക്കാം. എന്നാൽ കാശ്മീരിനെ സംബന്ധിച്ചിടത്തോളം ശ്രീ: പൊറ്റെക്കാട്ടു നമുക്കു നൽകുന്ന വിവരണം ആ അപവാദത്തെ നിശ്ശേഷം ദൂരീകരിക്കുന്നതായിരിക്കുന്നു. കാശ്മീരിന്റെ വിലോചനാസേചകമായ വിലോഭനീയതയെ വിശദീകരിക്കുന്നതിനു സാഹിത്യകാരന്റെ അനുഗ്രഹീത തൂലികയല്ലാതെ ഒരു ചരിത്രാന്വേഷിയുടെ ശുഷ്കവിചാരങ്ങൾക്കു ഒരിക്കലും അതിനെ യഥോചിതം പ്രതിഫലിപ്പിക്കാൻ സാധിക്കയില്ല തന്നെ. "അർദ്ധചന്ദ്രാകൃതിയിൽക്കിടക്കുന്ന ഹിമശൈലശൃംഖലകളുടെ കടയ്ക്കൽ ഇന്ദ്രനീലപ്പതക്കംപോലെ പരിലസിക്കുന്ന ഈ ശുദ്ധജലാശയവും പച്ചപ്പട്ടുതൊങ്ങൽകൊണ്ടു പൊതിഞ്ഞ കരയും ഒരു സ്വപ്നലോകത്തിലേക്കു നമ്മെ നയിക്കുന്നു എന്നും പച്ചപ്പട്ടു ഞൊറികെട്ടുകൾ തൂക്കിയിട്ട തൂണുകൾപോലെ നില്ക്കുന്ന പൈൻ മരങ്ങളും, മയിൽപീലിക്കെട്ടുകളണിഞ്ഞു് നിൽക്കുന്ന സഫേദാമരങ്ങളും പടർന്നു പന്തലിച്ചു നിൽക്കുന്ന കൂററൻ ചേനാർമരങ്ങളുംകൊണ്ട് വിതാനിച്ച തണുത്ത അന്തരീക്ഷമെന്നും മററും സന്ദർഭാനുഗുണമായി അദ്ദേഹം പ്രയോഗിക്കുന്ന കവിഭാഷ സമഞ്ജസമായിട്ടുണ്ട്. ഇങ്ങനെ കാശ്മീരിലെ ഭൂപ്രകൃതി വർണ്ണനകൊണ്ടു നമ്മുടെ ഭാവനയിൽ സരസചരായ മി: പൊറ്റെക്കാട്ടു വേണ്ടുവിധം വളർത്തിവിടുന്നു. ഇനി കാശ്മീരികളെപ്പററിയാണെങ്കിൽ ആ യാത്രാവിവരണം നൽകുന്ന അറിവ് നമ്മുടെ ധാരണയെ ചിലതൊക്കെ തിരുത്തിത്തരുന്നതായിട്ടുണ്ട്. പ്രകൃതിയുടെ അക്ഷയപാത്രമായ കാശ്മീരിൽ അക്ഷരാഭ്യാസമില്ലാത്ത വൃത്തികെട്ട ദരിദ്രരായ പാവങ്ങളാണ് 90 ശതമാനവുമെന്നു പറയുന്നു. വൃത്താകൃതിയിൽ പൂർണ്ണചന്ദ്രനെപ്പോലുള്ള ആ മുഖത്തു സദാ അജ്ഞാതമായൊരു മരവിപ്പു കാണാം. ദൂര ആ മുഖപ്രകൃതിയെ വിരൂപമാക്കുന്നു. പട്ടിണി കിടക്കുന്ന ചെമ്മരിയാടുകളുടെ മുഖത്തേക്കു നോക്കുംപോലെയുള്ള ഒരു ദയനീയത! ചെമ്മരിയാടുകളെപ്പോലെതന്നെ അവരെ തമ്മിൽ തിരിച്ചറിയാനും പ്രയാസമാണ്. പെണ്ണുങ്ങളും അങ്ങനെതന്നെയാണ്. സ്വർല്ലോകദുർല്ലഭമെന്ന കാശ്മീർ സൗന്ദര്യത്തെപ്പററി കേൾക്കുന്ന നമുക്ക്, നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്ന സൗന്ദര്യമാതൃകയീവിധത്തിലാണ്.

ശ്രീനഗർ, സിന്ധുതാഴ്വാരം, ഗുൽമാർഗ്ഗ്, പഹൽഗാം എന്നീകാശ്മീർ ഖണ്ഡങ്ങളെപ്പററി ലളിതമനോഹരമായ സാരസ്യതസൗരഭം ചിതറുന്ന ഈ ഗ്രന്ഥം കാശ്മീരത്തിന്റെ പൗരാണികമാഹാത്മ്യം മുഗൾചക്രവർത്തിമാരിൽനിന്നുണ്ടായിട്ടുള്ള സംഭാവനാശതങ്ങൾ തുടങ്ങി പല ചരിത്രവിവരങ്ങളും നൽകിക്കാണുന്നുണ്ട്. കാശ്മീർ സാൽവയുടെ നിമ്മാണവിധത്തെപ്പററിയും അവിടത്തെ ജനതയുടെ ജീവികാമാർഗ്ഗത്തെപ്പററിയും ഈ യാത്രാവിവരണം സരസമായ പല അറിവും പ്രദാനംചെയ്യുന്നുണ്ട്.

പുലർകാലത്തു ഹൌസ്ബോട്ടിൽ ചൂടചായയും കഴിച്ചുകൊണ്ടിരിക്കുമ്പോൾ മറുകരയിൽ മഞ്ഞിൻപാട മാഞ്ഞുതുടങ്ങുന്ന കുളുർജലത്തിൽ കാഷ്മീർത്തരുണികൾ കുപ്പായംഅഴിച്ചുവച്ചു നഗ്നകളായി മുങ്ങിക്കുളിക്കുന്നതു കാണാം. എന്നിങ്ങനെ ശ്രീ പൊറ്റെക്കാട്ട് കർപ്പൂരത്തടത്തിലെ ഉള്ളിയെപ്പോലെ തനിക്കു പ്രിയമായിരുന്ന പ്രസ്ഥാനത്തിന്റെ ഗന്ധം ഒരു ദിക്കിൽ പുറപ്പെടുവിച്ചുപോകുന്നുണ്ട്.

(സി. എം: പി)

—o—

(അഞ്ചാംപേജിൽനിന്നും തുടർച്ച)

ലായി എന്തെങ്കിലും ആശിക്കത്തക്കവിധം ഞാൻ അത്ര തലതിരിഞ്ഞവനല്ല," എന്നാണു് ക്രിയോണിന്റെ ബലമേറിയ വാദം. അയാൾ വീണ്ടും പറയുന്നു:— "ഞാൻ കുററക്കാരനാണെന്നു തെളിയിച്ചശേഷം എന്നെ ശിക്ഷിക്കുക. ആ ശിക്ഷാവിധി പ്രസ്താവിക്കാൻ എന്റെ ശബ്ദംകൂടി തയ്യാറാകും. കാലം ഒരിക്കലും യഥാർത്ഥപാതകിയെ വെളിപ്പെടുത്താതിരിക്കയില്ല."

ഇത്രയുമ കഴിയുമ്പോഴേയ്ക്കു് രാജ്ഞി ജൊക്കാസ്റ്റം ആദ്യമായി, രംഗപ്രവേശം ചെയ്യുന്നു. പുരുഷന്മാർ തമ്മിൽ കാര്യമില്ലാതുള്ള കലഹം നാണക്കേടു ലജ്ജിതയാകുന്നു തൻ കുററവാളിയല്ലെന്നുള്ള ക്രിയോണിന്റെ സത്യവാചകം വിശ്വസിക്കണമെന്നു ജൊക്കാസ്റ്റം ഈഡിപ്പസിനോടു അപേക്ഷിക്കുന്നു. ഒടുവിൽ കോറസ്സിന്റെന്യായവാദപ്രകാരം ഈഡിപ്പസ് ക്രിയോണിനെ വെറുതെവിടുന്നു.

അനന്തരം ജൊക്കാസ്റ്റ വഴക്കിനു കാരണമെന്തെന്നു ഈഡിപ്പസിനോടു ചോദിക്കുന്നു. അദ്ദേഹം കാരണം പറയുന്നു. ഒരു കള്ളനായ ദൈവജ്ഞനെക്കൂട്ടി കൂട്ടുപിടിച്ചു കൊണ്ടാണ് ക്രിയോൺ ലായിയസ്സിനെ കൊന്ന അപരാധം തന്റെ മേൽ ചുമത്തുന്നതെന്നു ഈഡിപ്പസു പരാതിപ്പെടുന്നു.

ജൊക്കാസ്റ്റാ—"ഈ ദൈവജ്ഞന്മാർ ഒരുദോഷവും ചെയ്യാൻ പോകുന്നില്ല. ലായിയസ്സിനെ അദ്ദേഹത്തിന്റെ പുത്രൻ കൊല്ലുമെന്നു പണ്ടൊരു ചാരൻ പറഞ്ഞതാണു. പക്ഷെ കുറെ കൊള്ളക്കാരാണു അദ്ദേഹത്തെ വധിച്ചതെന്നു പരക്കെ അറിയാം. അദ്ദേഹത്തിന്റെ പുത്രനെ മലയിൽ കൊണ്ടുചെന്നു കളയുകയും ചെയ്തു"

ഈഡിപ്പസ്—പ്രിയേ നീ പറഞ്ഞ കാര്യം എന്നെ അസ്വസ്ഥചിത്തനാക്കുന്നു. ...എന്റെ മനസ്സു പഴയ സംഗതികളിലേക്കു പ്രയാണം ചെയ്യുന്നു ...

ജൊക്കാസ്റ്റം—"അങ്ങു എന്താണു ഞെട്ടിത്തിരിയുന്നതു്? എന്താണു കാര്യം?"

ഈഡിപ്പസ്—"ആ കൊലപാതകം എന്നാണറിഞ്ഞതു്?"

ജൊക്കാസ്റ്റം—"അങ്ങു രാജ്യഭാരം ഏററതിനു അല്പം മുമ്പു്"

ഈഡിപ്പസ് ഈശ്വരാ!

ജൊക്കാസ്റ്റം—എന്താണിതു്? 'അങ്ങയെ എന്താണു വിഷമിപ്പിക്കുന്നതു്?'

ഈഡിപ്പസ്—"അയ്യോ! അതു ചോദിക്കാതെ... ലായസ്സിനെ കണ്ടാൽ എങ്ങനെയിരിക്കും?"

ജൊക്കാസ്റ്റം—"നല്ലപൊക്കം. നരച്ച മുടി. ഏകദേശം അങ്ങയെപ്പോലെ."

ലായസ്സിന്റെ വധവേളയിൽ കൂടെയുണ്ടായിരുന്നവരിൽ ഒരുവൻമാത്രം രക്ഷപ്പെട്ടെന്നും അയാളിൽനിന്നാണു കഥകളെല്ലാം അറിഞ്ഞതെന്നും ജൊക്കാസ്റ്റം ഈഡിപ്പസിനെ ധരിപ്പിക്കുന്നു. അയാളെ വരുത്തണമെന്നായി ഈഡിപ്പസ്.

ജൊക്കാസ്റ്റം—"അങ്ങനെയാകാം. പക്ഷെ അങ്ങയുടെ ഹൃദയത്തെ ഇത്രവളരെ മർദ്ദിക്കുന്ന സംഗതി എന്താണ്?"

ഇതിനുത്തരമായി ഈഡിപ്പസ് തന്റെ കഥയെല്ലാം പറയുന്നു. കോറിന്തിലെ രാജാവായ പോളിബസ്സിന്റെയും, രാജ്ഞിയായ മിറോപ്പിയുടെയും പുത്രനായ താൻ സംഗതിവശാൽ, ദീർഘദർശന സങ്കേതത്തിൽ അന്വേഷിച്ചപ്പോൾ പിതൃഹന്താവും, മാതൃതല്പഗനും ആയിത്തീരുമെന്നുണ്ടായ പ്രവചനംമൂലം നാടുവിട്ടു തീബ്സിലെ ഒരു വഴിയിൽ വന്നെത്തുകയും, അവിടെവച്ചു ഒരു അപരിചിതനേയും കൂട്ടരെയും യദൃച്ഛയാ വാക്കുതർക്കമായി വധിക്കാനിടയാകുകയുംചെയ്യുന്നു ഈഡിപ്പസ് വെളിപ്പെടുത്തുന്നു. ആ അപരിചിതൻ ലായിസ്സുതന്നെയാണെങ്കിൽ വിധി ചതിച്ചു; തന്നേക്കാൾ നികൃഷ്ടനായി ലോകത്തിലാരുമില്ല. എന്നിങ്ങനെ പലതരത്തിൽ ഈഡിപ്പസ് വിലപിക്കുന്നു. മേൽ പറഞ്ഞവിധം രക്ഷപെട്ടയാൾ ഈ സംഭ്രമവും വിഷാദവും അടിസ്ഥാനരഹിതമാണെന്നു തെളിയിച്ചേക്കാമെന്നുള്ള ഒരാശമാത്രം അദ്ദേഹത്തിനു ശേഷിക്കുന്നു.

"ജൊക്കാസ്റ്റാ:—അതെങ്ങനെ?"

ഈഡിപ്പസ്:—"കൊള്ളക്കാരാണ് കൊന്നതെന്നു നീ പറയുന്നു. അയാളുടെ മൊഴികൊണ്ടു അതു സത്യമാണെന്നു തെളിയുന്നെങ്കിൽ കൊലപാതകി ഞാനല്ലല്ലോ. നേരേമറിച്ചു ഒരാററ വഴിപോക്കൻ കൊന്നു എന്നയാൾ പറഞ്ഞാൽ പിന്നെ ഇവനു യാതൊരു ഗതിയുമില്ല—ഞാൻതന്നെയാണു കൊന്നതു്."

ജൊക്കാസ്റ്റാ:—"ഓ; ശരി. പക്ഷെ അയാൾ കൊള്ളക്കാരുടെ വധത്തെപ്പററിയാണു പറഞ്ഞതു്. ഈ പട്ടണംമുഴുവൻ അതറിഞ്ഞിട്ടുണ്ട്. ഏതായാലും ലായായിയസ്സിനെ എന്റെ പുത്രൻ കൊല്ലും എന്നുപറഞ്ഞതുതെററി. പാവം, കുഞ്ഞു്. മരിച്ചുപോയതു അതാണ്. ദീർഘദർശനം പോലും! അബദ്ധം!"

ഈഡിപ്പസ്—"നീപറഞ്ഞതു ശരിയാണ്. എങ്കിലും ആ അജപാലകൻവരട്ടെ"

ഇതിനിടയിൽ ഒരു ദൂതൻവന്നു്, കോറിന്തിലെ പോളീബസ്‌രാജാവു് മരിച്ച വിവരം അറിയിക്കുന്നു. ദീർഘദർശനം തെററിയെന്നു ജൊക്കാസ്റ്റയും, ഈഡിപ്പസ്സും സന്തോഷിക്കുന്നു. എന്തെന്നാൽ ഈഡിപ്പസ് പോളീബസ്സിനെ കൊല്ലാതെ ആ പിതാവു് വാർദ്ധക്യത്താൽ സ്വയം മരിക്കുകയാണു് ചെയ്തതു്. അങ്ങനെ ദൈവത്തിനും പിഴ പററിയെന്നു ഈഡിപ്പസ് പറയുന്നു.

ജൊക്കാസ്റ്റം—"ഞാൻ പലതവണ അതു പറഞ്ഞില്ലേ?"

ഈഡിപ്പസ്—"എന്റെ ഭയംകൊണ്ടു അതൊന്നും വിശ്വസിച്ചില്ലന്നേയുള്ളു."

ജൊക്കാസ്റ്റം—"ഇനി മാതൃവിവാഹത്തെപ്പററിയും ഭയപ്പെടണമെന്നില്ല. അങ്ങനെയൊക്കെ സ്വപ്നം കാണുന്നവരുണ്ടായിരിക്കാം."

ഈഡിപ്പസ്—"വരട്ടെ. മീറോപ്പേ ഇന്നും ജീവിച്ചിരിക്കുന്നു. അവർ മരിക്കുന്നതുവരെ എനിക്കു് ഭയംതന്നെ"

ദൂതൻ—"പ്രഭോ, പോളീബസ് അങ്ങയുടെ പിതാവല്ല. ഞാനാണ് അങ്ങയെ അദ്ദേഹത്തിനു കാഴ്ചവച്ചതു!"

ഈഡിപ്പസ്-അൽഭുതപരതന്ത്രനായി പല ചോദ്യങ്ങളും ദൂതനോടു ചോദിക്കുന്നു ഒരു അജപാലകൻ പണ്ടു് ശിശുവായ അദ്ദേഹത്തെ കാലിൽ ഇരുമ്പാണിതറച്ചു് ദൂതനെ ഏൽപ്പിച്ചകഥ വെളിപ്പെടുത്തുന്നു. അജപാലകൻ ലായിയസ് രാജാവിന്റെ അടിമയുമായിരുന്നു.

ഈഡിപ്പസ് (ജൊക്കാസ്റ്റയോടു്) "പ്രിയേ, അങ്ങനെതന്നെയോ?"

ജൊക്കാസ്റ്റം—(വിവർണ്ണയായി) "ആര്?......"ആരുമാകട്ടെ......ആരായാലെന്തു്?... ഇയാൾ പറയുന്നതു മറന്നുകളയണം...."

ഈഡിപ്പസ്—"അസംബന്ധം. ഇതിന്റെ രഹസ്യം അറിയാതെ ഞാൻ അടങ്ങുകയില്ല."

ജൊക്കാസ്റ്റം—"നശിച്ചു! എല്ലാം നശിച്ചു. എന്റെ അവസാനവാക്കു. എല്ലാം തീർന്നു"

അങ്ങനെ എന്നേക്കുമായി ജൊക്കാസ്റ്റം മറയുന്നു.

ഈഡിപ്പസ്—"ഞാൻ താഴ്ന്നകുലത്തിൽ, ഒരിടയനായി ജനിച്ചതിനാൽ ആ സ്ത്രീ ലജ്ജിക്കുന്നു. ഞാൻ വിധിയുടെ ശിശുവായിട്ടാണു ജനിച്ചതു്. അങ്ങനെയിരിക്കെ, ഞാൻ ഞാനല്ലാതെ മറെറാരാളായിരിക്കണമെന്നു എനിക്കു ആഗ്രഹമില്ല. ഞാൻ ആരെന്നു് ഇപ്പോൾ ഞാൻ അറിയുകതന്നെചെയ്യും."

ഇവിടെ രണ്ടാമങ്കവും അവസാനിക്കുന്നു എന്നു് വേണമെങ്കിൽ സങ്കല്പിക്കാം. കഥാഗതി അതിന്റെ മൂർദ്ധന്യത്തിലെത്തിയിരിക്കുന്നു. ഈഡിപ്പസ് വിധിയുടെ കയ്യിൽ ഇപ്പോഴും ഒരു ശിശുവായിത്തന്നെയിരിക്കുന്നു. അക്കഥ അദ്ദേഹം അറിയുന്നതും നാടകം അവസാനിപ്പാനസന്ധ്യയിലേക്കു പായുന്നതും അനന്തരരംഗങ്ങളിലാണ്.

—o—

# ഈഡിപ്പസ്

നെല്ലിമുകളിൽ ജി. രാഘവൻപിള്ള, ബി. എ.

I

ഗ്രീക്ക് നാടകകർത്താക്കളുടെ കൂട്ടത്തിൽ അഗ്രഗണ്യനാണ് സോഫോക്ലീസ്. ആകെ നൂറോളം നാടകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടെന്നാണ് പ്രസിദ്ധി. എങ്കിലും ഏഴു നാടകങ്ങളിൽ കൂടുതൽ അദ്ദേഹത്തിന്റേതായി ഇപ്പോൾ കണ്ടുകിട്ടിയിട്ടില്ല. ഇവയിൽ ഏററവും പ്രസിദ്ധമായിട്ടുള്ള ഒരു നാടകമാണ് "ഈഡിപ്പസ്". മാതൃതല്പഗനായ ഒരു പുത്രന്റെ കഥയാണ് അതിലെ പ്രതിപാദ്യമെന്നുള്ളതിനാൽ മാതൃപ്രണയശീലത്തെപ്പററി പറയേണ്ട സ്ഥാനങ്ങളിൽ മിഥുനശാസ്ത്രജ്ഞന്മാർ (Sexologish) സാധാരണയായി "ഈഡിപ്പ കാംപ്ലെക്സ്" എന്ന പ്രയോഗം സ്വീകരിച്ചുകാണുന്നുണ്ട്. വാസ്തവത്തിൽ മനശ്ശാസ്ത്രത്തിന്റെ ചില വികൃതസ്ഥാനങ്ങളിൽ കടന്നുവീണ് കുറെ അബദ്ധസിദ്ധാന്തങ്ങൾ കണ്ടുപിടിച്ച ഫ്റായിഡ് ആണ് ഈഡിപ്പസ് കാംപ്ലെക്സ് എന്ന വികൃതത്തിന്റെയും ഉപജ്ഞാതാവ്. മാതൃതല്പഗത്വത്തെ കുറിയ്ക്കാൻ "ഈഡിപ്പസ് കാംപ്ലെക്സ്" എന്ന പേരു അത്രവളരെ ഉചിതമായിരിക്കയില്ല. സോഫോക്ലിസിന്റെ ഈഡിപ്പസ് നാടകം എങ്ങനെയുള്ളതാണെന്നറിഞ്ഞാൽ മാത്രമേ ഇതു തികച്ചും വിശദമാകയുള്ളൂ. അതിനാൽ ആ നാടകത്തിന്റെ സാമാന്യരൂപമെന്തെന്നു ഇവിടെ വെളിപ്പെടുത്താമെന്നു വിചാരിക്കുന്നു.

ബി. സി. ൪൯൬-ൽ ജനിച്ച സോഫോക്ലീസിനും വളരെക്കാലം മുമ്പ് ഗ്രീസിലെ തീബ്സ് (Thebes) നഗരം ലായിയസ് എന്ന രാജാവു ഭരിച്ചിരുന്നു. ജൊക്കാസ്റ്റാ എന്ന രാജ്ഞിയിൽ അദ്ദേഹത്തിനുണ്ടായ പുത്രനാണ് ഈഡിപ്പസ്. പക്ഷേ പുത്രന്റെ ജനനത്തിനു മുമ്പു തന്നെ അപ്പോളോ എന്ന ദേവൻ ഒരു ദീർഘദർശനം ചെയ്തിരുന്നു. ഈഡിപ്പസ് പിതാവിനെ കൊല്ലുകയും മാതാവിനെ വിവാഹംകഴിക്കയും ചെയ്യുമെന്നായിരുന്നു അതിന്റെ സാരം. ചിലരുടെ അഭിപ്രായത്തിൽ, ഈ ദീർഘദർശനവും, അതിന്റെ ഡെൽഫിയൻ പ്രവചനവും ഉണ്ടായതു് ഈഡിപ്പസിന്റെ ജനനശേഷമാണ്. ഘോരമായ ഈ ദുർവിധിയിൽ നിന്നൊഴിയാൻ പുത്രനെ കൊന്നുകളയാമെന്നു രാജാവും രാജ്ഞിയും തീരുമാനിക്കുന്നു. പക്ഷേ സ്വയം ആ ശിശുവിന്റെ ജീവനെ അപഹരിക്കാൻ അവർക്കു ധൈര്യം വന്നില്ല. അതിനാൽ കുട്ടിയെ മലമുകളിൽ കൊണ്ടുചെന്നു കളഞ്ഞേക്കാൻ അവർ അതിനെ ഒരു ആട്ടിടയന്റെ കയ്യിൽ ഏല്പിച്ചയയ്ക്കുന്നു. മലയിൽനിന്നു ഇഴഞ്ഞിറങ്ങി രക്ഷാമേഖലകളിലെങ്ങും വന്നുപോകരുതെന്നു കരുതി അതിന്റെ പാദങ്ങളിൽ ഇരുമ്പാണികൾ തറച്ചേക്കണമെന്നുള്ള രാജകല്പനയും നിറവേററപ്പെട്ടിരുന്നു. എന്നാൽ, കുട്ടി വെള്ളംപോലും കിട്ടാതെ മലമുകളിൽ കിടന്നു മരിച്ചേക്കുമെന്നുള്ള വിചാരം ആട്ടിടയനെ വല്ലാതെ പീഡിപ്പിച്ചു. അയാൾ അതിനെ കോറിന്ത് എന്ന അയൽരാജ്യത്തിലെ ഒരുവനെ ഏല്പിക്കുന്നു. ഈ രണ്ടാമനാകട്ടെ, കുട്ടിയെ ഉടനുതന്നെ കോറിന്തിലെ രാജാവിനു് കാഴ്ചവയ്ക്കുന്നു. അങ്ങനെ ഈഡിപ്പസ് കോറിന്തിലെ കൊട്ടാരത്തിൽ രാജകുമാരനായിത്തന്നെ വളരുന്നു. കാലിൽ ഇരുമ്പാണി തറയ്ക്കുകയാൽ നീരുവന്നിരുന്നതുകൊണ്ട് കോറിന്തിലെ രാജാവായ പൊളീബസ് കുട്ടിയ്ക്കു കൊടുത്ത പേരാണ് ഈഡിപ്പസ് (നീരുവന്ന പാദങ്ങളോടുകൂടിയവൻ) എന്നുള്ളതു.

രാജാവും അദ്ദേഹത്തിന്റെ പത്നിയും തന്റെ സ്വന്തം മാതാപിതാക്കന്മാർതന്നെയാണെന്നുള്ള വിശ്വാസത്തോടെ ഈഡിപ്പസ് വളരുന്നു. രാജകുമാരൻ അവരുടെ വാത്സല്യത്തിനും, മററുള്ളവരുടെ ബഹുമാനാദരങ്ങൾക്കും പാത്രമാണ്. അങ്ങനെയിരിക്കെ, ഒരവസരത്തിൽ, ഈഡിപ്പസ് വീഞ്ഞു കഴിച്ചുകൊണ്ടിരിക്കുമ്പോൾ, കൂട്ടുകാരിൽ ഒരുവൻ ഈഡിപ്പസിന്റെ അച്ഛൻ വാസ്തവത്തിൽ കോറിന്തിലെ രാജാവല്ലെന്നു പറയുന്നു. ഈഡിപ്പസ് ആകപ്പാടെ അമ്പരക്കുന്നു. അദ്ദേഹം പൊളീബസ്സിന്റെയും രാജ്ഞിയുടെയും അടുക്കൽ വിവരം ചോദിക്കുന്നു. അവർ കോപിച്ച് പ്രസ്തുത വാർത്ത പ്രചരിപ്പിക്കാൻ ശ്രമിച്ചവരെ കഠാപ്പെടുത്തുന്നു. എങ്കിലും അക്കഥ ക്രമേണ പ്രചരിപ്പിക്കുകതന്നെ ചെയ്യുന്നു. ഒടുവിൽ ഈഡിപ്പസ് ഡെൽഫോ എന്ന ദീർഘദർശനസങ്കേതത്തിലെത്തി സംശയം തീർക്കാൻ ശ്രമിക്കുന്നു. പക്ഷേ അവിടെ അദ്ദേഹത്തിനുണ്ടായ അനുഭവം ഭയാനകമായിരുന്നു. തന്റെ പിതാവിനെ വധിച്ച്, മാതാവിനെ വരിക്കും എന്നുള്ള കഥയാണ് ഡെൽഫോയിൽ ഈഡിപ്പസ് കേൾക്കാനിടയാകുന്നതു്!

തന്റെ യഥാർത്ഥ പിതാവ് കോറിന്തിലെ പോളീബസ് രാജാവും, മാതാവ് അദ്ദേഹത്തിന്റെ പത്നി മിറോപ്പേയും ആണെന്നു ധരിച്ചിരുന്ന ഈഡിപ്പസ്, ഡെൽഫോയിലെ പ്രവചനം കേട്ടതോടെ ആ രാജ്യംവിട്ടോടുന്നു. ഒടുവിൽ അദ്ദേഹം തന്റെ യഥാർത്ഥ ജന്മദേശമായ തീബ്സിൽത്തന്നെ അറിയാതെ വന്നുചേരുന്നു!

പിന്നത്തെക്കഥയൊക്കെ പണ്ടു പറഞ്ഞതുപോലെതന്നെ. ഈഡിപ്പസ് വന്നെത്തുമ്പോൾ തീബ്സ് അതിഭയങ്കരമായ ആപൽദശയിൽക്കൂടി കടന്നുപോകുകയാണ്. ലായിയസ് രാജാവിനെ ഒരു വഴിപോക്കൻ വിജനമായ ഒരു വീഥിയിൽവച്ചു കൊന്നിരിക്കുന്നു. തീബ്സ് "സ്ഫിൻക്സ്" എന്ന ഒരു ഘോരയക്ഷിയുടെ ബാധയിൽ അകപ്പെട്ടുകഴിയുന്നു. അവൾ ചോദിക്കുന്ന ചോദ്യങ്ങൾ മനുഷ്യർക്കാർക്കും ഉത്തരംപറയാൻ എളുപ്പമില്ലാത്തവയാണ്. ഉത്തരം കിട്ടാത്തപ്പോൾ അവൾ ആളിനെ പിടികൂടി ഭക്ഷിക്കയായി. ഈഡിപ്പസ്സിനേയും കണ്ടുമുട്ടി അവൾ ചോദ്യങ്ങൾ ചോദിക്കുന്നു. പക്ഷേ അദ്ദേഹം അതിനെല്ലാം ശരിയായ ഉത്തരം നൽകുകയും അങ്ങനെ നഗരത്തെ രക്ഷിക്കുകയും ചെയ്യുന്നു. നഗരവാസികൾ ആഹ്ലാദഭരിതരായി അദ്ദേഹത്തെ രാജാവായി വാഴിക്കുന്നു. കഥയറിയാതെ ജൊക്കാസ്റ്റാരാജ്ഞി ഈഡിപ്പസ്സിനെ വിവാഹം കഴിക്കയും ചെയ്യുന്നു! മാതാവിനു പുത്രൻമുഖേന മറരണ്ടു പുത്രന്മാരും രണ്ടു പുത്രിമാരുമായി നാലു കുട്ടികൾ ജനിക്കുന്നു!! ഇവരിൽ ഏററവും ഇളയകുട്ടി സോഫോക്ലീസ്സിന്റെ മറെറാരു നാടകത്തിലെ നായികയായ "ആന്റിഗോണേ" (Antigone) ആണ്.

ഇങ്ങനെ പതിനഞ്ചു വർഷം ഐശ്വര്യസന്തോഷാദികളിൽ കഴിഞ്ഞുകൂടുന്നു. പക്ഷേ ഇടതൂർന്ന പാപഭാരം ക്രമേണ ഫലദായകമായി പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നു. ദേവന്മാർക്കു പാപഭൂയിഷ്ഠമായ ഐശ്വര്യം സഹിക്കുന്നില്ല. ക്ഷാമം, മഹാമാരി തുടങ്ങിയ ശിക്ഷകൾ ഓരോന്നായി തീബ്സിനെ എല്ലാവശത്തുനിന്നും കൊത്തിപ്പറിക്കുന്നു. അതിന്റെ വേദനയിൽ ഞെളിപിരികൊള്ളുന്നു. തീബ്സ്നഗരം ഈഡിപ്പസ് രാജാവിന്റെ അടുക്കൽ സങ്കടനിവേദനം ചെയ്യുന്നു. ഇവിടെയാണ് സോഫോക്ലിസ്സിന്റെ 'ഈഡിപ്പസ് രാജാവ്' (King Oedipus) എന്ന പ്രകൃതനാടകം ആരംഭിക്കുന്നതു്.

നാടകത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപ് ഒരു കാര്യം വിശിഷ്യ പറയേണ്ടതുണ്ട്. സോഫോക്ലിസ്സിന്റെ നാടകങ്ങൾക്കു രംഗം ഒന്നേയുള്ളൂ. ഏതെങ്കിലും ഒരു സ്ഥലത്തു ആരംഭിക്കുന്ന നാടകം അവിടെത്തന്നെ തുടർന്നു അവസാനിക്കുന്നു. ഒരു നാടകം രംഗപ്രയോഗം ചെയ്യാനുള്ള സമയത്തിനകം നടക്കുന്ന കഥമാത്രമേ അദ്ദേഹത്തിന്റെ നാടകങ്ങളിൽ കാണുകയുള്ളൂ. അനേകം രംഗങ്ങളാൽ അനേകകാലംകൊണ്ടു നടക്കുന്ന കഥകളൊന്നും സോഫോക്ലിസിന്റെ നാടകങ്ങളിൽ കാണുന്നില്ല. സ്ഥലത്തിന്റെയും, കാലത്തിന്റെയും ഈ ഐക്യം അരിസ്റ്റോട്ടിലിന്റെ സാദരമായ അംഗീകരണത്തിനു പാത്രമായി. നാടകങ്ങൾക്കു ഈ ഐക്യം വേണോ വേണ്ടയോ എന്നുള്ളതിനെപ്പററി നാം ഇവിടെ ആലോചിക്കേണ്ടതില്ല. സ്ഥലകാലൈക്യങ്ങൾ പരിപാലിക്കാത്ത പല നാടകങ്ങളും വിശ്വവിഖ്യാതിസമ്പാദിച്ചിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാനാമെന്നില്ലെന്നേയുള്ളൂ.

"ഈഡിപ്പസ്" എന്ന നാടകത്തിന്റെ രംഗം തീബ്സിലെ കൊട്ടാരത്തിന്റെ മുൻവശമാണ്. അവിടെ തൽക്കാലം മൂർദ്ധന്യദശയിലെത്തിയിരിക്കുന്ന ആപത്തിൽനിന്നു തങ്ങളെ രക്ഷപ്പെടുത്തണമെന്നു ഈഡിപ്പസ് രാജാവിനോടു പ്രാർത്ഥിക്കാൻ തീബ്സിലെ ആബാലവൃദ്ധം ജനങ്ങളും വന്നുകൂടിയിരിക്കുന്നു. രാജാവു മഹാമനസ്കനും ധീരോദാത്തനുമൊക്കെത്തന്നെ. ഒരു പിതാവിനെപ്പോലെയാണു അദ്ദേഹം അവരെ സംബോധനചെയ്യുന്നതു്. അവരുടെ സങ്കടം കേട്ടുമനസ്സുരുകി അദ്ദേഹം അവരെ ഇങ്ങനെ ആശ്വസിപ്പിക്കുന്നു:-"ഞാൻ നിങ്ങളുടെ സ്ഥിതിയോർത്തു വേദനപ്പെടുന്നു. നിങ്ങൾ സങ്കടപ്പെടുമ്പോൾ എന്നേക്കാൾ കൂടുതലായി ആരും അത്രമനഃക്ലേശം അനുഭവിക്കുന്നില്ല. ഏതായാലും ഞാൻ അപ്പോളോദേവന്റെ ഇംഗിതമറിയാനായി ക്രിയോണിനെ (ജൊക്കാസ്റ്റയുടെ സഹോദരൻ) അയച്ചിട്ടുണ്ട്. അയാൾ ഇന്നുവരേണ്ടതാണു. വരുമ്പോൾ അപ്പോളോയുടെ അനുഗ്രഹമനുസരിച്ചു പ്രവർത്തിക്കാൻ ഞാൻ ഒരുക്കമാണ്."

അപ്പോഴേയ്ക്കു ക്രിയോൺ ദൂരെനിന്നു വരുന്നതുകാണാറായി. അയാൾകൊണ്ടുവന്ന വാർത്ത ലായിയസ്സിനെ വധിച്ചതാണു ദേവകോപത്തിനു കാരണമെന്നും, വധകർത്താവു തീബ്സിൽ തന്നെയുണ്ടെന്നുമായിരുന്നു. ഉടൻതന്നെ ഈഡിപ്പസ് ചോദിക്കയാണ് "ഒരു രാജാവിനെ വധിച്ചിട്ടു അതിനെപ്പററി യാതൊരു അന്വേഷണവും ഉണ്ടായില്ലേ?"

ക്രിയോൺ "ആ യക്ഷി അവളുടെ കടംകഥകളുമായി ഇവിടെയൊക്കെ ഓടിനടന്നു ഞങ്ങളുടെ ശ്രദ്ധതിരിച്ചുകളഞ്ഞു."

ഈഡിപ്പസ് 'ആകട്ടെ ഞാൻ ആദ്യം മുതൽ അന്വേഷണം നടത്തുന്നുണ്ട്. ഒരു പക്ഷേ ലായിയസ്സിനെ കൊന്നയാൾ എന്റെ നേരെയും കയ്യുയർത്തിയേക്കുകയില്ലെന്നാരുകണ്ടു?"

ഈ സന്നദ്ധത കണ്ടു സന്തോഷിച്ച് എല്ലാവരും സ്ഥലംവിടുന്നു.

വീണ്ടും ഈഡിപ്പസ് പ്രവേശിക്കുമ്പോൾ നാടകപാത്രങ്ങളുടെയും, അതേസമയം മാലോകരുടെയും സ്ഥാനം വഹിക്കുന്ന കോറസ്സിനെ കാണുന്നു. ലായിയസ്സിന്റെ ഘാതാവു് അവരുടെ കൂട്ടത്തിലുണ്ടെങ്കിൽ സ്വയം വെളിപ്പെടുത്താമെന്നും, അങ്ങനെ ചെയ്താൽ ശിക്ഷയുടെ കാഠിന്യം കുറയുമെന്നും ഈഡിപ്പസ് പ്രഖ്യാപനം ചെയ്യുന്നു. പക്ഷേ ആരും വെളിപ്പെടുന്നില്ല. ഒരു നിശ്ശബ്ദത മാത്രം ശേഷിക്കുന്നു. "വിദേശികൾ വല്ലവരുമാണ് കൃത്യം ചെയ്തതെങ്കിൽ അവരെ കാട്ടിത്തരണം", എന്നായി ഈഡിപ്പസ്. വീണ്ടും നിശ്ശബ്ദത. അപ്പോഴേയ്ക്കും അദ്ദേഹം അത്യന്തം കുപിതനായിത്തീരുന്നു. ഘാതാവിനെ കണ്ടുപിടിച്ചാൽ നാട്ടുകടത്തിക്കളയുമെന്നും ലായിയസ്സിന്റെ സിംഹാസനം, ശയ്യ, പത്നി എന്നിതെല്ലാം കൈവന്നിരിക്കുന്ന താൻ ഒരു പുത്രനെപ്പോലെ അദ്ദേഹത്തിനുവേണ്ടി സർവസാഹസങ്ങളും ചെയ്യുന്നതാണെന്നും, കുററവാളിയെ അവസാനശ്വാസംവരെ പിൻതുടരുന്നതാണെന്നും മററും ഈഡിപ്പസ് ഉച്ചത്തിൽ ഉഴറുന്നു. കോറസ് ഭയപ്പെടുന്നു. താനല്ല ലായിയസ്സിനെ വധിച്ചതെന്നു അവരിൽ ഒരാൾ പറയുന്നു. (ഇതു സകലരും പറയുന്നതായി ഗണിക്കേണ്ടതാണ്.) പക്ഷേ "ടിയറിസിയസ്" എന്ന ദൈവജ്ഞനെ വരുത്തി കാര്യം ചോദിക്കണമെന്നാണ് കോറസ്സിന്റെ ഉപദേശം.

അന്ധനായ ടിയറിസിയാസ് മറെറാരുവന്റെ സഹായത്തോടെ വന്നുചേരുന്നു. ഈഡിപ്പസ് കാര്യം പറയുമ്പോഴേക്കു അയാൾ പരുങ്ങുന്നു. ഘാതാവിനെ ചൂണ്ടിക്കാണിക്കാൻ അയാൾക്കു നിവൃത്തിയില്ല. തന്നിമിത്തം അയാൾ ഈഡിപ്പസിന്റെ അപേക്ഷ നിരസിക്കുന്നു. ഈഡിപ്പസ് ചോദിക്കുന്നു. രോഷാകുലനാകുന്നു; അട്ടഹസിക്കുന്നു. എന്നിട്ടും ഫലമൊന്നുമില്ല. ടിയറിസിയാസ് ഒരക്ഷരം പറയുകയില്ല.

ഈഡിപ്പസ്.—"നിങ്ങൾതന്നെ ഈ കൊലപാതകത്തിൽ പങ്കുവഹിച്ചിരിക്കണമെന്നു ഞാൻ കരുതുന്നു."

ടിയറിയാസ്:—"എന്നാൽ കേട്ടുകൊള്ളുക. അങ്ങാണ് ഈ നാടിനെ അശുദ്ധമാക്കിയതു് "

ഈഡിപ്പസ്:—"എന്തു്! ഇതിന്റെ ഭവിഷ്യത്തു് നിങ്ങൾക്കറിയാമോ? ആ വാക്കുകൾ ഒന്നുകൂടി പറയാൻ ധൈര്യമുണ്ടോ?"

ടിയറിസിയാസ്:—"അങ്ങു് അന്വേഷിക്കുന്ന കൊലപാതകി അങ്ങുതന്നെയാണ്."

ഈഡിപ്പസ്:—"അമ്പട ഭ്രാന്തു്; ശുദ്ധഭ്രാന്തു്! എല്ലാം പറയൂ. കേൾക്കട്ടെ!

ടിയറിയാസ്—"താൻ ചെയ്യുന്നതെന്തെന്നറിയാതെ അങ്ങു് പാപകരമായ പ്രണയബന്ധത്തിലേർപ്പെട്ടിരിക്കുന്നു. അതു ഞാനറിയുന്നു; അങ്ങറിയുന്നില്ല."

ഈഡിപ്പസ്—"കണ്ണില്ലാത്ത പൊട്ടൻ! (ഓർത്തുനോക്കിയിട്ടു്) ഓ, ഒരുപക്ഷേ താനല്ലെങ്കിൽ ക്രിയോണായിരിക്കും കൊലപാതകി."

ടിയറിസിയാസ്—"ക്രിയോണല്ല. അങ്ങയുടെ ശത്രു അങ്ങുതന്നെ."


പക്ഷേ ഈഡിപ്പസ് ക്രിയോണിനെത്തന്നെ സംശയിക്കുന്നു. തന്റെ ഏററവും വിശ്വസ്തബന്ധു തന്നെ ചതിക്കുന്നല്ലോ എന്നു അദ്ദേഹം വ്യസനിക്കുന്നു. കണ്ണുണ്ടായിട്ടും സ്വന്തംപാതകം കാണാത്തവൻ, എന്നു് ടിയറിസിയാസ് അദ്ദേഹത്തിന്റെ നേരേ മുള്ളുവാക്കു പ്രയോഗിക്കുന്നു. മാതാവിന്റെയും പിതാവിന്റെയും ഇരട്ടയുള്ള ശാപം താമസിയാതെ ഈഡിപ്പസ്സിനെ നാടുകടത്തുമെന്നയാൾ പറയുന്നു. അയാളുടെ മുള്ളുവാക്കുകൾക്കു മൂർച്ചകൂടുന്നു:—"അങ്ങു് യക്ഷിയുടെ കടംകഥകൾക്കെല്ലാം ഉത്തരംപറയാൻ സമർത്ഥനായിരുന്നല്ലോ. ഇപ്പോൾ ആ സാമർത്ഥ്യമൊക്കെയെങ്ങു്?" ഒടുവിൽ ആട്ടിപ്പുറത്താക്കപ്പെട്ടപ്പോൾ, അയാൾ വീണ്ടും തുടരുകയാണ്:—"ലായിയസ്സിന്റെ ഘാതാവ് ഇവിടെയുണ്ട്. ഒരു വിദേശിയുടെ ഭാവം. പക്ഷേ തീബൻ ആണെന്നു് അയാളെന്നു് ഉടൻ വെളിപ്പെടും. കണ്ണുകളുണ്ട് ഇവിടെ വന്ന അയാൾ കുരുടനായി നാടുവിടും. ഇന്നു സമ്പന്നൻ; അന്നു തെണ്ടി. ഒരേസമയത്തു് അയാൾ സ്വന്തം കുട്ടികളുടെ പിതാവും സഹോദരനുമാണെന്നു കണ്ടുപോകും. തന്നെ പ്രസവിച്ച സ്ത്രീയുടെ പുത്രനും ഭർത്താവും അയാൾതന്നെയെന്നറിയും, പിതൃഘാതാവ്; മാതൃതല്പഗൻ, നടക്കട്ടെ. ഇപ്പറഞ്ഞതെല്ലാം കള്ളമാണെന്നു തെളിയിക്കാൻ കഴിയുമെങ്കിൽ അന്നു് എന്നെ അന്ധനെന്നു വിളിക്കുക."

സോഫോക്ലീസിന്റെ നാടകത്തിനു് അങ്കവിഭജനം എന്നൊന്നുരപ്പാടുണ്ടായിരുന്നെങ്കിൽ ടിയറിസിയാസ് രംഗം വിടുന്ന ഈ ഘട്ടത്തിൽ ഒന്നാമങ്കം അവസാനിച്ചു എന്നു പറയാമായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ നാടകങ്ങൾക്കു അങ്കങ്ങളില്ല; ഒരേസ്ഥലത്തു രംഗകല്പനപോലും കൂടാതെ നാടകം തുടരുകമാത്രമേ ചെയ്യുന്നുള്ളൂ.

ദൈവജ്ഞന്റെ നിഷ്ക്രമണത്തിനു ശേഷം ക്രിയോൺ പ്രവേശിക്കുന്നു. ഈഡിപ്പസ് തന്നെപഴിച്ചുവെന്നറിഞ്ഞിരുന്ന ക്രിയോൺ അതിനെപ്പററി കോറസ്സിനോടു ചോദിച്ചുകൊണ്ടുനില്ക്കുമ്പോൾ ഈഡിപ്പസ് അവിടെ വരുന്നു.

അവർ തമ്മിൽ അതിനെസംബന്ധിച്ചുണ്ടാകുന്ന വാഗ്വാദം ഈഡിപ്പസ്സിന്റെ ശൗര്യത്തെക്കുറിച്ചു അല്പംവല്ലായ്മക്കിടയാക്കുന്നുണ്ട്. എന്തെന്നാൽ ക്രിയോൺ വാസ്തവത്തിൽ അപരാധമൊന്നും പ്രവർത്തിച്ചിട്ടില്ല. എങ്കിലും, ഈഡിപ്പസ് വീണ്ടും ചോദിക്കുന്നതു്, ലായിയസ്സിന്റെ മരണത്തെപ്പററി എന്തുകൊണ്ടു് അന്വേഷണമൊന്നും നടന്നില്ല എന്നാണ്. ക്രിയോണിനു് രാജത്വം ആവശ്യമല്ലെന്നും, ഒരു ശാന്തജീവിതമാണ് കൂടുതൽ അഭികാമ്യമെന്നും അയാൾ തീർത്തുപറയുന്നു. "എനിക്കു് ഗുണകരമായിട്ടുള്ളതിനെക്കാൾ കൂടുതൽ


(ശേഷം നാലാംപേജിൽ)



ഷേക് അബ്ദുല്ലാ നാഷനൽ കാൺഫറൻസ് പ്രവർത്തകരുമൊത്ത്.



പണ്ഡിറ്റ് നെഹ്റു ജി. ഒ. മെഡൽ ലഭിച്ച മേജർ ബലവന്ത് സിംഗുമായി ഹസ്തദാനം ചെയ്യുന്നു



കാശ്മീരിലെ വനിതാ റെഡ് ക്രാസ് വിഭാഗം.




ബക്ഷി ഗുലാം മുഹമ്മദ് കാശ്മീർ ദേശീയപതാക ഉയർത്തുന്നു

# കാഷ്മീരിലെ സ്വാതന്ത്ര്യാഘോഷം

മേയ് 9-ാംനു- സ്വാതന്ത്ര്യവാരം സംബന്ധിച്ചു കൂടിയ ഒരു മഹായോഗത്തിൽ പ്രസംഗിച്ചുകൊണ്ട് കാഷ്മീർ പ്രധാനമന്ത്രി ഷേക് അബ്ദുല്ലാ ഇപ്രകാരം പ്രസ്താവിച്ചു:— '17 വർഷക്കാലത്തെ ഉഗ്രസമരത്തിനുശേഷമാണ് നാം സ്വാതന്ത്ര്യം നേടിയത്. പകിസ്ഥാനെയോ മറ്റേതെങ്കിലും ശക്തിയെയോ ആ സ്വാതന്ത്ര്യത്തിന്റെമേൽ കൈവയ്ക്കുവാൻ നാം അനുവദിക്കുകയില്ല. നമുക്കിതുവരെ വിജയം കൈവരുത്തിയ അതേ ദൃഢനിശ്ചയത്തോടെതന്നെ നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും നാം തയ്യാറാണ്.''

രാജാവിന്റെ മർദ്ദനത്തിൽനിന്നും വിമോചിതരായ കാഷ്മീരികൾ ഇപ്പോൾ ആക്രമണകാരികളുടെ മർദ്ദനത്തിൽനിന്നു മോചനം നേടുന്നതിനും ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഷേക് അബ്ദുല്ലായുടെ ധീരമായ ഈ പ്രഖ്യാപനം കാഷ്മീരികളുടെ പൊതുവായ അഭിപ്രായത്തെയാണു പ്രതിധ്വനിപ്പിക്കുന്നത്. സ്വർഗ്ഗീയസൗകുമാര്യം തുളുമ്പുന്ന ഒരു ഭൂവിഭാഗമാണു കാഷ്മീർ. ഉൽഫുല്ലസുരഭിലമായ സുവർണ്ണസൂനങ്ങളും, പച്ചപ്പരവതാനി വിരിച്ച പാടങ്ങളും, സരസ്സുകളും അരുവികളും, ദേവതുല്യരായ കർഷകരും, സ്വർഗ്ഗീയസുഷമ തിരവുടലാർന്നപോലെ തിളങ്ങുന്ന മടവാർമണികളും ലോകസമ്മോഹനമായ ഒരു സൗന്ദര്യമണ്ഡപമാക്കി കാഷ്മീരിനെ ഉയർത്തി. ആ മനോഹരഭൂവിഭാഗത്തിൽ ഇന്നു അക്രമികളുടെ പൈശാചികനൃത്തമാണു നടക്കുന്നതു. പൈങ്കിളിയുടെ കളകളത്തിൽ പുളകമാണ്ട കാഷ്മീർ ഇന്നു പീരങ്കിയുടെ ഗർജ്ജനത്തിൽ വിറങ്ങലിച്ചുനിൽക്കുന്നു. ആക്രമം സ്വീകാര്യമല്ലാത്ത ഒരു തീരുമാനവുമായി ഐക്യരാഷ്ട്രസമിതികമ്മിഷൻ കാഷ്മീരിലേക്കു തിരിക്കുവാൻ ഒരുങ്ങിയിരിക്കുന്നു.

ഈ പരിതഃസ്ഥിതിയിലാണു കാഷ്മീരികൾ സ്വാതന്ത്ര്യവാരം ആഘോഷിച്ചതു്. അവസാനത്തെ ആക്രമണകാരിയെയും ആട്ടിപ്പായിച്ച് കാഷ്മീരിൽ കളിയാടിയിരുന്ന ശാന്തത വീണ്ടെടുക്കുന്നതുവരെ ഓരോ കാഷ്മീരിയും സമരം ചെയ്യുമെന്ന് അവർ പ്രതിജ്ഞചെയ്തു. ആ പ്രതിജ്ഞ പാലിക്കുന്നതിനായി കാഷ്മീരിലെ സ്ത്രീയും പുരുഷനും ധീരതയോടെ മുന്നോട്ടു പായുകയാണ്.

1905-ൽ ശ്രീനഗരത്തിലെ ഒരു ഗ്രാമത്തിൽ ജനിച്ച് നവീനകാഷ്മീരിന്റെ നിർമ്മാതാവായി ഉയർന്ന് പ്രജായത്തരാഷ്ട്രത്തിന്റെ അഭിനന്ദനം ആർജ്ജിച്ചുനിൽക്കുന്ന ഷേക് മുഹമ്മദ് അബ്ദുല്ലായുടെ നേതൃത്വത്തിൽ കാഷ്മീരിലെ സ്വാതന്ത്ര്യസമരം വിജയം വരിക്കുകതന്നെ ചെയ്യും.



കാഷ്മീർ നാഷനൽ മിലിഷ്യാ മാർച്ചുചെയ്യുന്നു.



റാഫി അഹമ്മദ് കിദ്വായി ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു. പുറകിൽ ഡെപ്യൂട്ടിപ്രധാനമന്ത്രി ബക്ഷി ഗുലാം മുഹമ്മദ്.



മേജർ ജനറൽ കുൽവന്ത് സിംഗ് ഒരു ഭടനുമായി സംസാരിക്കുന്നു.

(ഒന്നാംപേജിൽനിന്നും തുടർച്ച)

അതിനാൽ ജനങ്ങളുടെ സാമ്പത്തികശക്തിക്കതീതമായ മൂലധനം മുടക്കേണ്ട എല്ലാപ്രവൃത്തിയും ആദ്യമായിഉപേക്ഷിക്കാം. പണം സംഭരിപ്പിക്കാനല്ല; വിതരണംചെയ്യാനാണ് ശ്രമിക്കേണ്ടതു്. ഈ കാരണത്താൽ കേന്ദ്രീകൃതമല്ലാത്ത ഉല്പാദനരീതികളാണു നാം സ്വീകരിക്കേണ്ടതു്.

ഉല്പാദനംകേന്ദ്രീകൃതമാകുമ്പോൾ അസംസ്കൃതസാധനങ്ങളും, തൊഴിൽകാർ, വിപണികളും ഇവപരിപൂർണ്ണമായിനിയന്ത്രിക്കണം. അതിനു ഹിംസാവിധികളും ഏർപ്പെടുത്തുകയും, ജനങ്ങളെ പരതന്ത്രരാക്കയും, ചൂഷണംചെയ്യുകയും വേണ്ടിയിരിക്കുന്നു. ഈവിധം ഉൽപ്പാദിപ്പിക്കുന്നവ ആദ്ധ്യാത്മികരണ്ടലത്തിൽനിന്നു നോക്കിയാൽ മർത്ത്യരക്തത്തിൽ കുതിർന്നവയാണെന്നു മനസ്സിലാകും. ദാവീദുരാജാവിനെപ്പോലെ നാം അവയെ ഉപേക്ഷിക്കുകയോ, വയറുവീർക്കെ തിന്നുകയോ വേണ്ടതു്?

ഖാദിയും ഗ്രാമനിർമ്മിതമായ മററു വസ്തുക്കളും ഉല്പാദനവേളയിൽ തന്നെ വിതരണം ചെയ്യപ്പെടുന്നവയും, മററുള്ളവരുടെ ജീവിതത്തിൻമേൽ നിയന്ത്രണം ചുമത്താത്തവയുമാണു്.

## വിലകൾ

ഈ രീതിയിൽ ഉണ്ടാക്കുന്നവസ്തുക്കൾക്കു് കേന്ദ്രീകൃത വ്യവസായോല്പാദനത്തെക്കാൾ വിലകുറവാകണമെന്നുള്ളതിനു സംശയമില്ല. ഗ്രാമോല്പന്നങ്ങൾക്കു വേലക്കൂലികൂടി വില്പനവിലയിൽ കൊടുക്കണം. യന്ത്രോല്പന്ന വസ്തുക്കളുടെ വിലയാകട്ടെ, മില്ലുടമസ്ഥൻെറ മുടക്കുമുതലിനെമാത്രം അടിസ്ഥാനമാക്കിയുള്ളതും ഉല്പാദനത്തിൽ പൊതുജനങ്ങളുടെ ഓഹരികളെ വിഗണിക്കുന്നതുമാണു്. മില്ലുകൾക്കാവശ്യമായ നല്ലതരം കരിമ്പും, പഞ്ഞിയും ഉല്പാദിപ്പിക്കുന്നതിനു ഗവേഷണം നടത്തുന്നതിനും, റെയിൽമാർഗ്ഗങ്ങളും കടൽമാർഗ്ഗങ്ങളും സൗകര്യപ്പെടുത്തുവാനും വിവിധസേനകളെക്കൊണ്ടു അതു സംരക്ഷിക്കുവാനും, പൊതുജനങ്ങളിൽ നിന്നീടാക്കുന്ന നികുതിയുടെ ഒരു വലിയ അംശം ചെലവാകുന്നു. ഈ ചെലവുകൂടി കണക്കാക്കി മിൽ സാധനങ്ങളുടെ യഥാർത്ഥമൂല്യം ഗണിച്ചാൽ ഒരാൾക്കും പേറ്റാൻ നിവൃത്തിയില്ലാത്ത ഭീമമായ വിലയാണവയ്ക്കുള്ളതു്.

മേൽപറഞ്ഞ ധനവ്യയത്തിനു പുറമെ സാംസ്കാരമൂല്യവും പരിഗണിക്കണം. യുദ്ധങ്ങളുടെയും യുദ്ധകളത്തിൽ ചൊരിയുന്ന മനുഷ്യരക്തത്തിൻേറയും, ഹിംസയ്ക്കുനൽകുന്ന പ്രശംസയുടേയും, വ്യവസായപ്രിതമാർഗ്ഗങ്ങളിൽകൂടി ചെയ്യുന്ന ദ്വേഷപ്രചരണത്തിൻേറയും വില നാണയങ്ങളെക്കൊണ്ടു് കണക്കാക്കാമോ? ആത്മാവിനെ കൈമാററം ചെയ്യുന്നതു ഏതു നാണയം കൊണ്ടാണ്.

## ഉപഭോഗം

നമ്മിൽ ചിലർ ഉല്പാദകന്മാരല്ലെങ്കിലും എല്ലാവരും ഉപഭോക്താക്കളാണു്. ഉപഭോക്താവിൻെറ കർത്തവ്യം എന്തായിരിക്കാം?. പണം കൊടുക്കുന്നതുകൊണ്ടു മാത്രം ഉല്പാദകനോടുള്ള കടപ്പാടു തീരുമോ? ഇല്ല കർബോൺ ആരെന്നു പറഞ്ഞു മോചനം സമ്പാദിക്കയും എല്ലാ ചുമതലകളിൽ നിന്നും ഒഴിഞ്ഞു മാറാമെന്നാഗ്രഹിക്കയും ചെയ്യേണ്ട. നാം ഒരു സാധനം വാങ്ങുമ്പോൾ അതു നിർമ്മിക്കുന്നതിനുണ്ടായ എന്ന എല്ലാവ്യവസ്ഥകളും ശരിവച്ചു എന്നർത്ഥം. അടിമത്തൊഴിലാളികളാണു ഉണ്ടാക്കിയതെങ്കിൽ അടിമകളെക്കൊണ്ടു ജോലിചെയ്യിക്കുന്ന ഏർപ്പാടു ശരിവച്ചു എന്നു മനസ്സിലാക്കണം! മററൊരു ജനതയെ രാഷ്ട്രീയ പാരതന്ത്ര്യത്തിൽവച്ചുകൊണ്ടാണുനിർമ്മിച്ചതെങ്കിൽ നാം സാമ്രാജ്യദുഷ്പ്രഭുത്വത്തിനു അനുകൂലി എന്നർത്ഥമാകുന്നു. ഹിംസയുടെ സഹായത്താലാണാസാധനം വിററതെങ്കിൽ മനുഷ്യരക്തം ചൊരിച്ചു കുററം നമുക്കുണ്ടു്. ഇത്രയധികം വില കൊടുത്തു സാധനം വാങ്ങേണ്ട ആവശ്യം വല്ലതുമുണ്ടോ? അങ്ങിനെയല്ലെങ്കിൽ നമ്മുടെ രക്ഷയ്ക്കു പിന്നെ മാർഗ്ഗമെന്തുണ്ടു?

## ആദ്ധ്യാത്മികസ്വദേശി

നമുക്കാവശ്യമുള്ള സാധനങ്ങൾ സ്വീകാര്യമായ സാഹചര്യങ്ങളിൽ ഉല്പാദിപ്പിച്ചതല്ലെങ്കിൽ എന്തുചെയ്യണമെന്നാലോചിക്കാനില്ല. ഉല്പാദനസാഹചര്യത്തെപ്പററി തീർച്ചയില്ലെങ്കിൽ ഒരു സാധനവും വാങ്ങരുതു്. ആവശ്യങ്ങൾക്കു അതിരു കല്പിക്കയും ആത്മനിയന്ത്രണം ശീലിക്കയും ചെയ്യണം. കഷ്ടപ്പാടുണ്ടാകാം? അതാണു് നിങ്ങളുടെ കുരിശു് എന്നു ക്രിസ്ത്യാനിമാർ ഭാഷയിൽ പറയാം. ആ കുരിശു ചുമന്നു തലചായ്ക്കുവാൻ ഇടമില്ലാത്ത ഗുരുവിനെ അനുഗമിക്കുക. ശിഷ്യൻ ഗുരുവിനെക്കാൾ ശ്രേഷ്ഠനല്ലല്ലോ. അഭിലാഷനിവൃത്തിയല്ല, ജീവിതലഘൂകരണമായിരിക്കണം നമ്മുടെ ലക്ഷ്യം. യഥാർത്ഥജീവിതത്തിലേക്കുള്ള വാതിലും വഴിയും ഇടുങ്ങിയതും നാശത്തിലേക്കുള്ള വാതിലും വഴിയും വിസ്താരമേറിയതുമാണു്.

ഉല്പാദനസാഹചര്യങ്ങളെ സംബന്ധിച്ചു വിവരമുള്ള സാധനം വാങ്ങുക എന്ന നിയന്ത്രണം നമ്മുടെ അയലത്തുള്ള സാധനം മാത്രം ഉപയോഗിക്കാൻ വഴിനൽകും. ഇതാണു് യഥാർത്ഥസ്വദേശി. ഈ സ്വദേശിയും വിദേശികളോടോ അവരുണ്ടാക്കിയ സാധനങ്ങളോടോ ഉള്ള വിദ്വേഷത്തിൽനിന്നു ജനമെടുത്തതല്ല. പ്രത്യുത, നമുക്കു നിശ്ചയമില്ലാത്ത ഉല്പാദനസാഹചര്യങ്ങളിൽ ഭാഗഭാക്കുകളാകാനുള്ള നിവൃത്തിയില്ലായ്മയെ അടിസ്ഥാനമാക്കി നിശ്ചയിച്ചിരിക്കുന്നതാണു്.

ഈ ലളിതജീവിതത്തിൽ സംസ്കാരവിരക്തിയൊന്നും ഉൾപ്പെടുന്നില്ല. താഴെ പറയുന്ന വചനം ആരേക്കാൾ നന്നേ ഉള്ള. "ദ്വേഷമുള്ളിടത്തെ തടിച്ച കാളയേക്കാൾ സ്നേഹമുള്ളിടത്തെ ശാകഭോജനം നല്ലതു്" "വീട്ടനിറയെ സമൃദ്ധിവും കലഹവുമുണ്ടായിരിക്കുന്നതിനേക്കാൾ ഒരു ഉണങ്ങിയ അപ്പക്കഷണവും ശാന്തതയും നന്നു !!

## തൊഴിൽ

ഉല്പാദനസാഹചര്യങ്ങളിൽ ഭാഗഭാക്കാവുന്നതുപോലെ ഉപഭോക്താവു്, തൊഴിലിനേയും സഹായിക്കുന്നുണ്ടു്. ഒരു ജനതയ്ക്കു ഭക്ഷണം കൊടുക്കുക എന്നുവച്ചാൽ കുറെ ഭക്ഷണംവാങ്ങി എല്ലാവർക്കും ഭാഗിച്ചുകൊടുക്കുക എന്നർത്ഥമില്ല. അതു വിവേകശൂന്യമായ ദാനമാണു്. ആളുകൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുകയാണവരെ പുലർത്താനുള്ള മാർഗ്ഗം. നാം സാധനം വാങ്ങാനുപയോഗിക്കുന്ന ഓരോ അണയും വ്യവസായത്തെ മാർഗ്ഗംകാട്ടുകയാണുചെയ്യുന്നതു്. നാം ജപ്പാനിൽനിന്നുവന്ന ഒരു പാവ വാങ്ങുന്നവെങ്കിൽ ഒരു വ്യവസായധുരന്ധരേക്കാൾ കൂടുതൽ അവിടുത്തെ വ്യവസായത്തെ സഹായിക്കുന്നു. നമ്മുടെ നാട്ടിലെ പതിപ്പട്ടിണിക്കാരുടെ വയറു നിറയ്ക്കുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അവരുണ്ടാക്കിയ സാധനം നാം വാങ്ങണം. അപ്പോൾ "നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുക്കുക" എന്ന വചനം അംഗീകരിക്കുന്നു.

## സാംസ്കാരികപ്രയോജനം

തൊഴിലില്ലായ്മ മനുഷ്യനെ നിരുത്സാഹപ്പെടുത്തുന്നതും, തൊഴിൽ മനുഷ്യശക്തി വളരാൻ സഹായിക്കുന്നതുമാണു്. അതു് ഉദ്യമപ്രേരണ, പ്രവൃത്തിസന്നദ്ധത, ആലോചനാശക്തി, സൃഷ്ടികൗശലം മുതലായ ഗുണങ്ങൾ കിളിർപ്പിക്കുന്നു. മതൊന്നു വിഷയകമായി, തൊഴിൽ, എഴുത്തും വായനയും കണക്കു ചേർന്ന വിദ്യാഭ്യാസത്തെക്കാൾ പ്രയോജനപ്പെടും. തൊഴിൽസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനാൽ ആത്മീയാഭിവൃദ്ധി, ആത്മനിയന്ത്രണം, ആത്മാഭിമാനം ഇവയുളവാക്കുകയാണു്.

## ആത്മശിക്ഷണം

വേണ്ടവിധം സ്വയം ശിക്ഷണം കിട്ടീട്ടില്ലാത്ത ഒരുവനു്, പട്ടിണിക്കാരെ പുലർത്തുന്ന ജോലി ഏൽക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ വഴി വിഘ്നസമൃദ്ധവും ധാരാളം സഹിഷ്ണുത ആവശ്യപ്പെടുന്നതുമാണു്. ലക്ഷ്യപ്രാപ്തിക്കു നാം നമ്മുടെ ജീവനെക്കൂടി ഉപേക്ഷിക്കേണ്ടിവരും. "നിനക്കുള്ളതെല്ലാം വിററു പാവങ്ങൾക്കു കൊടുക്കുക" എന്നതു് "എല്ലാ ലൗകികസമ്പാദ്യങ്ങളെയുമുപേക്ഷിച്ചു ജീവിതം പാവങ്ങൾക്കുവേണ്ടി വിനിയോഗിക്കുക" എന്നു വ്യാഖ്യാനിക്കണം. ഇതനുസരിച്ചു പ്രവർത്തിക്കാൻ നമ്മൾ എത്രപേർക്കു സമ്മതമുണ്ടു്. വിളവു ധാരാളം; എന്നാൽ ജോലിക്കാരില്ല. നമ്മുടെ ശരീരം ഒരു ദേവാലയമാണു്. വിനിയോഗിക്കുവാൻ നമുക്കു ശക്തികളുമുണ്ടു്. ആ ശക്തി നമ്മുടെ സ്വന്തം ഭോഗത്തിനു വിനിയോഗിക്കയാണെങ്കിൽ ദേ

## പകവീട്ടുന്നു

—ഠ—

പുത്തമന

പുകയുമെന്നാത്മാവിൻമുഴുസിരപോലും<br>
പകവീട്ടാനുള്ളപാവേശാൽ!<br>
'അടിമ'യെക്കൊന്നു കുഴിയിൽമൂടമീ-<br>
യുടമയോടെൻറ പകവീട്ടാൻ!<br>
പകവീട്ടാ ഞാനാ'ച്ചങ്ങല'യിൽനിന്നും<br>
പകലിൻചൈതന്യംപുകയുമ്പോൾ!!<br>
കുടിലിൽക്കുട്ടികൾ കൊടിയുമായെത്തും<br>
കൊടിയയാതനകരുതാതെ!<br>
മരണരംഗിൻ'തീ'യിലവർമുതിപ്പെട്ടു-<br>
മഭിമാനംനേടാനൊരാട്ടം!!!

* * * *

അടിമത്തത്തിൻെറയടിയിൽനീറുമ-<br>
ക്കുടിലിനുററത്തെ മിഴിനീരിൽ<br>
ഒരുതുള്ളി;യെൻറ തരുണജീവിത-<br>
മെരിയുമ്പോൾ,പകക്ഷകരായില്ലേ...?<br>
അനുമതി,ഞാനിക്കുണ്ഠികജീവിതം<br>
മതിമതിയെന്നു പറയുവാൻ!

—ഠ—

വങ്കിൻെറ ക്ഷേത്രം കള്ളന്മാരുടെ ഗുഹയായിമാററുന്ന പാപമാണുചെയ്യുന്നതു്.

## യഥാർത്ഥമതം

ദേവാലയത്തിലെ ദീർഘപ്രാർത്ഥനകൊണ്ടു് മതത്തിൻെറ ആരംഭമോ അവസാനമോ ആകുന്നില്ല. ചുററുമുള്ള പാവങ്ങളെ സഹായിക്കുന്നതിലാണു്, യഥാർത്ഥ ഈശ്വരാരാധന പരിണമിക്കേണ്ടതു്. ടാഗോർ പറയുന്നതു കേൾക്കുക:—"മന്ത്രങ്ങളും ഗാനങ്ങളും ജപങ്ങളും വിടുക; കണ്ണുതുറന്നു ദൈവം നിൻെറ മുമ്പിലില്ലെന്നു കാണുക; കൃഷിക്കാരൻ നിലമുഴന്നിടത്തും; വഴിവെട്ടുകാരൻ കല്ലുപൊട്ടിക്കുന്നിടത്തുമാണല്ലോ ഹം; അദ്ദേഹം അവരുടെകൂടെ വെയിലത്തും മഴയത്തും നടക്കുന്നു; അദ്ദേഹത്തിൻെറ വസ്ത്രം പൊടിപററിയിരിക്കുന്നു; നിൻെറ പട്ടു് അഴിച്ചു അദ്ദേഹത്തെപ്പോലെ പൊടിയിലേക്കിറങ്ങുക."

## ഉപസംഹാരം

എങ്ങോട്ടുതിരിഞ്ഞാലും നടക്കുന്ന അസ്ഥിപഞ്ജരവും, ദാരിദ്ര്യം, രോഗം, അജ്ഞത, ക്ഷാമം ഇവ കണ്ണിൽപെടും. ആരും ഇഷ്ടപ്പെടാത്ത വർത്തമാനമാണിതു്. എന്നാൽ ഇൻഡ്യ നമ്മെ അറിയിക്കുന്നതിതുമാണു്. ഭാരതത്തിൻെറ ആഹ്വാനം ബധിരഹൃദയങ്ങളിൽ പതിക്കുമോ? നമ്മുടെ ലൗകികസുഖങ്ങളെ അലട്ടാതെ ഒരു ആദർശത്തേയും അനുകരിപ്പാൻ സാദ്ധ്യമല്ല. കുരിശു ചുമക്കണമെന്നു പറഞ്ഞതുകൊണ്ടു് വിലങ്ങനെ വച്ചിരിക്കുന്ന രണ്ടു കമ്പുകളെ പൂജിക്കണമെന്നർത്ഥമില്ല. സുഖത്തിനും ആഡംബരത്തിനും ഹേതുഭൂതങ്ങളായ എല്ലാററിനേയും, കുടുംബത്തേയും സ്നേഹിതന്മാരേയുംപോലുമുപേക്ഷിച്ചു്, ജീവനുവേണ്ടി ജീവൻ ബലികഴിക്കുന്ന മനസ്ഥിതിയാണു വേണ്ടതു്. ഭാരതത്തിൻെറ ആഹ്വാനത്തെ ചെവിക്കൊള്ളുന്നു എങ്കിൽ നാം സർവ്വവുമുപേക്ഷിച്ചു ഗ്രാമീണരെ സേവിക്കണം. സാധനനിർമ്മാണത്തിലും വിററഴിക്കുന്നതിലും അവരെ സഹായിക്കണം. കഴിയുന്നിടത്തോളം അവർ നിർമ്മിച്ച സാധനങ്ങളെ ഉപയോഗിക്കാവൂ. അങ്ങനെ ചെയ്താൽ "വിശ്വസ്തനായ ഭൃത്യാ, നീ ചെയ്തതു നന്നായി; യജമാനൻെറ സന്തോഷത്തിലേക്കു കടന്നാലും; എന്തെന്നാൽ എൻെറ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നീ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു" എന്ന ക്ഷണം നമുക്കു ലഭിയ്ക്കും.

(ഇലന്തൂർ സി. എൻ. രാഘവൻനായർക്കു് പകർപ്പവകാശം)

—ഠ—


## സ്വാമിരാമതീർത്ഥൻ

(രണ്ടും മൂന്നും ഭാഗങ്ങൾ)

വില രൂ. 1 ണം. 1ർ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.



## ആനലേലം

### പ്രത്യേകഅറിയിപ്പു്

രാജകീയലായത്തിൽനിന്നും 5 ആനകളെ 30-10-1123-ൽ ലേലംചെയ്യുന്നതായി ഈ പത്രപംക്തികളിൽ പരസ്യംചെയ്തിട്ടുള്ളതാകുന്നു.

എന്നാൽ സന്ദർഭവശാൽ അവയിൽനിന്നും രണ്ടു കൊമ്പനാനകളെ ടി ലേലത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ളതും ശേഷിച്ച താഴെവിവരിക്കുന്ന മൂന്നു ആനകളെമാത്രം മുമ്പു പരസ്യംചെയ്തിട്ടുള്ളതനുസരിച്ചു് ഈ മാസം 30-ാംനു-കാലത്തു 11 മണിക്കു് രാജകീയലായത്തിൽവച്ചു ലേലംചെയ്യുന്നതുമാകുന്നു.

| | ജാതി | വയസ്സു് | പൊക്കം |
|---|---|---|---|
| ഉണ്ണികൃഷ്ണൻ | കൊമ്പൻ | 20 | 8′ 2″ |
| മീനാക്ഷി | പിടി | 25 | 6′ 9½″ |
| ത്രിപുരസുന്ദരി | ടി | 16 | 7′ |

ക്യാപ്ററൻ വി. കെ. പ്രഭാകരൻതമ്പി,

ലായം കാര്യക്കാർ.



ഊരാലാ ഷുഗർ വർക്ക്സ് ക്രൂടുതലായി ഉണ്ടാക്കിക്കൊണ്ടിരിയ്ക്കുന്നു...




നിങ്ങളുടെ വില്പനക്കാരനോടോ ഡി.സി.എം. സ്റ്റോറിലോ ചോദിക്കുക

അന്വേഷിക്കേണ്ടും മേൽവിലാസം — ദ ഡൽഹി ക്ലോത്ത് & ജനറൽ മിൽസ് കമ്പനി ലമിററഡ്

ADARTS (DELHI) LTD. DCM. 75 ML

# പലസ്തീൻ

—o—

## ജനീൻ പിടിച്ചെന്നും ഇല്ലെന്നും

യരുശലേം ജൂൺ ൩—ഐക്യരാഷ്ട്രപലസ്തീൻ മദ്ധ്യസ്ഥനായ ബർണഡോട്ട് പ്രഭു ഇന്നു അറബിനേതാക്കന്മാരുമായും യഹൂദനേതാക്കന്മാരുമായും വീണ്ടും സംഭാഷണങ്ങൾ ആരംഭിച്ചു. അദ്ദേഹം സിറിയനും ലെബനീസും നേതാക്കന്മാരെ സന്ദർശിച്ചു. അനന്തരം ഹൈഫയിലെത്തി യഹൂദവിദേശകാര്യമന്ത്രി മി: മോഷെ ഷെർട്ടോക്കിനെക്കണ്ടു സംഭാഷണം നടത്തി. യഹൂദരുടെ കുടിപ്പാർപ്പുകാര്യമാണ് സന്ധിക്കു വിഘാതമായിരിക്കുന്നതു്.

യരുശലേമിൽ അറബികൾ പുതിയ നഗരം തകർത്തുവരുന്നു. ടെലവീവിനു ൩൦ മൈൽ കടലിൽനിന്നു ഈജിപ്ഷ്യരെ തുരത്തിവിട്ടതായി യഹൂദർ അവകാശപ്പെടുന്നു. വെടിനിർത്തലിനുള്ള തീയതി പെട്ടെന്നു നിശ്ചയിക്കുമെന്നു മദ്ധ്യസ്ഥൻ പ്രസ്താവിച്ചിരിക്കുന്നു.

അമൻ ജൂൺ ൩—യരുശലേമിനു ൩൦ മൈൽ വടക്കുള്ള ജനീൻ എന്ന സുപ്രധാന അറബിക്കൈവശനഗരത്തിന്റെ നേർക്കു കവചിതവാഹനങ്ങളുംകൊണ്ടു യഹൂദർ അത്യുഗ്രമായ ഒരാക്രമണം നടത്തുകയും ഇറാക്കിസേന അതു തുരത്തിവിടുകയും ചെയ്തതായി അറബിറിപ്പോർട്ടുകൾ കാണുന്നു. ൩൦൦-ൽപരം യഹൂദർ കൊല്ലപ്പെട്ടതായി പറയുന്നു. എന്നാൽ ന്യൂയോർക്ക്റേഡിയോ പ്രസ്താവിച്ചതു് യഹൂദസേന ജനീൻ കൈവശപ്പെടുത്തിയെന്നാണ്.

### ഈജിപ്ഷ്യൻകപ്പലുകളെ തുരത്തിയെന്നു്

ഹൈഫ ജൂൺ ൪—ഇസ്രായിൽ നാവികസേനയിലെ കപ്പലുകളും ടെലവീവ് തീരപീരങ്കികളും യഹൂദവിമാനസേനയും ചേർന്നു നടത്തിയ ഒരു സംയുക്തപ്രവർത്തനത്തിൽ രണ്ടുമണിക്കൂറിന്നു മുമ്പ് നാലു ഈജിപ്ഷ്യൻ കപ്പലുകൾ ടെലവീവിനടുത്തുള്ള തീരത്തിന്റെനേർക്കു നടത്തിയ ആക്രമണത്തെ പരാജയപ്പെടുത്തിയെന്നു ഒരു യഹൂദകമ്മ്യൂണിക്കെയിൽ പറയുന്നു.

മദ്ധ്യപൂർവ്വദേശത്തേക്കുള്ള സകല യുദ്ധസാമഗ്രികയററുമതികളും ബ്രിട്ടൻ നിരോധിച്ചിരിക്കുന്നു.

### രക്ഷാസമിതിയോഗം മാററിവച്ചു

പലസ്തീനിലെ ഐക്യരാഷ്ട്രമദ്ധ്യസ്ഥനിൽനിന്നുള്ള ഒരു സന്ദേശത്തെപ്പററി പര്യാലോചിക്കുവാൻ ഇന്നു വിളിച്ചുകൂട്ടിയിരുന്ന രക്ഷാസമിതിയുടെ ഒരു വിശേഷാൽ യോഗം തിങ്കളാഴ്ചത്തേക്കു മാററിവച്ചിരിക്കുന്നു. ഇതിനിടയ്ക്കു പലസ്തീനിൽ ഒരു വെടിനിർത്തൽ കൈവരുത്തുന്നതിനുള്ള തന്റെ ശ്രമങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ രക്ഷാസമിതി ഈ മദ്ധ്യസ്ഥനോടു നിർദ്ദേശിച്ചിരിക്കുന്നു. (റായിട്ടർ)

# ഹൈദ്രബാദ് ഡെലിഗേഷൻ ഡെൽഹിയിലെത്തി

## ഹൈദ്രബാദ് പ്രധാനമന്ത്രി പണ്ഡിതനെഹ്റുവിനെയും മി: വി. പി. മേനോനെയും സന്ദർശിച്ചു

ന്യൂഡെൽഹി, ജൂൺ ൩—ഹൈദ്രബാദ് ഡെലിഗേഷൻനേതാവും സംസ്ഥാനപ്രധാനമന്ത്രിയുമായ മീർലയിക് അലി ഇന്നു ഇവിടെയെത്തി നാട്ടുരാജ്യവകുപ്പുസെക്രട്ടറി മി: വി. പി. മേനോനെയും അതിനുശേഷം ഇന്ത്യാപ്രധാനമന്ത്രി പണ്ഡിത ജവഹർലാൽനെഹ്റുവിനെയും സന്ദർശിച്ചിരിക്കുന്നു. ചർച്ചകൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. മീർലയിക് അലിയെ കൂടാതെ ഇന്നു വൈകുന്നേരം ഡെൽഹിയിലെത്തിയ ഹൈദ്രബാദ് ഡെലിഗേഷന്റെ കൂട്ടത്തിൽ നൈസാമിന്റെ ഭരണകാര്യഉപദേഷ്ടാവായ സർ വാൾട്ടർമാങ്ക്ടനും ഹൈദ്രബാദ് ഡെപ്യൂട്ടിപ്രധാനമന്ത്രി മി: പിംഗളവെങ്കിട്ടരാമറെഡ്ഡിയും മജ്ലിസ്മന്ത്രി മി: അബ്ദുൽറഹിമും ഉൾപ്പെടുന്നു. ഹൈദ്രബാദ് വിടുന്നതിനുമുമ്പു് സർ മാങ്ക്ടൻ ഇന്നു കാലത്തു നടന്ന ഹൈദ്രബാദ് മന്ത്രിസഭായോഗത്തിൽ പ്രത്യേകക്ഷണപ്രകാരം സന്നിഹിതനായിരുന്നു. ഇന്നലെ ഉച്ചയ്ക്കാരംഭിച്ചതും അർദ്ധരാത്രിക്കുശേഷം നീണ്ടുനിന്നതുമായ മന്ത്രിസമിതിയുടെ ദീർഘയോഗത്തിന്റെ തുടർച്ചയാണ് ഇന്നത്തെ യോഗം നടന്നതു്.

### ഇന്ത്യയുടെ ഏററവും കുറഞ്ഞ വ്യവസ്ഥകൾ

ഇന്ത്യാഗവ: കഴിഞ്ഞ പ്രാവശ്യം നൈസാമിനു നൽകിയ നിർദ്ദേശങ്ങളുടെകൂട്ടത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു. ഡിഫൻസും വിദേശകാര്യവും കമ്മ്യൂണിക്കേഷനും ഇന്ത്യൻയൂണിയനു വിട്ടുകൊടുക്കണം. നൈസാമിന്റെ സ്ഥിരസേനാബലം ൨൦൦൦൦ ആയി കുറവുചെയ്യണം. ഇന്ത്യാഗവൺമെന്റിനു അതിന്മേൽ മേൽനോട്ടഅധികാരമുണ്ടായിരിക്കണം. സ്ഥിരസേനയല്ലാത്തുള്ള സകലതിനെയും സംസ്ഥാനത്തെ അർദ്ധസൈനിക സംഘടനകളെയും ഒന്നടങ്കം പിരിച്ചുവിടുകയും അടിയന്തിരാവസ്ഥകളിൽ ഹൈദ്രബാദിൽ ഇന്ത്യൻയൂണിയൻവക പട്ടാളങ്ങളെ അവിടെ നിർത്താൻ അനുവദിക്കുകയുംചെയ്യണം. മുസ്ലിം-അമുസ്ലിം സ്ഥാനതുല്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു ഒരു ഇടക്കാലമന്ത്രിസഭ രൂപവൽക്കരിക്കണം. ൬൦ ശതമാനം അമുസ്ലീമും ൪൦ ശതമാനം മുസ്ലീമും എന്ന അനുപാതികത്തിൽ ഒരു കൺസ്റ്റിറ്റുവന്റ്അസംബ്ലി ഏർപ്പെടുത്തണം. സർവ്വീസുകളിലും ൬൦-൪൦-നകം ആ ശതമാനക്കണക്ക് നടപ്പിൽ വരുത്തിയിരിക്കണം.

### സ്ഥിരം ഉടമ്പടിക്കും തയാറാണ്

ഡിഫൻസ്, വിദേശകാര്യം, കമ്മ്യൂണിക്കേഷൻസ് എന്നീ കാര്യങ്ങളിൽ താഴെക്കാണുന്ന വ്യവസ്ഥയിന്മേൽ ഹൈദ്രബാദുമായി സ്ഥിരമായ ഒരടിസ്ഥാനത്തിന്മേലുള്ള ഉടമ്പടിക്കു ഇന്ത്യാഗവൺമെന്റു ഒരുക്കമാണെന്നു ഇവിടെ കരുതപ്പെടുന്നു. ഡിഫൻസിനെ സംബന്ധിച്ചിടത്തോളം ഹൈദ്രബാദ് ഗവണ്മെന്റു ഇന്ത്യൻയൂണിയനിൽ നിലവിലിരിക്കുന്നതോ കാലാകാലത്തിൽ ഡൊമിനിയൻ പാർലമെന്റിൽ പാസ്സാക്കുന്നതോ ആയ നിയമങ്ങൾ ഹൈദ്രബാദ് നിയമസഭമുഖാന്തിരം നിയമമാക്കേണ്ടതാണ്. ഇതു ചെയ്യുന്നില്ലെങ്കിൽ ഇന്ത്യാഗവൺമെന്റിനു ആ സംസ്ഥാനത്തു തങ്ങളുടെ നിയമനിർമ്മാണങ്ങൾ ഉർജ്ജിതത്തിൽവരുത്താൻ അധികാരമുണ്ടായിരിക്കും. അങ്ങിനെയുള്ള നിയമങ്ങൾ ഹൈദ്രബാദ് നിയമസഭ ഭേദഗതി ചെയ്യുന്നതായാൽ ആ ഭേദഗതികളെ അസാധുവാക്കുവാനും തൽസ്ഥാനത്തു യൂണിയൻപ്രദേശത്തെ സംഗതനിയമങ്ങൾ ഏർപ്പെടുത്തുവാനും അധികാരമുണ്ടായിരിക്കണം. സംസ്ഥാനസേനാബലം ൨൦൦൦൦-ആയി കുറവു ചെയ്യുന്നതിനുപുറമേ അതിനുള്ള ആയുധങ്ങളും ഇന്ത്യാഗവ. സപ്ലൈ ചെയ്യുന്നതുമാണ്.

—o—

# ദിവാൻ ചമൻലാലിന്റെ പ്രസ്താവന

ബോംബെ ജൂൺ ൩ ടർക്കിയിലെ ഇൻഡ്യൻ സ്ഥാനപതിയായി നിയമിക്കപ്പെട്ടിട്ടുള്ള ദിവാൻ ചമൻലാൽ കോൺഗ്രസ് മന്ദിരത്തിലെ സ്വീകരണസമ്മേളനത്തിൽവെച്ചു് ഇപ്രകാരം പ്രസ്താവിച്ചു. "മഹാത്മാഗാന്ധി നൽകീട്ടുള്ള മാർഗ്ഗദർശനംമുഖേന മാത്രമേ ലോകരാഷ്ട്രസംവിധാനത്തിൽ സമുന്നതമായ സ്ഥാനം നേടുവാൻ ഇൻഡ്യയ്ക്കു സാധിക്കുകയുള്ളൂ. ലോകത്തിലെ മറേറതൊരു രാജ്യത്തെക്കാളും വിഭവസമൃദ്ധമാണ് ഭാരതം. ഈ വിഭവങ്ങളെ പ്രയോജനപ്പെടുത്താൻ അമേരിക്കയിലും റഷ്യയിലും ഉള്ളതിനേക്കാൾ ആളുകൾ ഇവിടെയുണ്ട്. നമ്മുടെ വിഭവങ്ങൾ സമ്പൂർണ്ണമായി വികസിക്കയാൽ പ്രാബല്യംകൊണ്ടും പ്രശസ്തികൊണ്ടും ഇൻഡ്യയോടെതിരിടുവാൻ മറെറാരു രാഷ്ട്രവും ലോകത്തിലുണ്ടായിരിക്കയില്ല" (യൂ-പി)

—o—

# ടർക്കി ഡിഫൻസ്മന്ത്രിയുടെ രാജി

ഇസ്താംബൂൾ ജൂൺ ൩—ടർക്കിഷ് ഡിഫൻസ്മന്ത്രി രാജിവച്ചു. കഴിഞ്ഞ സെപ്തംബറിലാണ് അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിച്ചതു്. (റായിടർ)

—o—

# സർ മൂഡിയെ പിരിച്ചുവിടണം

—o—

## മുസ്ലിംലീഗുകക്ഷി ആവശ്യപ്പെടുന്നു

ലാഹോർ ജൂൺ ൩—പശ്ചിമപഞ്ചാബ് ഗവർണ്ണരായ സർ ഫ്രാൻസിസ് മൂഡിയെ പിരിച്ചുവിടണമെന്നും തൽസ്ഥാനത്തു മി: ഫിറോസ്ഖാൻനൂനിനെ ഗവർണ്ണരായി നിയമിക്കണമെന്നും മുസ്ലിംലീഗുകക്ഷി മി. ജിന്നായോടു ആവശ്യപ്പെട്ടിരിക്കുന്നതായി അറിയുന്നു. (യു. പി. ഐ.)

—o

# സുഡാൻ ഭരണപരിഷ്കാരനിർദ്ദേശം

—o—

## ഈജിപ്റ്റ് നിരസിച്ചു

കെയ്റോ, ജൂൺ ൩—ഈജിപ്ഷ്യൻ സെനററ് വിദേശബന്ധക്കമ്മിററി സുഡാന്റെ ഭരണപരിഷ്കാരം സംബന്ധിച്ച ബ്രി: നിർദ്ദേശങ്ങൾ നിരസിച്ചിരിക്കുന്നു.

—o—

# കൂട്ടത്തോടെ കീഴടങ്ങാൻ

—o—

## കാഷ്മീരിൽ കൊള്ളക്കാരുടെ ആലോചന

ശ്രീനഗർ, ജൂൺ ൩-കാഷ്മീരിലെ സമരഗതി ഇന്ത്യൻസേനയ്ക്കു അനുകൂലതരമായി വരികയാണെന്നും രണ്ടുമാസത്തിനകം കൊള്ളക്കാർ ഒന്നൊഴിയാതെ തുരത്തപ്പെടുമെന്നും ഷെയിക്ക് മുഹമ്മദ് അബ്ദുള്ള ഒരു സൈനികപരേഡിൽ പ്രസ്താവിച്ചു.

പാകിസ്ഥാനിൽനിന്നും ക്രമികമായി ലഭിച്ചുകൊണ്ടിരുന്ന സഹായസഹകരണങ്ങൾ നിലച്ചുതുടങ്ങിയെന്നും അതുമൂലം ലഹളക്കാർ ഏററവും അസംതൃപ്തരും അസ്വസ്ഥരും ആയിട്ടുണ്ടെന്നും വലിയൊരു സംഘട്ടനത്തിനു ഇടകൊടുക്കാതെ കൂട്ടത്തോടെ കീഴടങ്ങാൻപോലും അവർ ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും വിശ്വസനീയമായ വിവരം കിട്ടിയിട്ടുണ്ട്. യു. പി.

—o—

# 'സ്വാതന്ത്ര്യഉടമ്പടി'

—o—

## ഫ്രഞ്ച്ഇൻഡോചൈനയിൽ ഉണ്ടായെന്നു്

സയ്ഗാൺ, ജൂൺ ൩—ഫ്രഞ്ച് ഇൻഡോചൈനയിലെ ഫ്രഞ്ച് ഹൈക്കമ്മീഷണരും ജനറൽഷുവാന്റെ നേതൃത്വത്തിലുള്ള വിയററ്നാം എന്നു പറയപ്പെടുന്ന ഗവൺമെന്റും തമ്മിൽ 'ഒരു സ്വാതന്ത്ര്യഉടമ്പടി' ഒപ്പുവച്ചിരിക്കുന്നതായി ഫ്രഞ്ച് ന്യൂസ്ഏജൻസി റിപ്പോർട്ടുചെയ്തിരിക്കുന്നു. ഈ ഉടമ്പടിയിൽ ഫ്രാൻസിനുവേണ്ടി ഫ്രഞ്ച് ഹൈക്കമ്മീഷണരും 'വിയററ്നാം' ഗവൺമെന്റിനുവേണ്ടി ജനറൽഷുവാനും അന്നാം എക്സ്ചക്രവർത്തി ബാവോഡായിയുമാണു ഒപ്പുവച്ചതു്. സാമ്പത്തികവും സൈനികവും നയതന്ത്രപരവുമായ കാര്യങ്ങൾസംബന്ധിച്ച ഒത്തുതീർപ്പിനു വീണ്ടും സംഭാഷണങ്ങൾ നടത്തുന്നതാണ്. (റായിട്ടർ)

—o—

# ഗ്രീസ് തയാറാകുന്നു

—o

## അൽബേനിയായുമായി സന്ധിചെയ്യാൻ

ലണ്ടൻ ജൂൺ ൪—അൽബേനിയായുമായി ഒരു സമാധാനഉടമ്പടിക്കു ആലോചന നടത്തുവാൻ ഗ്രീസ് സന്നദ്ധമാണെന്നു ഐക്യരാഷ്ട്രബാൾക്കൻകമ്മിഷനോടു ഗ്രീസ് പ്രസ്താവിച്ചിരിക്കുന്നു. ൧൯൪൦-ൽ ഇററലി ഗ്രീസ് ആക്രമിച്ചപ്പോൾ അന്നത്തെ അൽബേനിയൻ ഗവണ്മെന്റു ഗ്രീസിനോടു യുദ്ധം പ്രഖ്യാപിച്ചു. ഇന്നും അൽബേനിയായുമായി ഒരു യുദ്ധാവസ്ഥ നിലവിലിരിക്കുന്നതായിട്ടാണ് ഗ്രീസ് കരുതുന്നതു. കമ്മ്യൂനിസ്ററു ജനറൽ മാർക്കോസിന്റെ നേതൃത്വത്തിലുള്ള ഗ്രീക്ക് ഒളിപ്പോരുപ്രസ്ഥാനപ്രശ്നത്തിനുള്ള ഒരു പരിഹാരമത്രെയാണ് ബാൾക്കൻസിന്റെ സമാധാനം ആശ്രയിച്ചിരിക്കുന്നതു്.

—o—

# ശ്രീ: രാജഗോപാലാചാരി തിരിച്ചെത്തി

കല്ക്കട്ട ജൂൺ ൩—ന്യൂഡെൽഹിയിലേക്കുപോയിരുന്ന ബംഗാൾഗവർണ്ണർ ശ്രീ: സി. രാജഗോപാലാചാരി ഇന്നു കൽക്കട്ടായിൽ തിരിച്ചെത്തിയിരിക്കുന്നു. (എ-പി)

# പാകിസ്ഥാൻ ന്യൂനപക്ഷാവകാശങ്ങൾ

കറാച്ചി ജൂൺ ൩—പാകിസ്ഥാൻ കൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ന്യൂനപക്ഷകമ്മിററി ജൂൺ 25-ാംനു കൂടുന്നു. ന്യൂനപക്ഷാവകാശത്തിനുള്ള ഒരു പ്രമാണം തയാറാക്കിയേക്കുമെന്നു കരുതപ്പെടുന്നു.


# ടാക്കീസു

കൊല്ലംലക്ഷ്മിടാക്കീസിൽ
മഹത്തായ മൂന്നാംവാരം
ററി. ആർ. മഹാലിംഗം, എം. വി. രാജമ്മ തുടങ്ങിയ പ്രശസ്തതാരങ്ങൾ അഭിനയിച്ച
**ജ്ഞാനസൗന്ദരി**
എന്ന പുതിയ തമിഴ്ചിത്രം

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
റോഡ്കാമറോൺ, ജേൻമാർഷ് നടിച്ച
**ഡസർട്ട്ഏജൻറ്**
ഏഴു ഭാഗമുള്ള ഇംഗ്ലീഷ്സീരിയൽ ചിത്രം

ചവറ കെ. സി. ടാക്കീസിൽ
ഇന്നുരാത്രി! 7-നും 10-നും
മിസ് ഠവേമ്മ, മനോരമ, ഇസ്മൽ മുതൽപേർ അഭിനയിച്ച
**ഖജാൻജി**

ആലപ്പുഴ
ശ്രീമാട്ടിടാക്കീസിൽ
8-5 1948 മുതൽ
**ചന്ദ്രലേഖ**
എന്ന ഏററവും നവീനവും ററി. ആർ. രാജകുമാരി, എം. കെ. രാധ, രഞ്ജൻ, സുന്ദരീബായ്, കൃഷ്ണൻ, മധുരം അഭിനയിച്ചതുമായ ചിത്രം.

# ഹൈദ്രബാദ് ഗവ: ഹിതപരിശോധനയ്ക്കു സമ്മതിച്ചേക്കും

## സംഭാഷണങ്ങൾ പരാജയപ്പെടുന്നപക്ഷം

### നൈസാം സമർപ്പിച്ച പ്രതിനിർദ്ദേശങ്ങൾ

(എ. പി. ഐ.)

ഹൈദ്രബാദ്, ജൂൺ ൧൩—ഇപ്പോഴത്തെ ഇൻഡോ ഹൈദ്രബാദ് സ്തംഭനത്തിനു പരിഹാരമുണ്ടാക്കുവാനുള്ള ശ്രമങ്ങൾ പരാജയത്തിൽ കലാശിക്കുന്നപക്ഷം ഒരു ഹിതപരിശോധന നടത്തണമെന്നുള്ള ഇന്ത്യാഗവൺമെന്റിന്റെ മുൻനിർദ്ദേശം ഹൈദ്രബാദ് ഗവൺമെന്റു സ്വീകരിച്ചേക്കുമെന്നു ഇവിടെ വിശ്വസനീയമായി അറിയുന്നു. പുതിയ ഇന്ത്യൻനിർദ്ദേശത്തിനുള്ള നൈസാംഗവൺമെന്റിന്റെ മറുപടി ഇന്ത്യാഗവൺമെന്റിനു സ്വീകാര്യമാകുന്നില്ലെങ്കിൽ ഇപ്രകാരമൊരു നിർദ്ദേശം സമർപ്പിക്കുവാൻ ഡൽഹിയിലെ ഹൈദ്രബാദ് ഡെലിഗേഷനെ നൈസാംഗവൺമെന്റു അധികാരപ്പെടുത്തിയിരിക്കുന്നതായറിയുന്നു. നൈസാമിന്റെ പ്രതിനിർദ്ദേശങ്ങൾ സ്വീകരിക്കപ്പെടുന്നപക്ഷം പരമമായ ഒരു ഒത്തുതീർപ്പിനു ഇന്ത്യാഗവൺമെന്റുമായി 'സ്വതന്ത്രമായ ധാരണ'യിലേർപ്പെടുവാനും ഡെലിഗേഷനെ അധികാരപ്പെടുത്തിയിരിക്കുന്നു.

#### ഹൈദ്രബാദിന്റെ പ്രതിനിർദ്ദേശങ്ങൾ

താഴെകാണുന്നവയാണ് ഹൈദ്രബാദ്ഗവൺമെന്റിന്റെ പ്രതി നിർദ്ദേശങ്ങൾ.—ഇന്ത്യാഗവൺമെന്റ് ആവശ്യപ്പെടുന്നതുപോലെ ഡിഫൻസ്, വിദേശകാര്യം, കമ്മ്യൂണിക്കേഷൻസ് എന്നീ മൂന്നു വിഷയങ്ങളും കൈമാറുവാൻ നൈസാംഗവൺമെന്റു തയാറാണ്. എന്നാൽ ഈ മൂന്നു വിഷയങ്ങളും സംബന്ധിച്ച് ഇന്ത്യൻയൂണിയനിൽ ചെയ്യുന്ന നിയമനിർമ്മാണങ്ങൾ, സംസ്ഥാനനിയമസഭ അതുപോലെയുള്ള നിയമങ്ങൾ ഏർപ്പെടുത്താതെയിരിക്കുകയോ അതു ഭേദഗതി ചെയ്യുകയോ ചെയ്യുന്നതായാലും നടപ്പിൽ വരുത്തണമെന്ന വകുപ്പിനോടു യോജിക്കുവാൻ നിവൃത്തിയില്ല. ഈ നില സ്വീകരിക്കുവാൻ ഇന്ത്യാഗവൺമെന്റിനു നിവൃത്തിയില്ലെങ്കിൽ ഹിതപരിശോധനയെന്ന മുൻനിർദ്ദേശം സ്വീകരിക്കുവാൻ നൈസാംഗവൺമെന്റു ഒരുക്കമാണ്. അങ്ങിനെവന്നാൽ നൈസാം ഇപ്പോഴത്തെ നിശ്ചലകരാറിന്റെ കാലാവധി നീട്ടുവാൻ ആവശ്യപ്പെട്ടേക്കും. ഈ കരാർ അവസാനിക്കുന്ന നവംബറിനുമുമ്പു ഹിതപരിശോധനയ്ക്കുള്ള ഏർപ്പാടുകൾ പൂർത്തിയാകുവാനിടയില്ലെന്നു നൈസാംഗവ: കരുതുന്നതുകൊണ്ടാണ് ഈ കാലാവധിനീട്ടൽ ആവശ്യപ്പെടുന്നതു്.

—o—

### ഫിൻലന്റിന്റെ നഷ്ടപരിഹാരത്തുക

—o—

#### റഷ്യ ഇളവുചെയ്തു

ഹെൽസിങ്കി ജൂൺ ൧൩—യുദ്ധവിരാമസമാധാനഉടമ്പടികളനുസരിച്ച് ഫിൻലന്റിൽനിന്നു ചെല്ലാനുള്ള നഷ്ടപരിഹാരത്തിന്റെ ഒരംശം റദ്ദാക്കുവാൻ സോവിയറ്റ്‌യൂണിയൻ തീരുമാനിച്ചിരിക്കുന്നതായി ഫിനിഷ് വിദേശകാര്യാലയം ഇന്നു പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരം റദ്ദാക്കിയ നഷ്ടപരിഹാരത്തുക ൭ കോടി ഡാളർ വരും. ഫിനിഷ് മന്ത്രിസഭയിലെ മൂന്നു കമ്മ്യൂണിസ്റ്റുമന്ത്രിമാരുടെ ശ്രമഫലമാണിതു്. ഹെൽസിങ്കിയിൽ ഈ സോവിയറ്റുതീരുമാനം സ്വാഗതംചെയ്യപ്പെടുന്നു. ൧൯൪൮ മുതൽ അഞ്ചു വർഷക്കാലത്തേക്ക് ൩൦ കോടി ഡാളർ വിലയുള്ള ചരക്കുകൾ ൧൯൩൮-ലെ വിലയനുസരിച്ച് ഫിൻലന്റു സോവിയറ്റ്‌റഷ്യയ്ക്കു കൊടുത്തുതീർക്കണമെന്നായിരുന്നു നഷ്ടപരിഹാരവ്യവസ്ഥ. റഷ്യയുടെ ഈ തീരുമാനത്തെ ജൂലൈ ആദ്യം ഫിൻലന്റിൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ കമ്മ്യൂണിസത്തെ സഹായിക്കുന്നതിനുള്ള ഒരു രാജ്യതന്ത്രമായി ഒരു കൂട്ടർ വ്യാഖ്യാനിക്കുന്നുണ്ടു്. (റായിട്ടർ)

### സഹ്രവർദിയുടെ തടങ്കലിൽ

—o—

#### സ്റ്റിയറിംഗ്കമ്മിററിയുടെ പ്രതിഷേധം

ലണ്ടൻ, ജൂൺ ൧൩—അവിഭക്തബംഗാൾപ്രധാനമന്ത്രിയായിരുന്ന മി: എച്ച്. എസ്. സുഹ്രവർദിയെ തടങ്കലിൽവയ്ക്കുന്നുള്ള ഉത്തരവിൽ ലണ്ടനിലെ ഇൻഡോ-പകിസ്ഥാൻ ഐക്യമുന്നണി സ്റ്റിയറിംഗ്കമ്മിററി ഇന്നലെ ഒരു യോഗംകൂടി ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. കിഴക്കേബംഗാളിൽ സാമുദായികസൗഹാർദ്ദം സ്ഥാപിക്കുവാനുള്ള അദ്ദേഹത്തിന്റെ ആദരണീയ ദൗത്യം നിറവേറവുവാൻ മി: സുഹ്രവർദിയെ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഒരു സന്ദേശം കിഴക്കേബംഗാൾപ്രധാനമന്ത്രിക്കു അയക്കാനും കമ്മിററി തീരുമാനിച്ചു.

#### ഡാക്കാ സർവ്വകലാശാലവിദ്യാർത്ഥികളുടെ പ്രതിഷേധം

ഡാക്കാ, ജൂൺ ൧൩-മി: സുഹ്രവർദിയുടെ മേലുള്ള തടങ്കൽഉത്തരവിൽ ഡാക്കാ യൂണിവേഴ്സിററിവിദ്യാർത്ഥികൾ പ്രതിഷേധിക്കുകയും അന്യായമായ ആ ഉത്തരവു് റദ്ദാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഖവാജാ നാസിമുദ്ദീൻ മന്ത്രിസഭയുടെ സത്വരമായ രാജിയും ആവശ്യപ്പെട്ടിരിക്കുന്നു. (ഏ. പി)

—o—

### അഭയാർത്ഥികളെ പാർപ്പിക്കാൻ

#### ബംഗാൾഗവൺമെന്റിന്റെ പദ്ധതി

കൽക്കട്ട ജൂൺ ൧൩—കിഴക്കേപകിസ്ഥാനിൽനിന്നുള്ള ഒരുലക്ഷം അഭയാർത്ഥികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു പശ്ചിമബംഗാൾ ഗവൺമെന്റു ൫ ലക്ഷം ഏക്കർ ഭൂമി പൊന്നുംവിലയ്ക്കെടുക്കുവാൻ ഉദ്ദേശിക്കുന്നു. പ്രവിശ്യയിൽ ഇപ്പോൾ ൧൨ ലക്ഷത്തോളം അഭയാർത്ഥികളുണ്ട്. ഇതിൽ ആറരലക്ഷം കല്ക്കട്ടയിലെ ഒരുലക്ഷമുൾപ്പെടെ നാഗരത്തിനു പുറമെയുള്ള വ്യാവസായികപ്രദേശങ്ങളിൽ ഉള്ളവരാണ്. അവിടങ്ങളിലെ അഭയാർത്ഥികൾക്കു കല്ക്കട്ടയിൽ ആയിരം ചെറിയ കെട്ടിടങ്ങൾ പശ്ചിമബംഗാൾ ഗവ: നിർമ്മിക്കുന്നുണ്ട്. അഭയാർത്ഥി കർഷകർക്കും കരകൗശലപ്പണിക്കാർക്കും ൧൦ ലക്ഷം രൂപ വായ്പനൽകുവാനും ഗവ: ഉദ്ദേശിക്കുന്നു:—ഏ. പി.

—o—

### അടുത്ത ഇന്ത്യൻ കാൺസ്റ്റിട്യുവന്റ് അസംബ്ളിയോഗം

ന്യൂഡൽഹി ജൂൺ ൧൨—അടുത്ത ഇന്ത്യൻ കോൺസ്റ്റിട്യുവന്റ് അസംബ്ളിയോഗം ജൂലായി ൧൪-ാംതീയതി ആരംഭിക്കുന്നതാണ്.

o—

### ഡീഡേയുടെ നാലാംവാർഷികം

പോർട്ട്സ്മത്ത് ജൂൺ ൧൩—നാലുവർഷത്തിനുമുമ്പ ജർമ്മൻ കൈവശവൻകരകളുടെ നേർക്കുള്ള ആക്രമണത്തിനായി രണ്ടരലക്ഷം ഭടന്മാർ നാർമണ്ഡീതീരത്തു് ഇറങ്ങിയതു് ഈ ദിവസമായിരുന്നു. ഡീഡേ എന്നറിയുന്നതു് വിമോചനദിവസമെന്നറിയപ്പെടുന്ന ഡെലിവറൻസ്ഡേയാണ്. അതിന്റെ നാലാംവാർഷികം ഇന്നു പോർട്ട്സ്മത്തിൽവച്ചു് ബ്രി: ഇംപീരിയൽ സ്റ്റാഫ്മേധാവി ഫീൽഡ് മാർഷൽ മാണ്ട്ഗോമറി സമുൽഘാടനം ചെയ്തിരിക്കുന്നു. അദ്ദേഹം തദവസരത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ നാം യുദ്ധം ജയിച്ചുവെന്നും എന്നാൽ ഇതിന്റെ ഫലം സമാധാനം നഷ്ടമാവുകയോണോയെന്നും നമ്മുടെ ആളുകളെ ബലികഴിച്ചതു് വെറുതെയാണോയെന്നും നാം നമ്മുടെ നിരവധി സഹോദരങ്ങളെ ബലികഴിക്കേണ്ടിവന്നതുപോലെയുള്ള മറെറാരു യുദ്ധമാണോ വരാൻപോകുന്നതെന്നും അതു സംഭവിക്കാൻ ഒരുകാലത്തും നമുക്കു അനുവദിക്കാവുന്നതല്ലെന്നും പറഞ്ഞിരിക്കുന്നു. പാരീസിൽ ഫ്രഞ്ചു പ്രസിഡന്റ് ഈ വാർഷികദിനംസംബന്ധിച്ച ഒരു അനുസ്മരണയോഗത്തിൽ പങ്കെടുത്തു. (റായിട്ടർ)

—o—

### യു. പി. യിൽ ൧൦൦൦൦ ആയി വർദ്ധിച്ചു

ലക്നൗ, ജൂൺ ൧൨-കാൺഗ്രസ്സിന്റെ അച്ചടക്കം ലംഘിച്ചതിനു ശിക്ഷണനടപടിക്കു വിധേയരായിട്ടുള്ള കാൺഗ്രസ്സുകാരുടെ എണ്ണം യു. പി. യിൽ പതിനായിരത്തഞ്ഞൂറായി വർദ്ധിച്ചിരിക്കുന്നു.

### മൗലികതത്വങ്ങളിൽ

—o—

#### ശ്രദ്ധചെലുത്തണമെന്നു നെഹ്റു

ന്യൂഡെൽഹി, ജൂൺ ൧൩—മൗലികതത്വങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും അപ്രധാനമായ കാര്യങ്ങളിൽശ്രദ്ധവച്ചു ദേശീയശക്തി ശിഥിലമാക്കാതിരിക്കുവാനും ഇന്ത്യാപ്രധാനമന്ത്രി പണ്ഡിതജവഹരിലാൽനെഹ്റു പ്രവിശ്യാകാൺഗ്രസ്സ്കമ്മിററിയുടെ ആഭിമുഖ്യത്തിൽ ഇവിടെവച്ചു നടന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് ഇന്ത്യയിലെ ജനങ്ങളോട് വികാരനിർഭരമായി ഉൽബോധിപ്പിച്ചിരിക്കുന്നു. ഇന്ത്യാഗവൺമെന്റിനെ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ പൊതുജനങ്ങൾ സഹകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിക്കുന്നു. തന്റെ നേതൃത്വത്തിലുള്ള ഗവ: ദേശീയവും ജനകീയവുമായ ഒരു ഗവൺമെന്റാണെന്നു അദ്ദേഹം പ്രഖ്യാപിച്ചു. ജനങ്ങൾക്കു വേണ്ടിയും ജനങ്ങളുടെ ആജ്ഞയനുസരിച്ചുമാണു ഞങ്ങൾ അധികാരം സ്വീകരിച്ചതു്. ജനങ്ങൾക്കു ഞങ്ങൾ യോഗ്യരല്ലെന്നു വിചാരമുണ്ടെങ്കിൽ ഈ ഗവൺമെന്റിനെ മാററാവുന്നതാണ്. കാഷ്മീരിനെപ്പററി അദ്ദേഹം പറഞ്ഞതു് പകിസ്ഥാൻ കൊള്ളക്കാരെ സഹായിക്കുന്നുവെന്നാണ്. എന്തു സംഭവിച്ചാലും ഇന്ത്യ കാഷ്മീരിന്റെകൂടെ നിലകൊള്ളുമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഹൈദ്രബാദിനെ പരാമർശിച്ചു അദ്ദേഹം പറഞ്ഞതു് ആ രാജ്യത്തിനു ഇന്ത്യൻയൂണിയനിൽ ചേരാതെ ഗത്യന്തരമില്ലെന്നാണ്. കൂടിയാലോചനകൾകൊണ്ടു അതുണ്ടായില്ലെങ്കിൽ മററു മാർഗ്ഗങ്ങളവലംബിക്കുവാനും ഇന്ത്യ ഒരുക്കമാണ്. ഇൻഡ്യൻനാട്ടുരാജ്യങ്ങളിൻ ഹൈദ്രബാദ്ഒഴിച്ചു് എല്ലായിടത്തും ഉത്തരവാദഭരണതത്വം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ്‌കുതന്ത്രങ്ങൾ ഉണ്ടായെങ്കിലും ഇതു ഇന്ത്യൻദേശീയത്വത്തിനു വൻവിജയമാണെന്നും അദ്ദേഹം പറഞ്ഞു. ഗവർണ്ണർജനറൽ മൗണ്ട്ബാററൺപ്രഭുവിനേയും ഗവർണ്ണർജനറലായിവരുന്ന ശ്രീ: രാജഗോപാലാചാരിയേയും അദ്ദേഹം പ്രശംസിച്ചു. പബ്ലിക്ക സർവ്വീസിൽനിന്നു് അഴിമതി ഉച്ചാടനംചെയ്യുവാൻ പൊതുജനസഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു. (ഏ-പി)

### എം. എ. ഖുറോയുടെമേലുള്ള എങ്കയറി ആരംഭിച്ചു

#### കുററപത്രത്തിൽ അല്ലാബക്ഷിനെ വധിച്ച കാര്യവും ഉൾപ്പെടുന്നു

കറാച്ചി ജൂൺ ൧൩—മുൻപു് സിൻഡ് പ്രധാനമന്ത്രിയായിരുന്ന മി. എം. എ. ഖുറോയുടെ മേൽ ദുർഭരണം, നടപടിപിശക്, അഴിമതി, കൃത്യവിലോപം തുടങ്ങിയ കുററങ്ങൾ സംബന്ധിച്ച എങ്കയറി സിൻഡ്ഗവർണ്ണർ ഏർപ്പെടുത്തിയ ഒരു സ്പെഷ്യൽകോടതിയിൽ ഇന്നു സമാരംഭിച്ചിരിക്കുന്നു. കുററങ്ങളുടെ വിവരങ്ങളടങ്ങിയ ൩൭ പേജുള്ള ഒരു കുററപത്രം കോടതിയിൽ സമർപ്പിച്ചിരിക്കുന്നു. കുററങ്ങളുടെ കൂട്ടത്തിൽ മുൻപു സിൻഡ് പ്രധാനമന്ത്രിയായിരുന്ന മി: അല്ലാബക്ഷിനെ വധിച്ചതുസംബന്ധിച്ചുള്ള കേസുകളിൽ അന്വേഷണം നടത്തുകയും മററും ചെയ്ത പോലീസ് ആഫീസറന്മാരെ ക്രൂരമായി ശിക്ഷിച്ചതിനു മററു മി: ഖുറോയുടെ മേൽ ആരോപണങ്ങളും അടങ്ങിയിരിക്കുന്നു (ക-പി)

—o—

### 'ഇന്ത്യ സംസാരിക്കുന്നു'

—o—

#### ബ്രിട്ടനിൽ പ്രദർശിപ്പിക്കുന്നു

ലണ്ടൻ ജൂൺ ൧൪—൧൫ വർഷത്തേക്ക് ബ്രിട്ടനിൽ പ്രദർശിപ്പിക്കരുതെന്നു നിരോധിക്കപ്പെട്ടിരുന്ന ഇന്ത്യ സംസാരിക്കുന്നു എന്ന ഫിലിം ലണ്ടൻ സദസ്സിനു പ്രദർശിപ്പിക്കുന്നതാണ്. പ്രായപൂർത്തിയായവരുടെ സദസ്സിൽ പ്രദർശിപ്പിക്കുവാൻ ലണ്ടൻ കൗണ്ടികൗൺസിൽ ഇതിനുലൈസൻസ് നൽകിയിട്ടുണ്ട്. മററു കൗൺസിലുകളും ഇപ്രകാരം ലൈസൻസ് നൽകുവാനിടയുണ്ട്. എന്നാൽ ബ്രി: ഫിലിംബോർഡ് സെൻസറന്മാർ ഈ ഫിലിം അംഗീകരിക്കാൻ വിസമ്മതിക്കുന്നു. മുഖ്യകാരണം ഇന്ത്യയിൽനിന്നുള്ള ബ്രി: പിന്മാററത്തെ ചിത്രീകരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നുവെന്നതാണ്. (റായിട്ടർ)

# വയോജന വിദ്യാഭ്യാസം

കിരമത്തു ഹരിഹരൻ

മനുഷ്യവർഗ്ഗത്തിന്റെ ചരിത്രം പരിശോധിച്ചാൽ വ്യഷ്ടിജീവിതത്തിൽനിന്നും സമഷ്ടിജീവിതത്തിലേക്കുള്ള ക്രമാനുഗതമായ പുരോഗതികാണാൻ കഴിയും. പുരാതനകാലങ്ങളിൽ, നഗ്നരായി, വനങ്ങളിൽ അങ്ങിങ്ങ് അലഞ്ഞുനടന്ന്, പച്ചമാംസവും കായ്കനികളും ഭക്ഷിച്ച് മരച്ചുവട്ടിലും വള്ളിക്കുടിലുകളിലും വിശ്രമം നേടിയ ആ അപരിഷ്കൃതവർഗ്ഗംതന്നെയാണ്, ഇന്ന് പ്രകൃതിശക്തികളെ നിയന്ത്രിച്ച്, അവയെ തങ്ങളുടെ സുഖജീവിതത്തിനനുകൂലമായവിധത്തിൽ പ്രവർത്തിപ്പിച്ച്, ആനന്ദം നിറഞ്ഞ അന്തരീക്ഷത്തിൽ ജീവിക്കുന്നതെന്നോർക്കുമ്പോൾ നാം അത്ഭുതാധീനരാകുന്നു. അന്നത്തെ അപരിഷ്കൃതാവസ്ഥയിൽനിന്നും ഇന്നത്തെ പരിഷ്കൃതജീവിതത്തിലേക്ക് മനുഷ്യവർഗ്ഗത്തെ നയിച്ചത്, ദൈവദത്തമായ ബുദ്ധിവിശേഷവും, വിദ്യാഭ്യാസജന്യമായ സംസ്കാരവുമാണ്. ആഹാരം, വിശ്രമം, സന്താനോല്പാദനം, എന്നീ മൂന്നുകാര്യങ്ങൾമാത്രം ജീവിതാവശ്യങ്ങളായിക്കരുതിപ്പോന്ന ആ മനുഷ്യക്കരടുകളുടെ—നമ്മുടെ പ്രപിതാമഹന്മാരുടെ—നിലയും അവരുടെ, സന്താനപരമ്പരയിൽപെട്ട നമ്മുടെ നിലയും തമ്മിലുള്ള അന്തരം തീർച്ചയായും വിദ്യാഭ്യാസം വരുത്തിവച്ചതാണ്. അതായത്, അടിയ്ക്കടി പുരോഗമനോന്മുഖമായ നമ്മുടെ ജീവിതരീതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണ്.

എന്നാൽ, മേല്പറഞ്ഞ സുഖസമൃദ്ധി ഇന്നും സാമാന്യജനങ്ങളിലേക്ക് വ്യാപിച്ചിട്ടില്ല. നമ്മുടെ ഗ്രാമങ്ങളിലേയ്ക്കൊന്നു കണ്ണോടിക്കുക. രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യമോ, ഭരണകൂടങ്ങളുടെ തകിടംമറിച്ചിലോ, സാമ്പത്തികപരിപാടികളോ, 'ഇസ'ങ്ങളുടെ തള്ളിക്കയറ്റമോ ഒന്നും ഗ്രാമീണന്റെ ജീവിതത്തെ സ്പർശിച്ചിട്ടുപോലുമില്ല. അവനെ സംബന്ധിച്ചിടത്തോളം ലോകമെന്നതു സ്വന്തം ഗൃഹവും തൊഴിൽസ്ഥലവും മാത്രം. ജീവിതോദ്ദേശം അരച്ചാൺ വയർ നിറയ്ക്കണം, അതിനുവേണ്ട തൊഴിൽ ചെയ്യണം; അതിൽ കവിഞ്ഞില്ല. ഭാവിയെപ്പററി അവനു ചിന്തയില്ല.

ഈ ഗ്രാമീണനാണ് രാഷ്ട്രത്തിന്റെ ജീവൻ, അവന്റെ പ്രയത്നഫലമാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. അവന്റെ സർവ്വതോമുഖമായ അഭിവൃദ്ധിയാണ് രാഷ്ട്രത്തിന്റെ അഭിവൃദ്ധി.

എല്ലാ അഭിവൃദ്ധികളുടേയും നിദാനം, സാക്ഷരതയും തജ്ജന്യമായ സംസ്കാരവുമാണ് എന്നു മുൻപു പറഞ്ഞുവല്ലോ. അതുകൊണ്ട് സാക്ഷരതാപ്രചരണത്തിൽ അടിയുറച്ച ഒരു ഭരണകൂടമല്ലാതെ, പുരോഗമനോന്മുഖമെന്നോ ജനായത്തമെന്നോ ഉള്ള പേരിനർഹമല്ലതന്നെ.

എന്നാൽ ഈ പ്രശ്നം അത്ര എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നല്ല. വിദ്യാഭ്യാസം നിർബന്ധമാക്കിയതുകൊണ്ടോ, ഒരു ക്ലിപ്തവയസ്സിനകത്തുള്ള എല്ലാവരും പള്ളിക്കൂടത്തിൽ പോയിരിക്കണമെന്ന നിയമംമൂലം നിർബന്ധിച്ചതുകൊണ്ടോ മാത്രം നിരക്ഷരതയെ നിശ്ശേഷം നശിപ്പിക്കാൻ സാധിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ, അതു കേവലം വ്യാമോഹമാണ്. കാരണം, നമ്മുടെ നിരക്ഷരർ ഭൂരിപക്ഷവും പ്രായമായവരും ദരിദ്രരുമാണ്. ജീവസന്ധാരണത്തിനുവേണ്ടി തൊഴിൽചെയ്യുന്ന അവരോട് പള്ളിക്കൂടത്തിൽപോയി പഠിക്കാൻപറഞ്ഞാൽ അവർ തീർച്ചയായും അനുസരിക്കുകയില്ല. അതുകൊണ്ട് കാര്യക്ഷമമായ വേറെ മാർഗ്ഗം അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഒരാൾ എല്ലാ സമയത്തും ജോലിചെയ്യേണ്ടവനല്ല. വിശ്രമമില്ലാത്ത തൊഴിൽ ആർക്കുമില്ല. അങ്ങനെ ലഭിക്കുന്ന വിശ്രമസമയങ്ങൾ, ദുർവൃത്തികൾക്കായി ഉപയോഗിക്കാതെ, സംസ്കാരസമ്പാദനത്തിനുവേണ്ടി ചെലവഴിക്കാനുള്ള മനോഭാവം ഓരോ നിരക്ഷരനിലും ഉളവാക്കുകയെന്നതാണ് നമ്മുടെ പ്രഥമകൃത്യം. തനിക്കും മററുള്ളവരെപ്പോലെതന്നെ സുഖമായി ജീവിക്കണമെന്നും ലോകകാര്യങ്ങളറിയണമെന്നും ഉത്തമപൗരനായിത്തീരണമെന്നും അവനൊരഭിനിവേശമുണ്ടായാൽ നമ്മുടെ ഉദ്ദേശംസാധിതപ്രായമായി. പിന്നീട് വിശ്രമസമയങ്ങളെ അവന്റെ അഭിലാഷപൂരണത്തിനുള്ള മാർഗ്ഗങ്ങളിലേക്ക് തിരിക്കണം. രാത്രിയോ, പകലോ സൗകര്യംപോലെ അവനുവേണ്ടി ക്ലാസുകൾ നടത്തണം. എഴുതാനും വായിക്കാനുമറിഞ്ഞാൽ വർത്തമാനപ്പത്രങ്ങളും ഗ്രന്ഥങ്ങളും വായിച്ചു ലോകകാര്യങ്ങൾ ഗ്രഹിക്കുന്നതിന് അവനെ പ്രേരിപ്പിക്കണം. ആരോഗ്യപ്രദമായ ജീവിതരീതിയിൽ അവന്റെ ശ്രദ്ധ ചെലുത്തണം. ഇത്രയും കാര്യങ്ങൾ സാധിച്ചാൽ നാം നിരക്ഷരതയോട് പടപൊരുതി ജയിച്ചെന്നു പറയാം. വയോജനവിദ്യാഭ്യാസപ്രചരണത്തിനുള്ള മാർഗ്ഗങ്ങൾ വിശദമായി ഇനിയൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

നിരക്ഷരതയോട് മല്ലിട്ടു വിജയം വരിച്ച, അമേരിക്ക, റഷ്യ, ഡന്മാർക്ക്, ഫിലിപ്പൈൻസ് മുതലായ രാജ്യങ്ങളുടെ ചരിത്രം നമുക്ക് ധൈര്യം തരുന്നു. ഇൻഡ്യയിൽ ൧൯൪൧-ലെ സെൻസസ് പ്രകാരം സാക്ഷരതാശതമാനം ൧൪ ആണ്. നാം അഞ്ചോ ദശാബ്ദങ്ങളിലെ പുരോഗതി പരിശോധിച്ചാൽ അറിയാം. പത്തു കൊല്ലംകൊണ്ട് സാക്ഷരതയിൽ കാണുന്ന അഭിവൃദ്ധി ഒരു ശതമാനം മാത്രമാണെന്ന്. ഇങ്ങനെ വിദ്യാഭ്യാസപരമായി ഇൻഡ്യ ലോകത്തിലെ മറ്റേതു രാഷ്ട്രത്തേക്കാളും പിന്നണിയിലാണ് നിൽക്കുന്നത്. ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ നാം കഴിയുന്നതുംവേഗം ഈ ന്യൂനത പരിഹരിച്ചില്ലെങ്കിൽ അതു നമ്മുടെ പുരോഗതിക്കു മുൻപിൽ വിലങ്ങടിച്ചു നിൽക്കുമെന്നതു തീർച്ചയാണ്.

തിരുവിതാംകൂറിന്റെ നില ഇൻഡ്യയിലെ മററുഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കൂടുതൽ അഭിവൃദ്ധ്യുന്മുഖമായി തോന്നാമെങ്കിലും ൪൭ ശതമാനം സാക്ഷരതയുണ്ടെന്നുള്ളത് നമുക്കു അത്ര അഭിമാനകരമൊന്നുമല്ല. നാം നമ്മുടെ നില കൂടുതൽ നന്നാക്കാൻ ശ്രമിക്കുകയാണുവേണ്ടത്. വിശേഷിച്ചും, പ്രായപൂർത്തിവോട്ടവകാശം അനുവദിച്ചുകിട്ടിയിട്ടുള്ള ഒരു നാട്ടുരാജ്യമെന്നനിലയിൽ നമ്മുടെ സാക്ഷരതയിന്റെ ആവശ്യം വർദ്ധിച്ചുവരുന്നതേയുള്ളു. അടുത്തുനടന്ന പ്രതിനിധിസഭാതെരഞ്ഞെടുപ്പിൽ പൗരാവകാശബോധത്തോടുകൂടി സ്വാഭിപ്രായമനുസരിച്ചു സമ്മതിദാനംചെയ്ത വോട്ടന്മാർ എത്രപേരുണ്ടെന്നു ആലോചിച്ചുനോക്കുക.

സാക്ഷരതാപ്രചരണത്തിൽ ഗവർമ്മെൻറിനുള്ളതുപോലെ ഗ്രന്ഥശാലകൾ, വായനശാലകൾ, നഗരസഭകൾ, ഗ്രാമസമിതികൾ ഇവയ്ക്കും അതിപ്രധാനമായ ചുമതലയുണ്ട്. മേല്പറഞ്ഞ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയല്ലാതെ ഏതൊരു ഗവർമ്മെൻറിനും തങ്ങളുടെ ഉദ്യമം സഫലമാക്കാൻ സാദ്ധ്യമല്ല.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ഒരു വയോജനവിദ്യാഭ്യാസപദ്ധതി ചുവടെ ചേർക്കുന്നു.

൧) ഓരോ ഗ്രാമത്തിലും ചുരുങ്ങിയതു പത്തു നിരക്ഷർക്ക് ഓരദ്ധ്യാപകൻ എന്നരീതിയിൽ ഒരു സന്നദ്ധസംഘം ഏർപ്പെടുത്തണം. ഈ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് തിരുവിതാംകൂറിൽ കുറഞ്ഞപക്ഷം മൂന്നു പരിശീലനകേന്ദ്രങ്ങളെങ്കിലും ഉണ്ടായിരിക്കണം. അതായതു് ഒരു ഡിവിഷന് ഒന്നുവീതം.

൨) അദ്ധ്യാപകന്മാരുടെ പരിശീലനകാലം ഒരു മാസമായിരിക്കേണ്ടതും അക്കാലത്തു് അവർക്ക് വേതനംനൽകേണ്ടതുമാണ്. ഈ വേതനം ഗവണ്മെൻറും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ, വായനശാലകളോ നൽകാവുന്നതാണ്.

൩) പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ സാക്ഷരതാപ്രചരണത്തിനു നിയോഗിക്കേണ്ടതും, അവർ ആത്മാർത്ഥയോടെ സേവനമനുഷ്ഠിക്കേണ്ടതുമാണ്. അവർക്ക് ശമ്പളം കൊടുക്കണം.

൪) നിരക്ഷരർ ഭൂരിപക്ഷം തൊഴിലാളികളും കർഷകരുമായതുകൊണ്ട് അവരുടെ സൌകര്യമുദ്ദേശിച്ച് ക്ലാസ്സുകൾ രാത്രിയിൽ നടത്തുന്നതായിരിക്കും നല്ലതു. വായനശാലകളിലോ, വിദ്യാലയങ്ങളിലോ, ഗ്രാമമന്ദിരങ്ങളിലോ, വച്ചു ക്ലാസുകൾ നടത്താവുന്നതാണ്. ആവശ്യമുള്ള വിളക്കുകൾ ഉണ്ടായിരിക്കണം.

൫) പഠിക്കാൻ വരുന്ന വയോജനങ്ങൾക്ക് പുസ്തകം സ്ലേററ് മുതലായവ സൌജന്യമായി വിതരണംചെയ്യണം.

൬) അക്ഷരജ്ഞാനം തീരെയില്ലാത്തവർ, കുറച്ചു പഠിച്ചു പിന്നീടു വിട്ടവർ എന്നു നിരക്ഷരരെ രണ്ടുതരമായി തിരിക്കണം. രണ്ടാമതു പറഞ്ഞതരം ആളുകളെയും നിരക്ഷരരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണം എന്തെന്നാൽ അവർ പഠിച്ചതു ഉപയോഗമില്ലാതെ മറന്നിരിക്കും. മേല്പറഞ്ഞ രണ്ടുതരം ആളുകൾക്കും പ്രത്യേകം ക്ലാസ്സുനടത്തണം.

൭) ഒരു ക്ലാസിൽ പത്തുവയോജനങ്ങളിൽ കവിയാൻ പാടുള്ളതല്ല. അങ്ങനെ ആയാൽ മാത്രമേ അദ്ധ്യാപകന് ഓരോ വ്യക്തിയിലും പ്രത്യേകം ശ്രദ്ധ ചെലുത്താൻ സാധിക്കയുള്ളു.

൮) മിക്കവാറും നാലുമാസംകൊണ്ട് അക്ഷരജ്ഞാനം, അതായതു് എഴുതുക, വായിക്കുക, കണക്കുകൂട്ടുക, എന്നീകാര്യങ്ങൾ സമ്പാദിക്കാൻ സാധിക്കും. എന്നാൽ നമുക്ക് അതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടുകൂടാ. വർത്തമാനപ്പത്രങ്ങൾ ചെറിയ ചെറിയ ഗ്രന്ഥങ്ങൾ, പ്രസംഗങ്ങൾ റേഡിയോ മുതലായവയിൽകൂടി അവരുടെ അറിവിനെ വർദ്ധിപ്പിക്കാൻ സഹായിക്കയാണ് പിന്നെ നമ്മുടെജോലി.

ഈ കാര്യത്തിൽ അദ്ധ്യാപകൻ ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ ഇന്നു പ്രചാരത്തിലുള്ള വർത്തമാനപത്രങ്ങൾ തന്നെ, സാമാന്യവിദ്യാഭ്യാസം സിദ്ധിച്ച ഒരാൾക്കു വായിച്ചു ഗ്രഹിക്കാൻ സാധിക്കാത്തവയാണ്. അവ അക്ഷരജ്ഞാനം മാത്രം ഉള്ള ഒരാൾക്കു ഉപയോഗിക്കാൻ വിഷമമാണെന്നു പറയേണ്ടതില്ലല്ലോ. തന്മൂലം പ്രധാന വാർത്തകൾ തെരഞ്ഞെടുത്തു ലളിതവും സുഗ്രാഹ്യവുമായ ഭാഷയിൽ അവ വിവരിച്ചു ഒരു പ്രത്യേകം വർത്തമാനപ്പത്രം അദ്ധ്യാപകൻ എഴുതിയുണ്ടാക്കണം.

വാർത്തകൾ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ അദ്ധ്യാപകൻ ചില സംഗതികൾ ശ്രദ്ധിക്കേണ്ടതുണ്ട്. വായനക്കാരുടെ അഭിരുചിയാണ് പ്രധാനം കർഷകന് കൃഷിസംബന്ധമായ കാര്യങ്ങൾ, കച്ചവടക്കാരനു വിപണികളിലെ വിലനിരക്കു, ഫാക്ടറിത്തൊഴിലാളിക്ക് അവന്റെ സംഘടനാപരവും കൂലി ബോണസ്സ് മുതലായവയെ സംബന്ധിച്ചതുമായ കാര്യങ്ങളും അറിയാനാണ് കൂടുതൽ ആഗ്രഹമുണ്ടാകുക. അങ്ങനെയുള്ള വാർത്തകൾ ശേഖരിക്കുന്നതോടൊപ്പം, ആരോഗ്യപരമായ സംഗതികൾ, ഭരണസംബന്ധമായ കാര്യങ്ങൾ ഇവയും സാധാരണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ വിവരിച്ചിരിക്കണം.

൯) നിരക്ഷരരായ സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് പരിശീലനം സിദ്ധിച്ച സ്ത്രീവാളന്റിയർമാർ ഉണ്ടായിരിക്കണം. അവരുടെ ക്ലാസ്സ പകൽതന്നെ, അതായതു് നാലുമണിക്കുശേഷം ആറുമണിക്കു മുൻപായി നടത്തുന്നതാണ നല്ലതു്.

൧൦) വയോജനങ്ങളെ പഠിപ്പിക്കാൻ കുട്ടികളെപഠിപ്പിക്കുന്ന പുസ്തകങ്ങൾ ഉപയോഗിക്കരുതു്. ആവശ്യമുള്ള അക്ഷരങ്ങളും, ഉപയോഗമുള്ള വാക്കുകളും മാത്രം പഠിപ്പിച്ചാൽ മതിയാകും. അക്ഷരമാലയിൽ നാം പഠിക്കുന്ന എല്ലാഅക്ഷരങ്ങളും ഉപയോഗമുള്ളവയല്ല. കുട്ടികൾക്ക് ധാരാളം സമയമുള്ളതുകൊണ്ട് എല്ലാം പഠിക്കട്ടെ. നമുക്ക് അതിനു സമയമില്ല. നാഷണൽ ക്രിസ്ത്യൻ കൌൺസിലിന്റെ വയോജന വിദ്യാഭ്യാസപ്രവർത്തകനായ—റവ: ജെ. ഡബ്ളിയു റസാലം, ബി, എ; ബി. ഡി. അവർകൾ മലയാളത്തിൽ കുറെ പാഠമാലകൾ നിർമ്മിച്ചിട്ടുണ്ട്. ഡാ: ലാ-ബാച്ചിന്റെ രീതിപിടിച്ചെഴുതിയിട്ടുള്ള ആ പുസ്തകങ്ങൾ വയോജനങ്ങളെ പഠിപ്പിക്കാൻ ഉതകുന്നവയാണെന്ന് ഞാൻ അനുഭവംകൊണ്ട് അറിഞ്ഞിരിക്കുന്നു.

അടുത്തകാലത്തു മദ്രാസ് ഗവണ്മെൻറ് വയോജന വിദ്യാഭ്യാസത്തിലേക്കു തങ്ങളുടെ ശ്രദ്ധതിരിച്ചിട്ടുണ്ട്. അദ്ധ്യാപകപരിശീലനകേന്ദ്രങ്ങൾ, റൂറൽകാളേജുകൾ, വയോജനവിദ്യാലയങ്ങൾ മുതലായ വിപുലപരിപാടികളടങ്ങിയ ഒരു പദ്ധതിയാണ് ഗവണ്മെൻറ് ആസൂത്രണംചെയ്തിരിക്കുന്നതു്. ഓരോഗ്രൂപ്പിനും മൂന്നുകൊല്ലത്തെ കോഴ്സാണ് നിശ്ചയിച്ചിരിക്കുന്നതു്. ഇത്തരം ഒരു കോഴ്സ് സാക്ഷരതാപ്രചരണത്തിനു കാലദൈർഘ്യം വരുത്തുമെന്നു തീർച്ചയാണ്. മാത്രമല്ല അദ്ധ്യാപകരുടെ ദൗർല്ലഭ്യവും അനുഭവപ്പെടും. തിരുവിതാംകൂറിനു ഇത്രവലിയ പദ്ധതികൾ ഇന്നത്തെനിലക്കു നടപ്പിലാക്കാൻ സാധിക്കുമോ എന്നു സംശയമാണ്. തന്നിമിത്തം ഇവിടെ കവിഞ്ഞതു ഒരു കൊല്ലത്തെ കോഴ്സ് മതിയാകും. മേൽപറഞ്ഞരീതിയിൽ പ്രവർത്തിച്ചാൽ മൂന്നുകൊല്ലത്തിൽ കുറഞ്ഞകാലം കൊണ്ടു നമ്മുടെ നാട്ടിലെ നിരക്ഷരപ്രശ്നം പരിഹരിക്കപ്പെടുകയും നൂറുശതമാനം സാക്ഷരതാം സ്ഥാപിതമാകയും ചെയ്യുമെന്നാണ എന്റെ വിശ്വാസം. അഭ്യസ്തവിദ്യരായ യുവജനങ്ങൾ ആത്മാർത്ഥമായ സേവനസന്നദ്ധതയോടെ മുന്നിട്ടിറങ്ങി പ്രവർത്തിച്ചാൽ, ഗവണ്മെൻറ വായനശാലകളും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും അവരെ സഹായിച്ചാൽ, ഈ പദ്ധതി നിഷ്പ്രയാസം നടപ്പിലാക്കുന്നതാണ്......

—o—

## ൧00 രൂപാ പ്രതിഫലം
### അതിശയിക്കത്തക്ക ശക്തിയടങ്ങിയ സിദ്ധകവചം

വളരെ ശക്തിയടങ്ങിയതു്. ഏററവും പ്രയാസമേറിയ സംഗതിയും ഈ "ഗുപ്തഭാഷികർണിയന്ത്രം" കൈവശം ഇരുന്നാൽ സാദ്ധ്യമാകും. പ്രയോജനപ്പെടുത്താൻ പ്രത്യേക ബുദ്ധിമുട്ടുകൾ ഇല്ലാ. പ്രത്യേകം വ്യക്തികളെ സ്വാധീനംചെയ്യുക, ഉച്ചഭാവമുള്ള നക്ഷത്രങ്ങളെ ജയിക്കുക, വിരോധികളെ അകററുക, പരീക്ഷ, വ്യാപാരം തർക്കം, ലോട്ടറി, പന്തയം, ഉദ്യോഗം, സന്താനം എന്നിവയിൽ വിജയംനേടാം. ധാരാളം പണം സമ്പാദിക്കുകയും കടത്തിൽനിന്നും വിമോചനം നേടുകയും ഭയങ്കരരോഗങ്ങളിൽനിന്നും രക്ഷപെടുകയുംചെയ്യും. നിങ്ങളെ ഒരു തികഞ്ഞ ഭാഗ്യവാനാക്കിത്തീർക്കും. ഇതു കള്ളവാണെന്നു തെളിയിക്കുന്നവർക്ക് ൧00 രൂപാ പ്രതിഫലം.

വില:—ചെമ്പിൽ ൨-൮-൦; വെള്ളിയിൽ ൩-൦-൦; തനിസ്വർണ്ണത്തിൽ രൂപാ ൨൫-൦-൦.

Shree Gurudeo Ashram No. 111
P. O. Katri Sarai (Gaya)

## നരച്ച മുടി അകററുക

ഒരു ചായപ്പൂശല്ല, ഞങ്ങളുടെ "വീരേന്ദ്രമോഹിനി വാസനതൈലം" ഉപയോഗിച്ചാൽ 60 വയസ്സായാലും നരച്ച മുടി മാറുന്നതാണ്. നര ആരംഭിച്ചിരിക്കയാണെങ്കിൽ രണ്ടു രൂപാ എട്ടണയുടെ ഒരു കുപ്പി വാങ്ങുക, കൂടുതലാണെങ്കിൽ മൂന്നു രൂപാ എട്ടണയുടെ ഒരു കുപ്പി. മുഴുവനും നരയാണെങ്കിൽ അഞ്ചു രൂപാ വിലയുള്ള കുപ്പി. ഫലപ്രദമല്ലെങ്കിൽ രണ്ടിരട്ടി വില മടക്കിക്കൊടുക്കുന്നതാണ്.

വീരേന്ദ്രാനന്ദകമാത്ര. കിടക്കുന്നതിന് ഒരുമണിക്കൂർമുമ്പു കഴിച്ചാൽ സ്തംഭനഫലം തുടരെ ഉണ്ടാകുന്നു. 40 ഗുളികകൾ രൂപാ 2. 100 ഗുളികകൾ രൂപാ 4.

ഇംഗ്ലീഷിൽ എഴുതുക:—
Indra Pharmacy No. 316
P. O. Raj Dhanwar,
**Hazaribagh**

## പഥ്യാപഥ്യം
(സവ്യാഖ്യാനം)

വ്യാഖ്യാതാ,
താമരക്കുളം ജി. കൊച്ചുശങ്കരൻവൈദ്യൻ

ആയുർവേദത്തിൽ പ്രാധാന്യം ദിനചര്യയ്ക്കാണെന്നുള്ളതു സുവിദിതമാണ്. പഥ്യം ക്രമം ശരിക്കു അനുഷ്ഠിച്ചുവന്നാൽ രോഗമേ വരികയില്ല. പഥ്യം ഇന്നതെന്നും അപഥ്യം ഇന്നതെന്നും ഇതിൽനിന്നു സൂക്ഷ്മമായി ഗ്രഹിക്കാം. വില അണ 9.

ശ്രീരാമവിലാസംപ്രസ്സ് കൊല്ലം



ഗാന്ധിജിയുടെ ചരമവാർത്ത ഇംഗ്ലണ്ടിൽ അറിഞ്ഞപ്പോൾ - ലണ്ടൻ ഇൻഡ്യാഹൗസിൽവച്ച് ഇംഗ്ലണ്ടിലെ ഇൻഡ്യാക്കാർ മഹാത്മജിയുടെ വധവാർത്ത വായിക്കുന്നു.

(രണ്ടാംപേജിൽനിന്നും തുടർച്ച)

"രാമസിംഗ്! അതൊരൊന്നുമില്ലാതാകട്ടെ. അനുജാ! ഇന്ന് നമ്മുടെ സഹോദരന്മാർ വഴിതെറ്റിക്കപ്പെട്ടിരിക്കുന്നു, പക്ഷേ, ഒന്ന് മറക്കരുത്. മനുഷ്യനും പിശാചും എല്ലാ സ്ഥലത്തും എല്ലാവരുടെ ഇടയിലുമുണ്ട്. പ്രതികാരം ചെയ്യുന്നുള്ള മനോവൃത്തി ഹിംസയുടെ സന്താനമാണ്; ഭീരുതയുടെ സഹോദരിയാണ്. ഞാൻ ഹിംസയുടെയും പ്രതികാരത്തിന്റെയും കളിപ്പാട്ടമായിത്തീരാൻ തയ്യാറില്ല. കഴിയുന്നിടത്തോളം അവയെ എതിർക്കുകതന്നെ ചെയ്യും. ബാപ്പുവിന്റെ ഉപവാസം എന്റെ ഈ നിശ്ചയത്തെ ഇരട്ടിശക്തിയോടെ ഉറപ്പിച്ചിരിക്കുന്നു. ഞാൻ എന്റെ സഹോദരന്മാരെ ഭയപ്പെട്ട് ഓടിപ്പോവുകയില്ല. നിശ്ചയം!

"പക്ഷേ, ജ്യേഷ്ഠാ! ഈ നിരപരാധികളായ ശിശുക്കൾ, സ്ത്രീകൾ, വൃദ്ധന്മാർ—" രാമസിംഗ് തൊഴുകൈകളോടെ അപേക്ഷിക്കുവാൻതുടങ്ങി—സർദാർജി തടഞ്ഞു. "അനുജാ! എഴുപതെട്ടുകഴിഞ്ഞ വയോധികനും പരമപൂജ്യനുമായ ബാപ്പുവിന്റെ ഉപവാസത്തെക്കുറിച്ചു കേട്ടതിനുശേഷവും ആരെങ്കിലും പ്രാണഭയംനിമിത്തം ഓടിക്കളയാൻ വിചാരിക്കുന്നെങ്കിൽ, ആദർശത്തിൽനിന്നും വിചലിതരാകാൻ മടിക്കുന്നില്ലെങ്കിൽ, അവർക്ക് ഇഷ്ടംപോലെ ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, ഞാൻ മാനവും ആദർശവുമുപേക്ഷിച്ച് ഈ നിഷ്ഫലമായ പ്രാണനെ രക്ഷിക്കുവാൻ ഒരുങ്ങുകയില്ലതന്നെ."

ഇത്രയുംപറഞ്ഞു മുഴുവനായില്ല. അകത്തുനിന്നും കുസുമകലികപോലെ രണ്ടു ബാലികമാർ ബഹദൂർസിംഗ്ജിയുടെ അരികിലെത്തി. "ഡാഡി! അകത്തുനിന്നും അമ്മമാരെല്ലാം പറഞ്ഞിരിക്കുന്നു, അങ്ങയുടെ ഇഷ്ടത്തിനു വിപരീതമായി, ബാപ്പുവിന്റെ ഉപദേശങ്ങൾക്കു പ്രതികൂലമായി ഞങ്ങൾ ഒരിക്കലും ഓടിപ്പോകാനാഗ്രഹിക്കുന്നില്ല. ഞങ്ങൾ ധീരതയോടെ ജീവിക്കാനും മരിക്കുവാനും സന്നദ്ധരായിരിക്കുന്നു—"

ബഹദൂർസിംഗ്ജിയുടെ മുഖം പ്രഫുല്ലമായി. പുറത്തുനിന്നും "അല്ലാ! ഹോ.! അക്ബർ!" എന്ന ഗംഭീരധ്വനി ആ വലിയ പ്രാസാദത്തെ ഒട്ടും മാറ്റൊലിക്കൊണ്ടു.

മൗലവി സാഹബിന്റെ മുഖം വിളർത്തു. ഉദ്ദേശിച്ച കാര്യം സാധിച്ചില്ലെന്നു മാത്രമല്ല, സ്വസമുദായത്തിൽ വിദ്രോഹിയെന്ന പേരിനും അധികാരിയായേക്കാനിടവന്നു. രാമസിംഗ് പെട്ടെന്നു മാറത്തു. എന്നാൽ സർദാർ ബഹദൂർ സിംഗ് സ്ഥിരനായി ശാന്തനായി നിലകൊണ്ടിരുന്നു. പുറത്തുനിന്നും, "അല്ലാഹോ അക്ബർ" ധ്വനിക്ക് ശക്തി വർദ്ധിച്ചു, വാതില്പുകൾ തകരാറായി. ആ ശബ്ദത്തിന്റെ പ്രതിധ്വനിയായി "ഹര! ഹര! മഹാദേവ!" എന്ന ജയഘോഷം ഉള്ളിലും നിറഞ്ഞു മുഴങ്ങി. അചലനായിരുന്ന സർദാർജിയുടെ മുഖം. കോപാരുണമായി. അദ്ദേഹം മുന്നിൽകണ്ട രാമസിംഗിനോടു ചോദിച്ചു "രാമസിംഗ് എന്താണാദേശം?"

സർദാർജിയുടെ ഗൃഹത്തിൽ ശരണാർത്ഥികളായിരുന്ന പുരുഷന്മാർ കൈയിൽ കിട്ടിയ ആയുധങ്ങൾ ധരിച്ച് മുമ്പിൽ നിരന്നിരുന്നു. കൂട്ടത്തിലൊരാളാണ് സർദാർജിയുടെ ചോദ്യത്തിനുത്തരം പറഞ്ഞത്. ഞങ്ങളും പോരാടും; ഈ കൂട്ടത്തെ തോല്പിച്ചോടിക്കും!"

സർദാർജിയുടെ നിറം പകർന്നു. കണ്ണുകളിൽനിന്നും തീപ്പൊരി പറന്നുതുടങ്ങി. നരച്ചുതൊടിമീശ ജൃംഭിച്ചു. "എന്റെ ഭവനത്തിൽ താമസിച്ചുകൊണ്ടു നിങ്ങൾ സ്വന്തം സഹോദരന്മാരോട് യുദ്ധംചെയ്യുവാൻ ഞാൻ അനുവദിക്കയില്ല. ആക്രമണകാരികളിലൊരാളെങ്കിലും നിങ്ങളിൽ ആരുടെ എങ്കിലും ശസ്ത്രത്താൽ മുറിവേല്പിക്കപ്പെട്ടുവെങ്കിൽ അതിനു പ്രായശ്ചിത്തംചെയ്യുന്നത് എന്റെ ജീവനായിരിക്കുമെന്നോർമ്മിച്ചുകൊള്ളണം. ആത്മരക്ഷയ്ക്കുവേണ്ടിയല്ലാതെ ഒരൊറ്റ ആയുധവും ഉപയോഗിച്ചുപോകരുത്" വജ്രപാതമായിട്ടാണ് ഈ ആജ്ഞ അവരുടെമേൽ പതിച്ചത്. അവർ അന്യോന്യം പകച്ചുനോക്കി നിന്നുപോയി.

വെളിയിൽ ഉത്സാഹം വർദ്ധിച്ചു. പെട്ടെന്നു സർദാർജി മുകളിൽ തുറന്ന സ്ഥലത്തു നില്ക്കുന്നതായി കാണപ്പെട്ടു. ആ ജനക്കൂട്ടത്തിൽ എത്രയോ പേർ സർദാർജിയുടെ ശിഷ്യന്മാരായിരുന്നു. അതിലുമധികംപേർ പരിചിതരായ മിത്രങ്ങൾ. "വെട്ടുക, വെടി വെയ്ക്കുവിൻ! കൊല്ലുവിൻ" ഇത്യാദി ശബ്ദങ്ങൾ ഗഗനഭേദികളായി ഉയർന്നു. ഒരു വെടി; ഉണ്ടതറച്ചതു്, സർദാർജിയുടെ വലതുഭുജത്തിനായിരുന്നു. പക്ഷേ അദ്ദേഹം നിന്നിടത്തുനിന്നും അനങ്ങിയില്ല. അദ്ദേഹത്തിന്റെ ഗംഭീരസ്വരം ആ ജനക്കൂട്ടത്തിന്റെ ശബ്ദത്തിനെയും കവിഞ്ഞുയർന്നു. "സഹോദരരേ! എന്റെ കുട്ടികളേ! കേൾക്കുവിൻ! ഞാൻ നിങ്ങളുടെ ശത്രുവല്ല, പരദേശിയുമല്ല; ഈ മണ്ണിൽ പിറന്നുവളർന്ന് ഇത്ര വയസ്സുമായി. ഞാൻ നിങ്ങൾക്കാർക്കും ഒരുപദ്രവവും ചെയ്തിട്ടില്ല."

"നിങ്ങൾ ഹിന്ദുവാണ്. സിക്കുകാരനാണ്. മുസൽമാന്റെ ശത്രുവാണ് നിങ്ങൾ!" ജനക്കൂട്ടം നിലവിളിച്ചു.

സർദാർജി തുടർന്നുപറഞ്ഞു. "ഞാൻ നിങ്ങളുടെ ശത്രുവാണെങ്കിൽ ഇതാ എന്റെ തുറന്ന നെഞ്ച്. എന്റെ കുടുംബക്കാർ ഇതാ ഇവിടെയുണ്ട്. നിങ്ങളിലാരെയെങ്കിലും ഏതെങ്കിലുംവിധത്തിൽ ഉപദ്രവിച്ചവർ ഈ കൂട്ടത്തിലുണ്ടെങ്കിൽ, നിങ്ങൾ അവരെ വധിച്ചുകൊള്ളുവിൻ. നിങ്ങൾ യഥാർത്ഥ മുസ്ലിം സഹോദരന്മാരാണെന്നെനിക്കറിയാം. ഇസ്ലാം മതം തന്റെ അനുയായികളെ ഭീരുക്കളാക്കുന്നില്ല. വാസ്തവത്തിൽ ഇസ്ലാമതത്തെ അറിഞ്ഞവൻ സ്വന്തം സഹോദരന്റെ നേർക്കായുധമുയർത്തുകയില്ല. വിശ്വസിച്ചവരെ ചതിക്കയില്ല. അമ്മ, പെങ്ങന്മാരുടെ മാനം നഷ്ടപ്പെടുത്തുകയില്ല"

"ഇതൊന്നും ഞങ്ങൾക്കു കേൾക്കണ്ട! നാം വന്നപണി കഴിക്കുക!" കൂട്ടത്തിൽ ഒരുത്തൻ വിളിച്ചു പറഞ്ഞു—'വാതിൽ പൊളിക്കാൻ മുന്നോട്ടുകടക്കുവിൻ" എന്ന ശബ്ദങ്ങൾ വീണ്ടും വീണ്ടും കേൾക്കപ്പെട്ടു. പക്ഷേ സർദാർജി നിശ്ചലനായി നിന്നിരുന്നു. "കുട്ടികളേ! നിങ്ങളിൽപലരും എന്റെ ശിഷ്യന്മാരാണ്. പലരേയും ഞാൻ മടിയിലിരുത്തി കളിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ ആ ശൈശവം, ഉദാരഹൃദയത്വം ഇന്നെവിടെ പോയി? കൽക്കത്തായിലെ മുസ്ലിം സഹോദരന്മാർ ഇന്ന് അത്യന്തം സുരക്ഷിതരാണ്? എന്തുകൊണ്ട്? ബാപ്പു—മഹാത്മാഗാന്ധി, തന്റെ ജീവനെ അവർക്കുവേണ്ടി പണയപ്പെടുത്തി—നിങ്ങൾ അതിനുപകരമായി, സാധുക്കളും നിർദ്ദോഷികളുമായ നിങ്ങളുടെ സഹോദരന്മാരുടെ ജീവൻ നശിപ്പിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ, ഞാൻ തടുക്കുന്നില്ല,"

"ഇതൊക്കെ തട്ടിപ്പാണ്" എന്നൊരു ശബ്ദം വീണ്ടും വിളിച്ചുപറഞ്ഞു! "തട്ടിപ്പിന്റെ ഫലം ഇന്നാ പിടിച്ചോ." എന്നൊരു പൂർവ്വപക്ഷവും, ഒരു വെടിയുടെ ശബ്ദവും ഒന്നിച്ചുകേൾക്കപ്പെട്ടു. വെടിയുണ്ട നേരേ സർദാർജിയുടെ ഹൃദയത്തിലേക്കാണ് വന്നതു്. കൊണ്ടു, കൊണ്ടില്ല എന്നായി. ഇതെന്തൊരത്ഭുതം, സർദാർജിയുടെ സ്ഥാനത്തു്, അദ്ദേഹത്തെ ബലാൽ പിന്നിലാക്കിക്കൊണ്ടു അവിടെ നിന്നിരുന്നു, മൗലവി പീർ മഹമ്മദുഖാൻ! കാളേജിലെ ഉർദുപ്രൊഫസർ. മുസ്ലിംലീഗിന്റെ ഒരു മുഖ്യനേതാവ്. ലഹളക്കാർ മിഴിച്ചുനോക്കിനിന്നുപോയി—മൗലവിയുടെ ഭുജത്തിനു താഴെനിന്നും രക്തം ധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അരികിലായി വെടിയേറ്റ കൈയിൽ നിന്നൊഴികിയ രക്തത്തിൽ കുളിച്ചു സർദാർജിയും നില്ക്കുന്നുണ്ടായിരുന്നു. മൗലവിയുടെ കണ്ണുകളിൽ ഒരപൂർവ്വജ്യോതിസ്സ് പ്രകാശിച്ചിരുന്നു. സ്വരത്തിൽ ആവേശം കലർന്നിരുന്നു." സഹോദരരേ! തിരിച്ചുപോകുവിൻ! സർദാർ സാഹബിന്റെ വീടും കുടുംബവും നമ്മുടെ തന്നെ വീടും കുടുംബവുമാണ്. അദ്ദേഹത്തിന്റെ ആജ്ഞ നമുക്കെല്ലാം ഒരുപോലെ മാനനീയവുമത്രേ! മുസൽമാൻ വിശ്വാസഘാതകനല്ലെന്നു നിങ്ങൾ കാട്ടിക്കൊടുക്കുവിൻ! മടങ്ങിപ്പോകുവിൻ."

ജനക്കൂട്ടം ശാന്തരായി, ഈ ആശ്ചര്യം നോക്കിനിന്നുപോയി. അവർക്കവരുടെ കണ്ണുകളെത്തന്നെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഇതിനിടയ്ക്കു, ഒരു ദീർഘമായ ചൂളംവിളി കേൾക്കാറായി. ഒരു സേന ആ ജനക്കൂട്ടത്തെ വളഞ്ഞുനിന്നിരുന്നു. ലഹളക്കാർ വീണ്ടും ഉത്തേജിതരായി— "ചതിച്ചു" "ചതിച്ചു" "കാണിച്ചുകൊടുക്കാം." എന്നുള്ള വിളികൾ അങ്ങുമിങ്ങുമായി കേൾക്കപ്പെട്ടു. അവർ സേനയോടു നേരിടുവാൻ തന്നെ ഒരുങ്ങി.

പെട്ടെന്നു സർദാർജിയുടെ വീട്ടുവാതിൽ തുറക്കപ്പെട്ടു. അദ്ദേഹം ഏകനായി നിർഭയനായ മൃഗരാജനെപ്പോലെ ആ ശത്രുക്കൂട്ടത്തിൽക്കൂടി നടന്നു സേനാനായകന്റെ സമീപത്തെത്തി. "കാപ്ടൻ!" അദ്ദേഹം പറഞ്ഞു. നിങ്ങളുടെ കൃപയാൽ എല്ലാം ശരിയായി. ദയവുചെയ്തു എന്റെ ഒരപേക്ഷ കേൾക്കണം."

കാപ്ടൻ ആദരവോടെ പ്രത്യുത്തരം പറഞ്ഞു. "അങ്ങയ്ക്കു മുറിവുപറ്റിയിരിക്കുന്നുവല്ലോ."

"ഹെയ്! സാരമില്ല." അദ്ദേഹം തുടർന്നു "അങ്ങ് ഈ ജനക്കൂട്ടത്തെ നിർബാധമായി പോകാനനുവദിക്കണം. അതാണെന്റെ അപേക്ഷ."

"പക്ഷേ, എന്റെ കർത്തവ്യം?" നായകൻ സംശയത്തിലായി—സർദാർജി ശങ്കാനിവാരണം ചെയ്തു. "ഇവർ നിമിത്തം എനിക്കൊരുപദ്രവമുണ്ടായിട്ടില്ല. ഈ പ്രാവശ്യം ഇവരെ പോകാൻ അനുവദിക്കണം. അതിന്റെ ഉത്തരവാദിത്വം ഞാൻ ഏല്ക്കുന്നു."

സർദാർജിയുടെ വാക്കുകൾ ആ നേതാവിനു മാനിക്കുകതന്നെ വേണ്ടിവന്നു. സർദാർജി രക്തം പ്രവഹിക്കുന്ന കൈകളുയർത്തി അഞ്ജലീബന്ധം ചെയ്തുകൊണ്ട് പറഞ്ഞു. "എന്റെ സഹോദരരേ! നിങ്ങൾ ശാന്തമായി മടങ്ങിപ്പോവുകയുമല്ലേ? നമസ്കാരം."

ആ ആക്രമണകാരികളായ ദുഷ്ടന്മാർ തലതാഴ്ത്തി ഓരോരുത്തരായിപിന്നോട്ടു വലിഞ്ഞു. സേനാസഹിതം കാപ്ടൻ ശാന്തനായി മടങ്ങിപ്പോയി. മൗലവിസാഹബും സർദാർജിയും അന്യോന്യം നിശബ്ദരായി നോക്കിനിന്നു. സർദാർജിയുടെ ഭവനത്തിനുള്ളിൽ നിന്നും ഒരു നേരിയ ശബ്ദം പുറപ്പെട്ടു.

"മഹാത്മാഗാന്ധി കീ ജയ്!"

മഹമ്മദുഖാന്റെ മുഖത്തു ഒരു മന്ദസ്മിതം പരന്നു. "മഹാത്മജിയുടെ ഉപവാസത്തിന്റെ മാറ്റൊലിയാണ് ഈ ഹൃദയത്തിൽനിന്നും പുറപ്പെട്ടതു്. സർദാർജി ശാന്തിമൂർത്തിയായി അവിടെനിന്നു. അകത്തുനിന്നും പുറത്തുനിന്നും ഗംഭീരമായി ഒരു ജയഘോഷം ഒന്നിച്ചു കേൾക്കപ്പെട്ടു.

"അഹിംസാ ദേവതാ കീ ജയ്"

"യുഗപുരുഷ ഗാന്ധീ കീ ജയ്"

രാമസിംഗ് തലകുനിച്ചു കൈകൂപ്പി നിശ്ചലനായി ഈ ദൃശ്യത്തിനു സാക്ഷിത്വം വഹിച്ചു!

—o—

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.